www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 49 | 2017 DEC 16 | ₹10



## ഫാസിസവും സ്വൂഫിസവും കൈകോർക്കുന്നതിലെ രസതന്ത്രം

ഡിസംബർ 18: ലോക അറബി ഭാഷാദിനം

## അറബി ഭാഷയും കേരളത്തിലെ വളർച്ചാ ചരിത്രവും

## ഫലസ്തീനിന്റെ മുറിവിൽ മുളകു പുരട്ടുന്ന അമേരിക്ക

ഭീകരതയും സലഫിയ്യതും: അസത്യ പ്രചാരണങ്ങളുടെ വസ്തുതയെന്ത്?

മദം പൊട്ടുന്നവരും മതം പൊളിക്കുന്നവരും || ഗദീർഖുമ്മ് മഹോത്സവം

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
04954019437, 9207525244



## വിപണിയിൽ

| | | | | | |
|---|---|---|---|---|---|
| 1 | ഇസ്‌ലാമും വ്യതിയാന കക്ഷികളും | 270 | 19 | പ്രബോധനം ഒരു മാർഗരേഖ | 125 |
| 2 | ക്വുർആൻ നാം അറിയേണ്ടത് | 70 | 20 | പ്രവാചകൻ പറഞ്ഞ കഥകൾ | 50 |
| 3 | അന്തിമ പ്രവാചകന്റെ അന്ത്യനിമിഷങ്ങൾ | 35 | 21 | ഇസ്‌ലാമിക മര്യാദകൾ | 250 |
| 4 | സ്വഹാബികൾ: അഹ്‌ലുസ്സുന്നയുടെ ആദർശം | 70 | 22 | ഇസ്‌ലാം അടിസ്ഥാന പാഠങ്ങൾ | 125 |
| 5 | ശീഇസം ജൂത സൃഷ്ടി | 50 | 23 | തൗഹീദിന്റെ മൗലികത | 80 |
| 6 | നമസ്കാരം ഇരുന്നു കൊണ്ടാവുമ്പോൾ | 50 | 24 | ഇൻഷൂറൻസ് | 60 |
| 7 | വെളിച്ചം ദുഃഖമല്ല | 25 | 25 | മദ്യം | 20 |
| 8 | നബിﷺയുടെ പ്രാർഥനകൾ | 70 | 26 | ബലികർമം | 25 |
| 9 | യാത്രക്കാരുണ്ടുമ്പോൾ | 30 | 27 | ഇസ്‌ലാം വിശ്വാസ കാര്യങ്ങൾ | 60 |
| 10 | വിജയിച്ച കക്ഷി | 75 | 28 | നമസ്കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ | 40 |
| 11 | സംവാദങ്ങളിലൂടെ... | 90 | 29 | ഇസ്‌ലാം നിർഭയത്വത്തിന്റെ മതം | 50 |
| 12 | ഇബ്നുതൈമിയ്യ | 100 | 30 | റമദാൻ നാം അറിയേണ്ടതും ചെയ്യേണ്ടതും | 40 |
| 13 | തൗഹീദുറുബൂബിയ്യ | 40 | 31 | വിശ്വാസിയുടെ നമസ്കാരം | 90 |
| 14 | അഹ്‌ലുസുന്ന ആദർശവും ആചാരവും | 100 | 32 | ലാ ഇലാഹ ഇല്ലല്ലാഹ് | 90 |
| 15 | പാപപരിഹാരം | 40 | 33 | മതത്തിന്റെ അടിത്തറകൾ | 90 |
| 16 | കുഞ്ഞുപിറന്നാൽ | 30 | 34 | ക്വുർആൻ പഠന ക്വിസ്സ് | 70 |
| 17 | നമസ്കാരാന്തര കൂട്ടുപ്രാർഥന | 50 | 35 | ക്വുർആൻ ചില അടിസ്ഥാന അറിവുകൾ | 75 |
| 18 | അദ്ദുആഉ വൽ ഇബാദ | 50 | 36 | പ്രണയം | 35 |

**സ്പെഷ്യൽ ഡിസ്കൗണ്ട്**

**എല്ലാ പുസ്തകങ്ങൾക്കും 20% വരെ വിലക്കുറവ്**

നേർപഥം
വാരിക
0049 / 2017 ഡിസംബർ 16 / 1439 റബിഉൽ അവ്വൽ 27 / പുസ്തകം 01 / ലക്കം 49

# ഫാസിസവും സ്വൂഫിസവും കൈകോർക്കുന്നതിലെ രസതന്ത്രം

അബൂഹാമി ഉഗ്രപുരം / 06



സുഫ്‌യാൻ അബ്ദുസ്സലാം / 10

# അറബി ഭാഷയും കേരളത്തിലെ വളർച്ചാ ചരിത്രവും


**മുഖമൊഴി**
ഫലസ്തീനിന്റെ മുറിവിൽ മുളകു പുരട്ടുന്ന അമേരിക്ക / 05
എഡിറ്റർ

**ലേഖനങ്ങൾ**
സുപ്രധാനമായ ചില വിശ്വാസ കാര്യങ്ങൾ, ഭാഗം: 4 / 15
ശഹീറുദ്ദീൻ ചുഴലി

ഇളകിയാടുന്ന നീലത്തിമിംഗലങ്ങൾ / 24
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

ഭീകരതയും സലഫിയ്യതും / 26
ഹാഷിം കാക്കയങ്ങാട്

ഗദീർഖുമ്മ് മഹോത്സവം / 32
അബ്ദുൽ ജബ്ബാർ മദീനി

**ബാലപഥം**
ധീരനായ പുത്രൻ / 18
റാശിദ ബിൻത് ഉസ്മാൻ

**കവിത**
പ്രണാമം / 19
മെഹറുന്നിസ പാടൂർ


**ചരിത്രപഥം**
മക്വാമു ഇബ്‌റാഹീം / 20
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**
ലഹരിയിലേക്കെത്തുന്ന വഴികൾ / 27
പ്രൊഫ: ഹാരിസ്ബിൻ സലീം

**നമുക്ക് ചുറ്റും**
മദം പൊട്ടുന്നവരും മതം പൊളിക്കുന്നവരും / 34
ഡോ. സി.എം സാബിർ നവാസ്


Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### ഓഖിയുടെ ഊക്ക്

ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ലക്കം 48ൽ വന്ന ലേഖനം ചിന്തനീയമായിരുന്നു. കൊടുങ്കാറ്റും വെള്ളപ്പൊക്കവും അഗ്നിപർവതവും സുനാമിയുമെല്ലാം ലോകത്ത് പലപ്പോഴായി നാശനഷ്ടങ്ങളുണ്ടാക്കി കടന്നുപോയിട്ടുണ്ട്. ഇപ്പോഴും നടക്കുന്നു. ഇനിയും ആവർത്തിച്ചുകൊണ്ടേയിരിക്കും.

ജീവിച്ചിരിക്കുന്ന നമുക്ക് ഇതിലൊക്കെ ഒരുപാട് ഗുണപാഠങ്ങളുണ്ട് എന്നാണ് നാം മനസ്സിലാക്കേണ്ടത്. നാമാരും ഈ ലോകത്ത് നിർഭയരല്ല; എത്ര വലിയ ഭൗതിക പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും.

അതിനാൽ നാം നമ്മുടെ ജീവിതം നന്നാക്കുക. അതാണ് നമുക്ക് ചെയ്യുവാനുള്ളത്. വിശ്വാസം നന്നാക്കുക; സൽകർമങ്ങളിൽ മുന്നേറുക.

അല്ലാഹു പറയുന്നു: "നാട്ടുകാർ സൽപ്രവൃത്തികൾ ചെയ്യുന്നവരായിരിക്കെ നിന്റെ രക്ഷിതാവ് അന്യായമായി രാജ്യങ്ങൾ നശിപ്പിക്കുന്നതല്ല" (ക്വുർആൻ 11:117).

"...രാജ്യക്കാർ അക്രമികളായിരിക്കുമ്പോഴല്ലാതെ നാം രാജ്യങ്ങളെ നശിപ്പിക്കുന്നതുമല്ല" (ക്വുർആൻ 28:59).

അക്രമങ്ങളിൽ ഏറ്റവും വലുത് സ്രഷ്ടാവിൽ പങ്കുചേർക്കലാണ്: "നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു" (ക്വുർആൻ 31:13).

ഭൗതിക സുഖസൗകര്യങ്ങളിൽ മതിമറന്ന് ജീവിക്കാതിരിക്കുക. അല്ലാഹു പറയുന്നു:

"സ്വന്തം ജീവിതസുഖത്തിൽ മതിമറന്ന് അഹങ്കരിച്ച എത്ര രാജ്യങ്ങൾ നാം നശിപ്പിച്ചിട്ടുണ്ട്. അവരുടെ വാസസ്ഥലങ്ങളതാ, അവർക്കു ശേഷം അപൂർവമായല്ലാതെ അവിടെ ജനവാസമുണ്ടായിട്ടില്ല. നാം തന്നെയായി (അവയുടെ) അവകാശി" (ക്വുർആൻ 28:58).

കുതന്ത്രങ്ങളുമായി ജീവിക്കുന്നവർ അറിയുക; അല്ലാഹു ഏത് അവസരത്തിലും നമ്മെ പരീക്ഷിച്ചേക്കാമെന്ന്:

"എന്നാൽ ആ നാടുകളിലുള്ളവർക്ക് അവർ രാത്രിയിൽ ഉറങ്ങിക്കൊണ്ടിരിക്കെ നമ്മുടെ ശിക്ഷ വന്നെത്തുന്നതിനെപ്പറ്റി അവർ നിർഭയരായിരിക്കുകയാണോ? ആ നാടുകളിലുള്ളവർക്ക് അവർ പകൽ സമയത്ത് കളിച്ചു നടക്കുന്നതിനിടയിൽ നമ്മുടെ ശിക്ഷ വന്നെത്തുന്നതിനെ പറ്റിയും അവർ നിർഭയരായിരിക്കുകയാണോ? അപ്പോൾ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി തന്നെ അവർ നിർഭയരായിരിക്കുകയാണോ? എന്നാൽ നഷ്ടം പറ്റിയ ഒരു ജനവിഭാഗമല്ലാതെ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി നിർഭയരായിരിക്കുകയില്ല" (ക്വുർആൻ 7:97-99).

"കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്തയറിയിക്കുക.തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ" (ക്വുർആൻ 2:155-157).

**-അൻവർ സാദത്ത്, എറണാകുളം**

### ശിയാക്കളുടെ വികലവിശ്വാസം

ശിയാക്കളെ സംബന്ധിച്ചുള്ള പഠനം ഏറെ വിസ്മയത്തോടെയാണ് വായിക്കുന്നത്. ഇത്രയും അനിസ്‌ലാമികയായ ആദർശവും വീക്ഷണവുമാണ് ശിയാക്കൾക്കുള്ളത് എന്ന കാര്യം ഇപ്പോഴാണ് അറിയുന്നത്. നബിﷺയുടെ അനുചരന്മാരെ (സ്വഹാബിമാർ) ആക്ഷേപിക്കുന്നതാണ് പോലും ഇവരുടെ ആദർശത്തിൽ പെട്ട ഒരു കാര്യം!

സ്വഹാബികളെ അദരിക്കലും ബഹുമാനിക്കലുമാണ് യഥാർഥത്തിൽ ഇസ്‌ലാമിക ആദർശം. നബിﷺ പറഞ്ഞു: "എന്റെ സ്വഹാബികളെ നിങ്ങൾ ആദരിക്കണം. കാരണം അവർ നിങ്ങളിൽ ഉത്തമരാണ്."

സ്വഹാബികളെ ശകാരിക്കുന്നത് പോലും വിലക്കപ്പെട്ട കാര്യമാണ്. അപ്പോൾ അവരെ ശപിക്കുന്നതും അവരോട് ശത്രുത പുലർത്തുന്നതും ഏത്ര ഗൗരവതരമാണ്.

**-മുഹമ്മദ് ഫവാസ്, കൊയിലാണ്ടി**

മുഖമൊഴി


# ഫലസ്തീനിന്റെ മുറിവിൽ മുളകു പുരട്ടുന്ന അമേരിക്ക

ജനിച്ചുവളർന്ന ഫലസ്തീൻ നാട്ടിൽ സമാധാനത്തോടെ ജീവിച്ചിരുന്ന ജനങ്ങളെ ആട്ടിയോടിച്ച് അധിനിവേശം നടത്തിയവരാണ് ഇസ്രയേൽ ജൂതന്മാർ. അധിനിവേശം നടത്തിയവരെ ആട്ടിയോടിക്കേണ്ടതിനു പകരം അവർക്ക് ഒത്താശ ചെയ്തു കൊടുക്കുകയാണ് അന്ന് ഐക്യരാഷ്ട്ര സഭ ചെയ്തത്! 1948ൽ ഫലസ്തീൻ പ്രദേശങ്ങൾ രണ്ടായി പകുത്ത് ഇസ്രയേൽ, ഫലസ്തീൻ എന്നീ രാഷ്ട്രങ്ങൾ രൂപീകരിക്കുകയാണ് ഐക്യരാഷ്ട്ര സഭ ചെയ്തത്. എന്നാൽ ഇന്നും ഒരു സ്വതന്ത്ര രാഷ്ട്രമായിത്തീരാൻ ഫലസ്തീന് സാധിച്ചിട്ടില്ല.

അതോടെ ഫലസ്തീൻകാരുടെ പൗരത്വം ഛിന്നഭിന്നമായി. 1948 മെയ് 15ന് ഇസ്രയേലും അറബ് രാഷ്ട്രങ്ങളും തമ്മിലുണ്ടായ ഏറ്റുമുട്ടലിനിടെ ഐക്യരാഷ്ട്ര സഭ നിർണയിച്ച അതിർത്തി ഇസ്രയേൽ വർധിപ്പിച്ചു. 1967ൽ ഗാസയും വെസ്ബാങ്കും ഗോലാൻ കുന്നുകളും ഇസ്രയേൽ പിടിച്ചെടുത്തു. ജോർദാന്റെ ഭാഗമായിരുന്ന കിഴക്കൻ ജറുസലേമും അവർ കയ്യടക്കി. അതോടെ ഇസ്രയേലിനകത്തെ ഫലസ്തീനികൾ, ഇസ്രയേൽ കീഴടക്കിലയ സ്ഥലത്തെ ഫലസ്തീനികൾ, ഇസ്രയേൽ കീഴടക്കി ഇസ്രയേലി നിയമങ്ങൾ ബാധകമാക്കിയ സ്ഥലത്തെ (കിഴക്കൻ ജറുസലേം) ഫലസ്തീനികൾ, ഇസ്രയേലിന്റെ മേൽനോട്ടത്തിൽ ഫലസ്തീൻകാർക്ക് പരിമിതമായ സ്വയംഭരണാവകാശം നൽകിയ (ഗാസ, ജെറിക്കോ) പ്രദേശത്തെ ഫലസ്തീനികൾ എന്നിങ്ങനെ നാലുതരം പൗരന്മാരായി ഫലസ്തീനികൾ മാറി.

ഇസ്രയേലിന്റെ കോളനിവാഴ്ച ആരംഭിച്ചതു മുതൽ തുടങ്ങിയതാണ് ഫലസ്തീനികളുടെ ചെറുത്തുനിൽപ്. ജനിച്ചുവളർന്ന നാടിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതുന്ന ഫലസ്തീനികളെ അക്രമികളായും അധിനിവേശം നടത്തിയ അക്രമികളായ ഇസ്രയേലികളെ സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്നവരുമായി മാത്രമെ എന്നും പാശ്ചാത്യമാധ്യമങ്ങളും രാഷ്ട്രങ്ങളും ചിത്രീകരിച്ചിട്ടുള്ളൂ. ഫലസ്തീൻ-ഇസ്രയേലി സംഘർഷം റിപ്പോർട്ട് ചെയ്യുമ്പോൾ ഇസ്രയേൽ അധിനിവേശ രാഷ്ട്രമാണെന്ന യാഥാർഥ്യം വ്യക്തമാക്കാൻ മാധ്യമങ്ങൾ ശ്രമിക്കാറില്ല. ഫലസ്തീൻകാരിൽനിന്നും അന്യായമായി പിടിച്ചെടുത്ത ഫലസ്തീൻകാരുടെ ജന്മസ്ഥലത്താണ് സംഘർഷങ്ങൾ നടക്കുന്നതെന്ന വസ്തുതയും മാധ്യമങ്ങൾ മറച്ചുവെക്കും.

ജറുസലേമിനെ ഇസ്രയേലിന്റെ തലസ്ഥാനമായി പ്രഖ്യാപിച്ചുകൊണ്ട് അമേരിക്കൻ പ്രസിഡന്റ് നടത്തിയ പ്രഖ്യാപനം ഫലസ്തീനികളെ വീണ്ടും യുദ്ധമുഖത്തേക്ക് എടുത്തുചാടിക്കുന്നതും അവരുടെ ജീവിതത്തെ കൂടുതൽ പ്രയാസകരമാക്കുന്നതുമാണ്. ഇപ്പോൾ മസ്ജിദുൽ അക്സയുടെ മുറ്റത്ത് സർവായുധ സജ്ജരായ ഇസ്രയേൽ സൈനികരുടെ മുമ്പിൽ ജുമുഅ നമസ്കാരം നടത്തുന്ന ഫലസ്തീനികൾക്ക് അതിനുള്ള അനുമതിപോലും നിഷേധിക്കപ്പെടാനും ഇത് കാരണമായിത്തീരും. 1980ൽ ഇസ്രയേൽ ജറുസലേമിനെ തങ്ങളുടെ തലസ്ഥാനമായി പ്രഖ്യാപിച്ചതാണെങ്കിലും അതിനെ രാജ്യാന്തര നിയമലംഘനമായി ഐക്യരാഷ്ട്ര സംഘടന രക്ഷാസമിതി അപലപിച്ചതാണ്. അന്യരാജ്യങ്ങളുടെ അഭ്യന്തരകാര്യങ്ങളിൽ വല്യേട്ടൻ ചമഞ്ഞ് ഇടപെടുന്ന അമേരിക്ക ഇത്രയും കാലം ഈ വിഷയത്തിൽ ഇസ്രയേലിന് അനുകൂലമായോ പ്രതികൂലമായോ തീരുമാനമെടുത്തിരുന്നില്ല എന്ന കാര്യം ഓർക്കുക. എന്നാൽ വകതിരിവില്ലാതെ പ്രവർത്തിക്കുന്ന ട്രംപ് പശ്ചിമേഷ്യയെ കൂടുതൽ കലക്കി മറിക്കാൻ ജറുസലേമിനെ ഇസ്രയേലിന്റെ തലസ്ഥാനമായി അംഗീകരിച്ചിരിക്കുകയാണ്. ഐക്യരാഷ്ട്ര സഭയും ബ്രിട്ടനും റഷ്യയുമടക്കമുള്ള രാജ്യങ്ങളും അറബ് ലോകവും ഈ നടപടിയെ ശക്തമായി എതിർക്കുന്നുവെങ്കിലും കടിഞ്ഞാണില്ലാത്ത കുതിരപോൽ പായുന്ന ട്രംപ് പിന്തിരിയുമോ എന്നറിയില്ല. കാത്തിരുന്നുകാണാം. ●



കവർ സ്റ്റോറി

അബൂഹാമി ഉഗ്രപുരം
mail@nerpatham.com

# ഫാസിസവും സ്വൂഫിസവും കൈകോർക്കുന്നതിലെ രസതന്ത്രം

സമകാലീന ഇന്ത്യൻ രാഷ്ട്രീയത്തിലെ കുഴഞ്ഞുമറിഞ്ഞ അന്തരീക്ഷ പുകപടലങ്ങളിലെ വ്യക്തവും അവ്യക്തവുമായ ചിത്രങ്ങൾ കോർത്തിണക്കുമ്പോൾ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഭയമാണ് ഇന്ത്യ നേരിടുന്ന പ്രധാന പ്രശ്നമെന്ന് മനസ്സിലാക്കാനാവും. പരസ്പരവിരുദ്ധം എന്ന് കരുതിയ പ്രത്യയശാസ്ത്രങ്ങൾ തോളുരുമ്മി നിൽക്കുമ്പോൾ കാര്യങ്ങൾ കരുതിയതിലുമപ്പുറം കുരുക്കിലാണ് കിടക്കുന്നതെന്നുവേണം അനുമാനിക്കാൻ.

ജനാധിപത്യത്തെ ബലികഴിച്ച് മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയാത്ത പ്രത്യയശാസ്ത്രത്തിലേക്ക് വർഗീയ പോർവിളികളിലൂടെ ഒരു രാജ്യത്തിലെ ജനത മുഴുവൻ മാറണം എന്ന ധാർഷ്ട്യസ്വഭാവമുള്ള ഫാസിസവും അതിന് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ പ്രസ്ഥാനവും; അനശ്വരമായ സ്നേഹവും അനുരാഗവും കോർത്തിണക്കിയ ആനന്ദഹർഷത്തിലൂടെ സർവചക്രവാളങ്ങളെയും ഭേദിച്ച് മനുഷ്യഹൃദയങ്ങളിൽ പ്രണയപ്രപഞ്ചത്തിന്റെ ജാലകം തുറക്കുന്ന ആത്മസഞ്ചാരികളും സാധകരുമെന്ന് പറയപ്പെടുന്ന സ്വൂഫികളും ഒരേ വേദി പങ്കിട്ടും തോളുരുമ്മിയും നിൽക്കുമ്പോൾ വൈരുധ്യം നിറഞ്ഞ വൈവിധ്യങ്ങൾക്ക് നാം സാക്ഷികളാവുകയാണ്.

ഡൽഹിയിൽ വെച്ച് തീവ്ര ഹൈന്ദവ ചിന്താഗതിക്കാരുടെ എല്ലാവിധ സഹായ സഹകരണത്തോടെയും നടന്ന ലോകസ്വൂഫി സമ്മേളനത്തെക്കുറിച്ചുള്ള ചില ന്യൂസ് ബാക്കപ്പുകൾ കൂടി ഇതോടൊപ്പം ചേർത്തു വായിച്ചാൽ ഫാസിസത്തിന്റെയും സ്വൂഫിസത്തിന്റെയും ഇടയിലുള്ള രസത്രന്ത ചേരുവക്ക് ഒന്നുകൂടി തെളിച്ചം ലഭിക്കുന്നതായിരിക്കും. ജന്മഭൂമിയടക്കം പല പത്രങ്ങളും മറ്റു സോഷ്യൽ മീഡിയകളും ഇത്തരം വാർത്തകൾ ഏറെ പ്രാധാന്യത്തോടെയാണ് റിപ്പോർട്ട് ചെയ്തത്. 'ഭാരത്മാതാ കീ ജയ് വിളിച്ച് പ്രധാനമന്ത്രിക്ക് സ്വാഗതം; അല്ലാഹു എന്നാൽ സമാധാനം' (മാർച്ച് 18, 2016; ജന്മഭൂമി).

"സ്വൂഫിസം സമാധാനത്തിന്റെ ശബ്ദമാണ്; എല്ലാ മനുഷ്യരും ഒരുപോലെയെന്നതിന്റെ അടയാളമാണ്; അല്ലാഹുവിന്റെ 99 പേരുകളും അക്രമത്തിന് എതിരാണ്. ലോകമെമ്പാടുമുള്ള സ്വൂഫികൾ മോദിയുടെ ആരാധകരായതിങ്ങനെ; (മോദി), (Marunadan malayali Epapermarunada, Friday, 18 Mar). ലോകത്തിന് സമാധാനത്തിന്റെ സന്ദേശം നൽകുന്നത് സ്വൂഫിസം: പ്രധാനമന്ത്രി (The Indian Telegram, March 18, 2016. 'യഥാർഥ ഇസ്‌ലാമിനെ കാണിച്ചു തരുന്നത് സൂഫിസം'- മോദി (ജന്മഭൂമി 31 ഓഗസ്റ്റ് 2015). 'സ്വൂഫി പണ്ഡിതൻമാരുടെ പ്രതിനിധി സംഘം പ്രധാനമന്ത്രിയെ സന്ദർശിച്ചു, സ്വൂഫി സന്യാസിമാർ മുന്നോട്ട്വെച്ച സന്ദേശം ഇന്ത്യൻ ധാർമികതയുടെ അഭിവാജ്യ ഘടകമാണെന്നും ഇന്ത്യയിൽ ബഹുസ്വരതയാർന്ന ഒരു ബഹുസംസ്‌കാര സമൂഹം കെട്ടിപ്പടുക്കുന്നതിൽ അതു ഗണ്യമായ സംഭാവന നൽകിയിട്ടുണ്ടെന്നും പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പറഞ്ഞു' (http://www.pmindia.gov.in/ml/page/21/?s&selected_category=196, 27Aug, 2015). ഡൽഹിയിൽ വച്ചുനടന്ന ആഗോള സ്വൂഫി സമ്മേളനത്തിൽ സെക്രട്ടറി ശിഹാബുദ്ദീൻ റസ്‌വിയുടെ പത്രസമ്മേളന വാർത്തയും കൂടി ഇതിലേക്ക് ചേർത്ത് വായിക്കാം. "വളർ ന്നു കൊണ്ടിരിക്കുന്ന വഹാബി ആശയങ്ങളെ ചെറുക്കുവാൻ ആർ.എസ്.എസ് പോലുള്ള സംഘടനകളോട് സഹകരിച്ചു പ്രവർത്തിക്കുവാൻ തയ്യാറാണ്."

ഇപ്പോൾ ചിത്രം പൂർത്തിയായിത്തുടങ്ങി. ഇരുകൂട്ടരും പൊതുശത്രുവിന്റെ കാര്യത്തിൽ ഒരേ തൂവൽ പക്ഷികൾ. സ്വൂഫി ഇസ്‌ലാമും സലഫീ ഇസ്‌ലാമും എന്നീ രണ്ട് ധാരകളെ സൃഷ്ടിച്ചെടുത്ത് സലഫികളെ ഭീകരവാദികളും സ്വൂഫികളെ സമാധാനപ്രിയരുമായി ഫാസിസ്റ്റ് ചിന്താഗതിക്കാരും കാവി ചരിത്രനിർമിതിക്കാരും ചിത്രീകരിച്ചെടുത്തു കഴിഞ്ഞു!

**സ്വൂഫികളും വൈദിക മതവും**

സ്വൂഫിസത്തിന്റെയും ഫാസിസത്തിന്റെയും ഇടയിലുള്ള സ്വരച്ചേർച്ചക്ക് കാരണമായി ചരിത്രപരമായ അന്വേഷണങ്ങൾക്ക് ചിലത് പറയാനുണ്ട്. സ്വൂഫിസത്തിന്റെ പഴക്കത്തോളം തന്നെ ഈ ബന്ധത്തിനും പഴക്കമുണ്ട്! സ്വൂഫിസവും ഇന്ത്യയിലെ വൈദിക മതവും ചരിത്രപരമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്നതായി കാണാം. ഹിജ്‌റ 500നു ശേഷമാണ് ഇസ്‌ലാമിക ലോകത്ത് സ്വൂഫിസം ചില പ്രത്യേക രാഷ്ട്രീയ സാഹചര്യങ്ങളാൽ വളർന്നു പന്തലിച്ചത്. ഇന്ത്യയിൽ ഇത് വ്യാപകമായി എത്തിച്ചേർന്നത് മുഗൾ ഭരണ കാലത്താണ്. ജാതിവർണ വ്യവസ്ഥയിൽ വീർപ്പുമുട്ടിയ അയിത്തജനം സ്വൂഫിശൈഖുമാരുടെ പർണശാലകളിൽ കൂട്ടത്തോടെ അഭയം പ്രാപിച്ചു. ഹൈന്ദവ ചിന്തയും സ്വൂഫി ആത്മീയതയും കൂടി ചേർന്ന ഒരു സവിശേഷ ആത്മീയ ധാരയായിട്ടാണ് ഇന്ത്യൻ സ്വൂഫിസം വളർന്നത്. വിശ്വാസ, സംസ്‌കാര രംഗങ്ങളിൽ കാര്യമായ പിഴുതെടുപ്പു നടത്താതെ തന്നെ സൗഹാർദ പൂർണമായ സങ്കലനതയിലേക്ക് ഇത്തരം ജനക്കൂട്ടം ഇഴുകിച്ചേർന്നു.

ഇന്ത്യയിലെ ബൗദ്ധ ബ്രാഹ്മണ സംസ്‌കാരത്തോട് സമന്വയം പ്രാപിച്ച ഒരു ആത്മീയധാരയായിട്ടാണ് സ്വൂഫിസം ഇവിടെ വളർന്നത്. സ്വൂഫി ചരിത്രത്തിലുടനീളം ഈ വൈദികബന്ധം ദർശിക്കാവുന്നതാണ്. സ്വൂഫി ആചാര്യനായ മൻസൂർ ഹല്ലാജ് ഒമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ വരികയും വൈദിക തത്ത്വശാസ്ത്രങ്ങൾ പഠിക്കുകയുമുണ്ടായി. ഹിന്ദുമതത്തിൽ നിന്നും സ്വൂഫിമതത്തിലേക്ക് വന്ന അബൂഅലി സിന്ധി എന്ന ശൈഖാണ് സ്വൂഫികൾക്ക് വേദാന്തങ്ങൾ പഠിപ്പിച്ചു കൊടുത്തിരുന്നത്. ഇദ്ദേഹത്തിന്റെ ശിഷ്യനും സൂഫീ ലോകത്തിന്റെ മഹാത്മാവുമായ അബൂയസിദുൽ

**ഇന്ത്യയിലെ ബൗദ്ധ ബ്രാഹ്മണ സംസ്‌കാരത്തോട് സമന്വയം പ്രാപിച്ച ഒരു ആത്മീയധാരയായിട്ടാണ് സ്വൂഫിസം ഇവിടെ വളർന്നത്. സ്വൂഫി ചരിത്രത്തിലുടനീളം ഈ വൈദികബന്ധം ദർശിക്കാവുന്നതാണ്. സ്വൂഫി ആചാര്യനായ മൻസൂർ ഹല്ലാജ് ഒമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ വരികയും വൈദിക തത്ത്വശാസ്ത്രങ്ങൾ പഠിക്കുകയുമുണ്ടായി. ഹിന്ദുമതത്തിൽ നിന്നും സ്വൂഫിമതത്തിലേക്ക് വന്ന അബൂഅലി സിന്ധി എന്ന ശൈഖാണ് സ്വൂഫികൾക്ക് വേദാന്തങ്ങൾ പഠിപ്പിച്ചു കൊടുത്തിരുന്നത്. ഇദ്ദേഹത്തിന്റെ ശിഷ്യനും സൂഫീ ലോകത്തിന്റെ മഹാത്മാവുമായ അബൂയസിദുൽ ബിസ്താമിയാണ് സ്വൂഫികൾക്കിടയിൽ വേദചിന്തകൾ വ്യാപിപ്പിച്ചത്.**

ബിസ്താമിയാണ് സ്വൂഫികൾക്കിടയിൽ വേദചിന്തകൾ വ്യാപിപ്പിച്ചത്. സ്വൂഫിസത്തിലുള്ള ഫനാ(ഉന്മാദാവസ്ഥ), സുക്ർ (ഉന്മാദലഹരി), ഗലബ് (പരമാനന്ദം) പോലുള്ളതിന്റെയൊക്കെ ഉപജ്ഞാതാവും ഇതേ ബിസ്താമിയാണ്.

മുഗൾ ഭരണകാലത്ത് പല രാഷ്ട്രീയ സാഹചര്യത്താൽ ഇന്ത്യയിലേക്ക് സ്വൂഫികൾ കൂട്ടത്തോടെ ചേക്കേറുന്നതിനു മുമ്പു തന്നെ പല സ്വൂഫി ശൈഖുമാർ ഇന്ത്യയിൽ വന്ന് യോഗാചാര്യൻമാരിൽ നിന്ന് വൈദിക തത്ത്വശാസ്ത്രങ്ങൾ പഠിക്കുകയുണ്ടായി. ഈ സ്വൂഫികൾ വേദാന്ത പാഠങ്ങൾ ഉൾകൊണ്ട് സ്വൂഫിസത്തിലെ ആധ്യാത്മികതയെ ഇന്ത്യയിലെ ആധ്യാത്മികത പോലെ വികസിപ്പിച്ചു. അബ്ബാസികളുടെ അവസാനത്തിൽ സ്വൂഫികൾ ഇന്ത്യയിലേക്ക് എത്തിയശേഷം ഈ ആത്മീയ ബന്ധം ഏറെ മെച്ചപ്പെട്ടു. അമീർ ഖുസ്രുവിനെ പോലെയുള്ള സ്വൂഫി കവികൾ ഹൈന്ദവാചാരങ്ങളെ പുകഴ്ത്തിപ്പാടി. ഗോളിയോറിലെ മുഹമ്മദ് ഗൗസ് സംസ്കൃതത്തിലും വേദങ്ങളിലും അവഗാഹമുള്ള സ്വൂഫിശൈഖായിരുന്നു. ഇദ്ദേഹമാണ് സംസ്കൃതത്തിലെ തത്ത്വശാസ്ത്ര ഗ്രന്ഥമായ 'അമൃത കുണ്ഡ്ഡം' പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തത്. ഇത്തരം മൊഴിമാറ്റങ്ങൾ ഹൈന്ദവ തത്ത്വശാസ്ത്ര ജ്ഞാനങ്ങൾ സ്വൂഫികളിൽ വ്യാപിക്കുവാനും പഠനത്തിനും ആക്കംകൂട്ടി.

പേർഷ്യൻ സൂഫിവര്യൻ മീർ അബ്ദുൽ ഖാസിം ഫിന്തിരിസ്തി യോഗാസിഷ്ഠം പഠിച്ച് അതിന് കുറിപ്പെഴുതുകയും യോഗാസിഷ്ഠയിലെ സാങ്കേതിക പദങ്ങൾക്ക് ഒരു നിഘണ്ടു തന്നെ തയ്യാറാക്കുകയും ചെയ്തു. ഹിന്ദുയോഗിമാരെ പൂർണമായും ഉൾക്കൊണ്ട പാരമ്പര്യമാണ് സ്വൂഫി ചരിത്രത്തിന് പറയുവാനുള്ളത്. പ്രമുഖ സൂഫി ശൈഖായ ദാരാഷിക്കോ അമ്പതോളം ഉപനിഷത്തുകളും സുപ്രധാന തത്ത്വശാസ്ത്രങ്ങളും പേർഷ്യൻ ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്തു. മാത്രവുമല്ല വേദാന്തത്തെ കുറിച്ച് സംസ്കൃതത്തിൽ ഒരു പ്രബന്ധം തയ്യാറാക്കുക കൂടി ചെയ്തു. ദാരാഷിക്കൊ പേർഷ്യൻ ഭാഷയിൽ (സ്വൂഫികൾ അറബിയെക്കാളേറെ ഉപയോഗിച്ചിരുന്ന ഭാഷ പേർഷ്യനായിരുന്നു) വേദാന്തവും സ്വൂഫിസവും കൈകാര്യം ചെയ്യുന്ന നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. അദ്ദേഹം തന്റെ ഗ്രന്ഥത്തിന്റെ ആമുഖം തുടങ്ങുന്നത് 'ഓം ശ്രീ ഗണേഷനമോ' എന്ന മന്ത്രത്തോടെയാണ്. സിർറുൽ അഖ്ബാർ എന്ന ഗ്രന്ഥത്തിലൂടെ വേദാന്തങ്ങൾ വഴി താൻ മനസ്സിലാക്കിയ നിഗൂഢാർഥങ്ങളെ അദ്ദേഹം വിശദീകരിച്ചു. ക്വുർആൻ പഠിച്ചപ്പോൾ തന്റെ ഹൃദയത്തിൽ സംശയങ്ങൾ ഉടലെടുത്തെന്നും ഉപനിഷത്ത് പഠനത്തിലൂടെയാണ് അന്വേഷിച്ചുകൊണ്ടിരുന്ന സംശയങ്ങൾക്ക് ദൂരീകരണം ലഭിച്ചതെന്നും ഇവ സകല

**ഹൈന്ദവ തത്ത്വശാസ്ത്ര മൂശയിലൂടെ വാർത്തെടുത്ത് വിപുലീകരിച്ച സ്വൂഫി തത്ത്വങ്ങളെ യഥാർഥ മുസ്‌ലിംകൾ എതിർക്കുമെന്നും അതിനു നേതൃത്വം വഹിക്കുക സലഫികൾ ആയിരിക്കുമെന്നും സ്വൂഫികളെ പോലെത്തന്നെ മറുകക്ഷിക്കും നന്നായി അറിയും. ഇടക്കാലത്ത് ഫാസിസത്തിലേക്ക് കൂറുമാറിയ പല എഴുത്തുകാരും സ്വൂഫികളെ പുകഴ്ത്തിയും സലഫികളെ അസഹിഷ്ണുതയുള്ളവരും പരമത സ്വാതന്ത്ര്യം ഹനിക്കുന്നവരുമായി ചിത്രീകരിച്ച് ചരിത്രത്തെ വക്രീകരിക്കുവാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്**

രഹസ്യങ്ങളുടെയും കലവറയാണെന്നും ദാരാ പ്രസ്താവിക്കുകയുണ്ടായി. ഇതിനുമപ്പുറം എന്തു സൗഹൃദബന്ധമാണ് സൂഫീ ആർഷഭാരത അപ്പോസ്തലന്മാർക്കിടയിൽ ഉണ്ടാവാനുള്ളത്? ഇസ്ലാമിന്റെ കടയ്ക്കൽ കത്തിവെക്കുന്ന സ്വൂഫീ ചിന്തകൾക്കെതിരെ നിലനിൽക്കുന്നവർ മതമൗലികവാദികളും തീവ്രവാദികളുമായി ചിത്രീകരിക്കപ്പെടുന്നതിന്റെ കാരണവും മറ്റൊന്നുമല്ല.

ഭഗവത് ഗീതക്ക് പരിഭാഷ എഴുതിയ ശൈഖ് ഹുസൈൻ അംബാൽ ഖാൻ, യോഗ സംഗ്രഹ പുസ്തകം രചിച്ച ശൈഖ് മുഹമ്മദ്, ഹിന്ദുദൈവങ്ങളും അവതാരങ്ങളും നബിമാരാണെന്ന് പ്രഖ്യാപിച്ച ശൈഖ് സയ്യിദ് സുൽത്താൻ, മഹാഭാരതം ഹൃദിസ്ഥമാക്കിയ മിർസാബിദീൻ, 'ഹിന്ദുസ്ഥാൻ കിദോ പൈഗംബർ റാം ഔർ കൃഷ്ണ സലാമുല്ലാഹി അലൈഹി' എന്ന കൃതിയുടെ കർത്താവ് സ്വൂഫി ഖാജാ ഹസൻ നിസാമി (സ്വൂഫി അഗ്രേസരനായ നിസാമുദ്ദീൻ ഔലിയയുടെ അനന്തിരവനാണ് ഇദ്ദേഹം)... ഇങ്ങനെ പോകുന്നു സ്വൂഫികളുടെ വൈദിക മതവുമായുള്ള ബന്ധങ്ങൾ.

ഇത്തരം ഹൈന്ദവ തത്ത്വശാസ്ത്ര മൂശയിലൂടെ വാർത്തെടുത്ത് വിപുലീകരിച്ച സ്വൂഫി തത്ത്വങ്ങളെ യഥാർഥ മുസ്‌ലിംകൾ എതിർക്കുമെന്നും അതിനു നേതൃത്വം വഹിക്കുക സലഫികൾ ആയിരിക്കുമെന്നും സ്വൂഫികളെ പോലെത്തന്നെ മറുകക്ഷിക്കും നന്നായി അറിയും. ഇടക്കാലത്ത് ഫാസിസത്തിലേക്ക് കൂറുമാറിയ പല എഴുത്തുകാരും സ്വൂഫികളെ പുകഴ്ത്തിയും സലഫികളെ അസഹിഷ്ണുതയുള്ളവരും പരമത സ്വാതന്ത്ര്യം ഹനിക്കുന്നവരുമായി ചിത്രീകരിച്ച് ചരിത്രത്തെ വക്രീകരിക്കുവാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

സ്വൂഫിസത്തെ അപഗ്രഥിക്കുകയല്ല; ഇന്ത്യൻ മുസ്‌ലിംകൾക്കിടയിൽ സ്വൂഫി ശൈഖുമാരാൽ രൂപപ്പെടുത്തപ്പെട്ട ഹൈന്ദവതയിൽ ഊട്ടപ്പെട്ട സം

സ്കാര സമന്വയത്തെ ഫാസിസ്റ്റ് ചിന്താഗതിക്കാർ ഓമനിക്കുന്നതിന്റെ കാരണം വ്യക്തമാക്കുക മാത്രമാണ് ഈ കുറിപ്പിന്റെ ലക്ഷ്യം.

ഇസ്‌ലാമിൽ ശവകുടീര പൂജ മഹാപാപമാണെന്ന് പ്രഖ്യാപിക്കുന്ന സലഫികൾ കാരണമാണ് തങ്ങൾക്ക് തകർച്ചയുണ്ടായതെന്ന് അറിയുന്ന സ്വൂഫികളും വേദസംസ്കാരത്തെ ഉൾക്കൊണ്ടവർക്കല്ലാതെ ഭാരതത്തിൽ നിലനിൽപില്ലെന്ന് ആക്രോശിക്കുന്ന ഫാസിസവും ഭായി ഭായി ആയി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്.

ഇന്ത്യൻ ചരിത്ര പണ്ഡിതനായ താരാചന്ദ് 'ഇൻഫ്ളുവൻസ് ഓഫ് ഇസ്‌ലാം ഓൺ ഇന്ത്യൻ കൾച്ചറി'ൽ രേഖപ്പെടുത്തിയ പ്രകാരം സ്വൂഫിസത്തിലൂടെ ഇന്ത്യൻ മുസ്‌ലിംകൾ വൈദിക മതദർശനവുമായി സമരസപ്പെടുകയും പരസ്പര ധാരണയിലേക്കെത്തുകയും ഹിന്ദു-മുസ്‌ലിം സംസ്കാരം അലിഞ്ഞു ചേർന്ന രൂപത്തിലാകുകയും ചെയ്തു. ഭരണ സ്ഥാപനങ്ങളിലും ഗാർഹിക ജീവിതത്തിന്റെ ഉള്ളറകളിലും സംഗീതം, വസ്ത്രധാരണ രീതി, പാചക സമ്പ്രദായം, വിവാഹ ചടങ്ങുകൾ, ഉൽസവാഘോഷങ്ങൾ തുടങ്ങിയ കാര്യങ്ങളിലെല്ലാം ഈ സമരസം കാണാവുന്നതാണ്.

ഏകദൈവ വിശ്വാസം, ബഹുദൈവ വിശ്വാസം എന്നീ പരസ്പര വിരുദ്ധമായ ആശയമുള്ള ഹിന്ദുമതത്തിനും ഇസ്‌ലാമിനുമിടയിൽ ഒരു പൊതു വേദിയായി സ്വൂഫികളും ഭക്തി പ്രസ്ഥാനവും ശക്തിയാർജിച്ചു. വിശ്വാസങ്ങൾ, ചടങ്ങുകൾ എന്നിവയിലെ ഭിന്നതകൾക്കതീതമായി ആത്മീയ ജീവിതത്തിന് ഒരു പൊതുഘടകം കണ്ടെത്തുവാൻ ഇരു കൂട്ടർക്കും സാധിച്ചു. ഇങ്ങനെ അസാധ്യമെന്നു തോന്നിയ ഒരു സംയോജനം സാധ്യമാക്കിത്തീർത്തത് വിശിഷ്യാ ഇന്ത്യൻ സ്വൂഫികൾ തന്നെ.

വിഗ്രഹാരാധനയെ ദൈവോപാസനത്തിന്റെ മറ്റൊരു മാർഗമായി വ്യാഖ്യാനിച്ചവരും വിഗ്രഹാരാധന തന്നെ സ്വീകരിച്ചവരും ഇതിലുണ്ടായിരുന്നു. മാംസാഹാരം വർജിക്കുക, അഹിംസ സ്വീകരിക്കുക, ക്വുർആനും ഇതര മതഗ്രന്ഥങ്ങളും ഒരു പോലെയാണെന്നും പറയുക തുടങ്ങി ഒട്ടനവധി ആശയ സംയോജന പ്രതിവർത്തന മതമായിരുന്നു സൂഫികളുടേത്.

**ഏകദൈവ വിശ്വാസം, ബഹുദൈവ വിശ്വാസം എന്നീ പരസ്പര വിരുദ്ധമായ ആശയമുള്ള ഹിന്ദുമതത്തിനും ഇസ്‌ലാമിനുമിടയിൽ ഒരു പൊതുവേദിയായി സ്വൂഫികളും ഭക്തി പ്രസ്ഥാനവും ശക്തിയാർജിച്ചു. വിശ്വാസങ്ങൾ, ചടങ്ങുകൾ എന്നിവയിലെ ഭിന്നതകൾക്കതീതമായി ആത്മീയ ജീവിതത്തിന് ഒരു പൊതുഘടകം കണ്ടെത്തുവാൻ ഇരു കൂട്ടർക്കും സാധിച്ചു.**

കൃഷ്ണ ജയന്തി ദിവസത്തിൽ ഭക്ഷണം തികയാതെ വന്നപ്പോൾ സ്വൂഫി ശൈഖായ അബ്ദുർറസാഖ് തന്റെ കറാമത്ത് കൊണ്ട് അടുക്കള വാതിൽക്കൽ 'യാ ഗൗസുൽ അഅ്ളം' എന്ന് എഴുതിയാണത്രെ പരിഹരിച്ചത്. എല്ലാവരും കഴിച്ചു കഴിഞ്ഞതിനു ശേഷവും ഭക്ഷണം അവശേഷിച്ചു പോലും. അഹ്മദാബാദിലെ സുഹാഗൻ സ്വൂഫികളുടെ പുത്രന്മാർ ഹിന്ദുക്കളെ പോലെ സാരിയും സിന്ദൂരവും അണിഞ്ഞിരുന്നു. (കഴിഞ്ഞ സ്വൂഫി സമ്മേളനത്തിൽ പ്രകടിപ്പിച്ച ഹിജാബിനോടുള്ള നിലപാടും ഇതോടൊപ്പം വായിക്കുക) അയോധ്യയിലെ നവാബുമാർ ഹോളി ആഘോഷിച്ചിരുന്നു. ഉത്തരേന്ത്യൻ സ്വൂഫികളിൽ വസന്ത പഞ്ചമികൊണ്ടാടുന്നവരുണ്ട്. സരസ്വതി വന്ദനം ചൊല്ലുകയും സ്വൂഫിദർഗകളിൽ കുങ്കുമ നിറത്തിലുള്ള പരവതാനി ഉപയോഗികുകയും ചെയ്തു പോരുന്നു. (കുങ്കുമവസ്ത്രമണിഞ്ഞ് മക്കയിൽ വരെ എത്തിയ സ്വൂഫികളുടെ വീഡിയോ ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ ഈയിടെ പ്രചിരിച്ചിരുന്നത് ഓർക്കുക).

ആശയങ്ങൾ തമ്മിൽ സംഘട്ടനത്തിൽ ഏർപെടുന്നില്ല; ആദർശങ്ങൾ പരസ്പരം ഉൾകൊള്ളുകയും ചെയ്യുന്നു. ചരിത്രത്തിന്റെ പുനരാവർത്തനമാണിത്; പരസ്പരം ഉൾക്കൊണ്ട ചരിത്രബന്ധം.

### സംജ്ഞകളുടെ സാദൃശ്യങ്ങൾ

ഇരു കൂട്ടർക്കുമിടയിൽ ആശയതത്ത്വങ്ങളുടെ സമന്വയം മാത്രമല്ല നടന്നിട്ടുള്ളത്; അതിന്റെ രൂപ സാദൃശ്യങ്ങൾ വരെ നിലനിർത്തിപ്പോന്നിട്ടുണ്ട്. 'നിർഗുണ ബ്രഹ്മൻ' എന്ന അദ്വൈത വാദികളുടെ അതേ ആശയമാണ് 'ദാതുൽ മുത്വലക്,' ജിവത്വ (റൂഹ്), ജീവമുക്ത(മൂതൂ ക്വബ്ല അൻ തമൂതൂ), വ്യക്ത-അവ്യക്ത(ദ്വാഹിർ-ബാത്വിൻ), നിരുപാധിക-സോപാധിക(മുത്വ്ലക്, മുക്വയ്യദ്), സത്-സത്യം (ഹക്ക്-ഹക്വീക്വത്ത്), പരാവിദ്യ-അപരാവിദ്യ(ഇൽമുദ്ദ്വാഹിർ-ഇൽമുൽ ബാത്വിൻ), ധ്യാനധാരണ(ദിക്റ് വ മുറാക്വബ), അഹം ബ്രഹ്മാസ്മി (അനൽഹക്) ഇങ്ങനെ അനേകം കാര്യങ്ങൾ വൈദിക മതത്തിൽനിന്നും കടമെടുത്ത് സ്വൂഫികൾ ഇസ്‌ലാമിന്റെ തലയിൽ കെട്ടിവെക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇത്രയും സൂചിപ്പിച്ചത് വൈദിക മത വേദോപനിഷത്തുകളുമായി സൂഫിസത്തിനുള്ള ബന്ധത്തിന്റെ ആഴം വ്യക്തമാക്കുവാൻ മാത്രമാണ്. എന്തുകൊണ്ട് ചിലർ സ്വൂഫിസത്തെ ഇത്രമേൽ സ്നേഹിക്കുന്നു എന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ. **(തുടരും)**

**(അടുത്ത ലക്കത്തിൽ: ഇസ്‌ലാമും സ്വൂഫിസവും തമ്മിലെന്ത്?)**

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



ഡിസംബർ 18: ലോക അറബി ഭാഷാദിനം

# അറബി ഭാഷയും കേരളത്തിലെ വളർച്ചാ ചരിത്രവും

**ഏതൊരു ഭാഷയുടെയും പ്രസക്തി വർധിക്കുന്നത് അത് ജനകീയമാവുമ്പോഴാണ്. കേവലം ഗ്രന്ഥങ്ങളിലും സാഹിത്യങ്ങളിലും മാത്രമായി ചുരുങ്ങുമ്പോൾ ഭാഷ സജീവമാകുകയില്ല. സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയും സാമൂഹിക മണ്ഡലങ്ങളെ സക്രിയമാക്കിയും ജാതി മത ഭേദമന്യേ ഭാഷക്ക് പ്രചാരണം നൽകുമ്പോൾ മാത്രമേ ജനഹൃദയങ്ങളിലേക്ക് ഭാഷ സന്നിവേശിക്കുകയുള്ളൂ. നൂറുകണക്കിന് അറബിക്കോളേജുകളും ആയിരക്കണക്കിന് അറബി അധ്യാപകരും വിദ്യാർഥികളും കേരളത്തിലെ പൊതുസംവിധാനങ്ങളിലൂടെ അറബിഭാഷയെ ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിലെ അറബി ഭാഷാ പ്രചാരണത്തിന് ഊടും പാവും നൽകിയ മഹാരഥന്മാർ നടത്തിയ നിഷ്‌കാമമായ പ്രവർത്തനങ്ങളുടെ ചരിത്രത്തിലേക്കൊരു എത്തിനോട്ടം.**

ഡിസംബർ 18 ഐക്യരാഷ്ട്ര സഭയുടെ ആഹ്വാന പ്രകാരം എല്ലാ വർഷവും അറബി ഭാഷ ദിനമായി ആചരിക്കപ്പെടുന്നു. ഐക്യരാഷ്ട്ര സഭ ഔദ്യോഗിക ഭാഷകളായി അംഗീകരിച്ച ആറു ഭാഷകളിലൊന്നാണ് അറബി. ഇംഗ്ലീഷ്, ഫ്രഞ്ച്, റഷ്യൻ, ചൈനീസ്, സ്പാനിഷ് എന്നിവയാണ് മറ്റു ഭാഷകൾ. ലോകത്തിന്റെ ബഹുസ്വരതയും സാംസ്‌കാരിക വൈവിധ്യവും പ്രോത്സാഹിപ്പിക്കുന്നതിനും ഐക്യരാഷ്ട്ര സഭ അംഗീകരിച്ച ആറു ഭാഷകൾക്കും തുല്യമായ പ്രാധാന്യം നൽകുന്നതിനും വേണ്ടി യു. എന്നിന്റെ കൾച്ചറൽ വിഭാഗമായ യുനെസ്‌കോ 2010 മുതലാണ് ഡിസംബർ 18 അന്താരാഷ്ട്ര അറബിക് ദിനമായി ആചരിച്ചു വരുന്നത്. 1973 ഡിസംബർ 18 നാണ് അറബി ഭാഷ ഐക്യരാഷ്ട്ര സഭയുടെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചത്. ലോകത്തെ 60 രാജ്യങ്ങളിലായി 242 മില്യൺ ജനങ്ങളാണ് അറബി നിത്യേന അവരുടെ ഭാഷയായി ഉപയോഗിച്ചുവരുന്നത്. അതേസമയം, വിശുദ്ധ ക്വുർആനിന്റെ ഭാഷയെന്ന നിലയ്ക്ക് അറബികളല്ലാത്ത മില്യൺ കണക്കിന് മുസ്‌ലിംകൾ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ അറബി ഭാഷയെ ഉപയോഗിച്ചു വരുന്നതുകൊണ്ട് തന്നെ ദിനേന ഏറ്റവുമധികം വായിക്കപ്പെടുന്ന ഭാഷയായി അറബിയെ ലോകം കാണുന്നു.

അറബി ഭാഷക്കും സാഹിത്യത്തിനും വലിയ പ്രചാരം വളരെ മുമ്പ് തന്നെ ഉണ്ടായിട്ടുണ്ടെങ്കിലും മുഹമ്മദ് നബിﷺയിലൂടെ ഇസ്‌ലാം പൂർണമാക്കപ്പെടുകയും ക്വുർആൻ ലോക വ്യാപകമാവുകയും ചെയ്തതോടെയാണ് ലോകത്തിന്റെ അഷ്ടദിക്കുകളിൽ അറബി ഭാഷ ശ്രദ്ധയാകർഷിക്കുന്നത്. പ്രവാചകന്റെ കാലഘട്ടത്തിൽ തന്നെ കേരളത്തിലേക്ക് അദ്ദേഹത്തിന്റെ അനുചരന്മാരിൽ ചിലർ കടന്നു വന്നതോടെ കേരളത്തിലെ അറബി ഭാഷയുടെ ചരിത്രത്തിനും 1400 വർഷങ്ങളുടെ പഴക്കമുണ്ടെന്നാണ് കരുതപ്പെടുന്നത്. സൈനുദ്ദീൻ മഖ്ദൂം, കെ.എം മൗലവി തുടങ്ങി ലോകം അംഗീകരിച്ച അറബി ഭാഷ പണ്ഡിതർ കേരളത്തിൽ ഉദയം ചെയ്തിട്ടുണ്ടെങ്കിലും ഭാഷ സാഹിത്യകൃതികളിലും പണ്ഡിതന്മാരിലും മാത്രമായി അറബി ഭാഷ ചുരുങ്ങുകയായിരുന്നു. വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നതിന് വേണ്ടിയുള്ള വായനാ അറിവിൽ മാത്രമായി അറബിഭാഷയുടെ സൗന്ദര്യം ചുരുങ്ങിയിരുന്നു. വിശ്വ പ്രസിദ്ധരായ അറബി എഴുത്തുകാരും കവികളുമൊക്കെ ജന്മമെടുത്തെങ്കിലും സാധാരണക്കാരിൽ ഭാഷയുടെ പ്രചാരണം വളരെ ദുർബലമായിരുന്നു. പഠനസൗകര്യങ്ങൾ ഒരുക്കുന്നതിൽ ഭരണകൂടങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കാതിരുന്നതും അറബിഭാഷയോടും മുസ്‌ലിംകളോടും അവർക്കുണ്ടായിരുന്ന ചതുർഥിയും ഭാഷയുടെ പ്രചാരണത്തിൽ പ്രതിബന്ധങ്ങളായി നിലനിന്നു.

കൊളോണിയൽ ഭരണകൂടങ്ങളോട് ഏറ്റവും കൂടുതൽ എതിർപ്പുണ്ടായിരുന്നതും സ്വാതന്ത്ര്യ ചിന്തയോട് ഏറെ ആഭിമുഖ്യമുണ്ടായിരുന്നതും മുസ്‌ലിം സമുദായത്തിനായിരുന്നു. 1857ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെയും തുടർന്നുണ്ടായ ബ്രിട്ടീഷുകാരോടുള്ള ചെറുത്തുനിൽപിന്റെയും മുന്നിൽ നിന്നത് മുസ്‌ലിം സമുദായം തന്നെയായിരുന്നുവെന്നും ചരിത്രം പറയുന്നു. മുസ്‌ലിം സമുദായത്തിന്റെ അവകാശങ്ങളോടും അവർ അനുഭവിക്കേണ്ട സൗകര്യങ്ങളോടും വിമുഖത പുലർത്താൻ ബ്രിട്ടീഷുകാരെ ഇതെല്ലാം പ്രേരിപ്പിക്കുകയുണ്ടായി. പ്രസ്തുത കാരണത്താൽ മുസ്‌ലിംകൾ ഭരണസംവിധാനങ്ങളോട് അകലം പാലിച്ചു വന്നത് ബ്രിട്ടീഷുകാരെ അലോസരപ്പെടുത്തി. ഇന്ത്യാ രാജ്യം അടക്കി ഭരിക്കാൻ മുസ്‌ലിം സമുദായത്തിന്റെ ഈ നിസ്സഹകരണം തടസ്സമാണെന്നു അവർക്ക് മനസ്സിലായി. എങ്ങനെയെങ്കിലും അവരുടെ ഭരണത്തോട് മുസ്‌ലിംകളെ അടുപ്പിക്കുവാനുള്ള തന്ത്രങ്ങൾ അവർ ആവിഷ്കരിച്ചു. അതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലേക്ക് മുസ്‌ലിംകളെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ തുടങ്ങി. ബ്രിട്ടീഷുകാരുടെ വിദ്യാഭ്യാസ സമ്പ്രദായങ്ങളോട് മുസ്‌ലിംകളെ ആഭിമുഖ്യമുള്ളവരാക്കി മാറ്റുകയെന്നതാണ് അവർ കണ്ടെത്തിയ പരിഹാര മാർഗം.

1887ൽ മുസ്‌ലിം പ്രശ്നങ്ങൾ പഠിക്കുവാൻ ഗവർണർ ജനറൽ ആയിരുന്ന ലോർഡ് ഡ്യൂഫറിൻ ഒരു കമ്മീഷനെ നിശ്ചയിച്ചു. വിദ്യാഭ്യാസരംഗത്തേക്ക് മുസ്‌ലിംകളെ ആകർഷിക്കണമെങ്കിൽ അവരുടെ ജീവൽ ഭാഷയായ അറബി ഭാഷക്ക് അർഹമായ പ്രാധാന്യം നൽകണമെന്ന് സർ സയ്യിദ് അഹ്മദ് ഖാൻ അംഗമായിരുന്ന കമ്മീഷൻ വിലയിരുത്തി. അറബി ഭാഷ പഠിപ്പിക്കുന്നതിനായി പ്രത്യേകം ഓറിയന്റൽ സ്കൂളുകൾ സ്ഥാപിക്കാൻ അവർ നിർബന്ധിതരായി. കൊൽക്കത്തയിലാണ് അവർ ആദ്യമായി ഓറിയന്റൽ സ്കൂൾ സ്ഥാപിച്ചത്. സർക്കാർ സംവിധാനങ്ങളെ ഉപയോഗപ്പെടുത്താൻ മുസ്‌ലിം സമുദായത്തിൽ നിന്നും അധികം ആളുകളൊന്നും തയ്യാറായിരുന്നില്ല. ബ്രിട്ടീഷ് വ്യവസ്ഥിതിയോടുള്ള എതിർപ്പുകൾ അവർ തുടർന്നു.

ഇന്നത്തെ കേരളം, അന്ന് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ വിഭജിക്കപ്പെട്ടിരുന്നു. തിരുവിതാംകൂർ അന്ന് നാട്ടുരാജ്യമായിരുന്നു. ശ്രീമൂലം തിരുനാളായിരുന്നു 1885 മുതൽ 1924 വരെ അവിടുത്തെ രാജാവ്. വക്കം അബ്ദുൽഖാദിർ മൗലവി തന്റെ പരിഷ്കരണ പ്രവർത്തനങ്ങൾ കൊണ്ട് നിറഞ്ഞു നിന്നിരുന്ന കാലമായിരുന്നു അത്. 1911ൽ ആലപ്പുഴയിലെ ലജ്നത്തുൽ മുഹമ്മദിയ്യ ലൈബ്രറിയിൽ വെച്ച് വക്കം മൗലവിയുടെ നേതൃത്വത്തിൽ മുസ്‌ലിം നേതാക്കളുടെ ഒരു സമ്മേളനം നടന്നു. മുസ്‌ലിം വിദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ച ചെയ്ത സമ്മേളനം തിരുവിതാംകൂർ രാജാവിനെ നേരിൽ കണ്ടു നിവേദനം സമർപ്പിക്കാൻ തീരുമാനിച്ചു. മുസ്‌ലിംകളെ പൊതുവിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കണമെങ്കിൽ അറബി ഭാഷ വിദ്യാലയങ്ങളിൽ പഠിപ്പിക്കാനുള്ള സംവിധാനങ്ങൾ ഏർപെടുത്തണമെന്ന് അവർ ആവശ്യപ്പെട്ടു. ഡോ: ബിഷപ്പിനെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് രാജകൽപന വന്നു. 1913ൽ ബിഷപ്പ് കമ്മീഷൻ റിപ്പോർട്ട് സമർപിച്ചു. കമ്മീഷൻ നിർദേശിച്ചതനുസരിച്ച് 25 മുസ്‌ലിം കുട്ടികളുള്ള സ്

**കേരളത്തിലെ സ്കൂളുകളിലെ അറബി പഠനം ഏകീകരിക്കാൻ രൂപീകരിക്കാൻ മുണ്ടശ്ശേരി നിർദേശിച്ച കമ്മറ്റിയുടെ കൺവീനർ കരുവള്ളിയായിരുന്നു. പാഠപുസ്തകങ്ങൾ മാത്രമല്ല, ഗൈഡുകളും അധ്യാപക സഹായികളുമെല്ലാം നിർമിച്ചിരുന്നത് ഈ കമ്മറ്റിയായിരുന്നു. 1962ൽ കരുവള്ളി മലബാറിലെ ആദ്യത്തെ മുസ്‌ലിം വിദ്യാഭ്യാസ ഇൻസ്പെക്റ്ററായി നിയമിക്കപ്പെട്ടു. 1974ൽ അദ്ദേഹം സർവീസിൽ നിന്നും വിരമിക്കുന്നതുവരെ ആ സ്ഥാനം അദ്ദേഹം അലങ്കരിച്ചു.**

**1967ൽ സി.എച്ച് വിദ്യാഭ്യാസമന്ത്രിയായി. അറബി അധ്യാപകർക്ക് ഭാഷാധ്യാപരുടെ പദവിയും ആനുകൂല്യവും നൽകി. 100 കുട്ടികൾ വേണമെന്ന നിബന്ധന അദ്ദേഹം എടുത്തുകളഞ്ഞു 20 കുട്ടികൾ മതിയെന്ന് നിർദേശിച്ചു. 'കുട നന്നാക്കുന്നവരെയെല്ലാം സി. എച്ച് അറബി അധ്യാപകരാക്കിയത് കൊണ്ട് കുട നന്നാക്കാൻ ആളെ കിട്ടാനില്ല' എന്ന പരിഹാസവുമായി വിമർശകർ രംഗത്തുവന്നു. വിമർശകരുടെ പരിഹാസങ്ങൾ ഗൗനിക്കാതെ സി.എച്ച് മുമ്പോട്ടു പോയി. 1962ൽ കരുവള്ളി മുസ്‌ലിം വിദ്യാഭ്യാസ ഇൻസ്‌പെക്റ്ററായി നിയമിതനാവുകയും പ്രൊഫ: മങ്കട അബ്ദുൽ അസീസ് മൗലവി കോളേജ് അധ്യാപകനായി പോവുകയും ചെയ്തതോടെ അറബി അധ്യാപകരുടെ നേതൃത്വത്തിലേക്ക് പി.കെ അഹ്മദ് അലി മദനി കടന്നുവന്നു. സർക്കാർ രൂപപ്പെടുത്തുന്ന ഭാഷ വിരുദ്ധ നിയമനിങ്ങളെ ദീർഘവീക്ഷണങ്ങളോടെ തിരിച്ചറിയാനുള്ള പ്രത്യേക പാടവം അദ്ദേഹത്തിനുണ്ടായിരുന്നു.**

കൂളുകളിൽ ഒരു ഖുർആൻ അധ്യാപകനെ വെക്കാൻ ഉത്തരവായി. ആദ്യമായി പതിനഞ്ച് സ്‌കൂളുകളിൽ ഇപ്രകാരം അറബി അധ്യാപകർ നിയമിക്കപ്പെട്ടു. എന്നാൽ ഈ പഠനസൗകര്യം സ്‌കൂൾ പ്രവൃത്തി സമയം തുടങ്ങുന്നതിനു മുമ്പായിരുന്നു നൽകിയിരുന്നത്. സ്‌കൂളുകളിലെ ടൈം ടേബിളിൽ ഇത് സ്ഥാനം പിടിച്ചിരുന്നില്ല. 1947ൽ സി.പി രാമസ്വാമി അയ്യർ ദിവാനായിരുന്ന സമയത്താണ് മറ്റു വിഷയങ്ങളോടൊപ്പം തന്നെ സ്‌കൂൾ സമയത്ത് അറബി പഠിപ്പിക്കാൻ ഉത്തരവായത്.

അതേസമയം മലബാറിൽ ഇത്തരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമായിരുന്നില്ല. മലബാർ മദിരാശി സംസ്ഥാനത്തിന്റെ കീഴിലായിരുന്നു. സാമ്രാജ്യത്വത്തോടുള്ള മുസ്‌ലിം സമുദായത്തിന്റെ ഒടുങ്ങാത്ത വിദ്വേഷവും ജന്മി കുടിയാൻ പ്രശ്‌നങ്ങളും ജ്വലിച്ചുനിന്ന മലബാറിലെ 1921ലെ സമരം ബ്രിട്ടീഷുകാരുടെ ഉറക്കം കെടുത്തി. മാപ്പിള മക്കളുടെ സമരമടക്കം മുസ്‌ലിം സമുദായത്തിന്റെ എതിർപ്പുകളെ നേരിടാൻ മദിരാശിയിൽ 1930ൽ ഗവർണർ സർ മുഹമ്മദ് ഉഥ്മാന്റെ നേതൃത്വത്തിൽ കമ്മീഷനെ നിയമിക്കുകയും സ്‌കൂളുകളിൽ മതപഠനമെന്ന ആശയം കമ്മീഷൻ നിർദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അറബിക് പണ്ഡിറ്റുമാരെയും റിലീജിയസ് ഇൻസ്ട്രക്റ്റർമാരെയും നിയമിക്കാൻ അവർ തീരുമാനിച്ചു. അറബിയെ രണ്ടാം ഭാഷകളിൽ ഒന്നായി അംഗീകരിച്ചുകൊണ്ട് ആറാം ക്ലാസ് (അന്നത്തെ ഫസ്റ്റ് ഫോം) മുതൽ മാത്രമായിരുന്നു അറബി പഠിക്കാനുള്ള സൗകര്യം ഏർപെടുത്തിയത്.

മുസ്‌ലിം ഐക്യസംഘവും കേരളം ജംഇയ്യത്തുൽ ഉലമയുമെല്ലാം വിദ്യാഭ്യാസരംഗത്ത് മുന്നേറാൻ മുസ്‌ലിം സമുദായത്തോട് ആഹ്വാനം ചെയ്തു. അറബി, മത പഠനങ്ങളോടൊപ്പം ഭൗതിക വിദ്യാഭ്യാസവും സമന്വയിപ്പിച്ചു പഠിപ്പിക്കുവാൻ പരിമിതമായ സാഹചര്യങ്ങളിലും അവർ പരിശ്രമിച്ചു. സ്വാതന്ത്ര്യ സമരസേനാനിയും കെ.എം മൗലവിയുടെ സഹചാരിയുമായിരുന്ന കട്ടിലശ്ശേരി മുഹമ്മദ് മൗലവി മലപ്പുറം ജില്ലയിലെ ഒരു ഉൾപ്രദേശമായിരുന്ന കരിഞ്ചാപ്പാടി എന്ന ഗ്രാമത്തിൽ 1914ൽ ആരംഭിച്ച 'അൽമക്തബതു ലുസൂമിയ്യ' മത-ഭൗതിക വിദ്യാഭ്യാസത്തെ സമന്വയിപ്പിച്ച പാഠശാലക്ക് ഒരുദാഹരണം മാത്രമാണ്. ഈ മദ്‌റസയെ പ്രത്യേകമായി പരാമർശിക്കുവാൻ കാരണമുണ്ട്. ആധുനിക കേരളത്തിലെ അറബി പ്രചാരണ രംഗത്ത് മുഖ്യപങ്കു നിർവഹിച്ച, നൂറു വയസ്സോടടുത്തിട്ടും ഇപ്പോഴും നമ്മുടെയിടയിൽ കർമോൽസുകനായി പ്രവർത്തിക്കുന്ന പണ്ഡിത കാരണവർ കരുവള്ളി മുഹമ്മദ് മൗലവി ഈ സ്ഥാപനത്തിൽ കട്ടിലശ്ശേരിയുടെ ശിക്ഷണത്തിലാണ് പഠിച്ചത്.

കരുവള്ളിയുടെ ചരിത്രവും കേരളത്തിലെ അറബി ഭാഷാ വളർച്ചയുടെ പ്രാരംഭ ചരിത്രമായി വിലയിരുത്താം. 1918ൽ ജനിച്ച അദ്ദേഹം കട്ടിലശ്ശേരിയുടെ കീഴിൽ അറബി-ഉറുദു ഭാഷകളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. എട്ടാം ക്ലാസ് കഴിഞ്ഞപ്പോൾ തുടർന്ന് പഠിക്കാൻ പള്ളി ദർസുകൾ അന്വേഷിക്കുമ്പോഴാണ് ഉമറാബാദിൽ പോയി പഠിക്കാൻ കട്ടിലശ്ശേരി ഉപദേശിച്ചത്. പതിനാലാം വയസ്സിൽ അദ്ദേഹം ഉമറാബാദിലേക്ക് പോയി. അവിടെ വെച്ച് അഫ്ദലുൽ ഉലമ ബിരുദം കരസ്ഥമാക്കുകയും ഉറുദു ഭാഷയിൽ വ്യുല്പത്തി നേടുകയും ചെയ്തു. 1939ൽ ഉമറാബാദിൽ നിന്നും മടങ്ങിയ അദ്ദേഹം അൽപകാലം കർണാടകയിലെ കോലാർ സ്വർണ ഖനിയിൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ കൂടെ ജോലി ചെയ്യുകയും അതുവഴി ഇംഗ്ലീഷിൽ പ്രാവീണ്യം നേടിയെടുക്കുകയും ചെയ്തു. അറബി അധ്യാപക ജോലി അന്വേഷിച്ചു തുടങ്ങിയ അദ്ദേഹത്തിന് ആദ്യം ലഭിച്ചത് ഉറുദു അധ്യാപകന്റെ വേഷമായിരുന്നു. 1944ൽ മലപ്പുറം ഗവൺമെന്റ് ഹൈസ്‌കൂളിൽ അറബി അധ്യാപകനായി സ്ഥിരനിയമനം ലഭിച്ചതോടെ അദ്ദേഹത്തിലൂടെ കേരളത്തിനു ഏറ്റവും മികച്ച അറബി പണ്ഡിതനെയും അറബി അധ്യാപകനെയും അറബി പ്രചാരകനെയും ലഭിച്ചുവെന്ന് പറയാം. അറബി ഭാഷയുടെ പ്രചാരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും മുസ്‌ലിം സമുദായാംഗങ്ങ

ളെ അറബി ഭാഷ പഠനത്തിലേക്ക് അടുപ്പിക്കുന്നതിനും വേണ്ടി അക്കാലത്തെ അംഗുലീ പരിമിതരായ അറബി അധ്യാപകരെ അദ്ദേഹം മലപ്പുറത്തെ ലോഡ്ജിൽ ഒരുമിച്ചുകൂട്ടുകയുണ്ടായി. പ്രസിദ്ധ അറബി സാഹിത്യകാരനും ഗോളശാസ്ത്ര പണ്ഡിതനായിരുന്ന ഫലക്കി മുഹമ്മദ് മൗലവിയുടെ നേതൃത്വത്തിൽ കരുവള്ളി സെക്രട്ടറിയായിക്കൊണ്ട് അറബിക് പണ്ഡിറ്റ്സ് യൂണിയൻ എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. അതാണ് പിൽക്കാലത്ത് 1958ൽ കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ എന്ന സംഘടനക്ക് അസ്ഥിവാരമിട്ടത്. അഫ്ദലുൽ ഉലമ പാസ്സായവരിൽ എസ്.എസ്.എൽ.സി പരീക്ഷ പാസായ ഒന്നാമത്തെ വ്യക്തികൂടിയാണ് അദ്ദേഹം. 1956ൽ ഐക്യകേരളം രൂപംകൊണ്ടതോടെ മലബാർ, തിരുവിതാംകൂർ വ്യത്യാസങ്ങൾ ഇല്ലാതായെങ്കിലും തിരുവിതാംകൂറിൽ നേരത്തെ വക്കം മൗലവിയുടെ ശ്രമഫലമായി ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ മലബാറിൽ പുനഃസ്ഥാപിച്ചിരുന്നില്ല. 1957ലെ ഒന്നാമത്തെ കേരള മന്ത്രിസഭ അധികാരമേറ്റെടുത്തപ്പോൾ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഡോ: ജോസഫ് മുണ്ടശ്ശേരിക്ക് കരുവള്ളി മുഹമ്മദ് മൗലവി നൽകിയ നിവേദനമാണ് കേരളത്തിൽ ഇന്ന് കാണുന്ന അറബി ഭാഷ പ്രചാരണത്തിന്റെ മുഖ്യഹേതുവായി കരുതപ്പെടുന്നത്. മുൻ മുഖ്യമന്ത്രിയും അറബി ഭാഷയുടെ കാവൽ പടയാളിയുമായിരുന്ന സി.എച്ച് മുഹമ്മദ്കോയയുടെ നിർലോഭമായ സഹായങ്ങൾ അന്ന് കരുവള്ളിക്ക് ലഭിച്ചിരുന്നു. കേരളത്തിലെ സ്കൂളുകളിലെ അറബി പഠനം ഏകീകരിക്കുവാൻ വേണ്ടി മുണ്ടശ്ശേരി നിർദേശിച്ച കമ്മറ്റിയുടെ കൺവീനർ കരുവള്ളിയായിരുന്നു. പാഠപുസ്തകങ്ങൾ മാത്രമല്ല, ഗൈഡുകളും അധ്യാപക സഹായികളുമെല്ലാം നിർമിച്ചിരുന്നത് ഈ കമ്മറ്റിയായിരുന്നു. 1962ൽ കരുവള്ളി മലബാറിലെ ആദ്യത്തെ മുസ്ലിം വിദ്യാഭ്യാസ ഇൻസ്പെക്റ്ററായി നിയമിക്കപ്പെട്ടു. 1974 ൽ അദ്ദേഹം സർവീസിൽ നിന്നും വിരമിക്കുന്നതുവരെ ആ സ്ഥാനം അദ്ദേഹം അലങ്കരിച്ചു. അറബി ക്ലാസ്സുകളുടെ സ്ഥലപരിമിതി, അധ്യാപകരുടെ ശമ്പളക്കുറവ്, വിദ്യാർഥികളുടെ കുറവ് തുടങ്ങിയ പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്താൻ അദ്ദേഹം ഇൻസ്പെക്റ്ററായിരുന്ന കാലത്ത് കഠിനാധ്വാനം ചെയ്തിട്ടുണ്ട്.

1957ലെ ഇ.എം.എസ് സർക്കാർ തുടക്കത്തിൽ അറബി അധ്യാപകരുടെ വിഷയം അനുഭാവപൂർവം പരിഗണിച്ചെങ്കിലും പ്രായോഗികതലത്തിൽ അത് നടപ്പാക്കുന്നതിൽ ഉപേക്ഷ വരുത്തുകയായിരുന്നു. നൂറു മുസ്ലിം കുട്ടികൾ ഒരു വിദ്യാലയത്തിൽ ഉണ്ടെങ്കിൽ അവിടെ അറബിക് തസ്തിക അനുവദിച്ചെങ്കിലും നിയമിക്കപ്പെട്ട അധ്യാപകർക്ക് ഫണ്ടില്ലെന്ന കാരണം പറഞ്ഞു ആനുകൂല്യങ്ങൾ നിഷേധിച്ചു തുടങ്ങി. കെ.എം സീതി സാഹിബ് ഡൽഹിയിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രിയുമായും സി.എച്ച് മുഹമ്മദ് കോയ ഗവർണറുമായും കൂടിക്കാഴ്ച നടത്തിയാണ് കുറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടത്. എങ്കിലും ഭാഷാധ്യാപകർ എന്ന ബഹുമതി അറബി അധ്യാപകർക്ക് നൽകാൻ സർക്കാരും ഉന്നത ഉദ്യോഗസ്ഥരും തയ്യാറായില്ല. അവർ ഗണിക്കപ്പെട്ടിരുന്നത് 'സ്പെഷലിസ്റ്റ് അധ്യാപകർ' എന്ന രണ്ടാം തരം ജീവനക്കാരായിട്ടായിരുന്നു. അറബി ഭാഷ പ്രചാരകരായിരുന്ന അറബി അധ്യാപകരുടെ ദിനങ്ങൾ ഇല്ലായ്മയുടെയും വല്ലായ്മയുടെയും കരിദിനങ്ങളായി മാറി. പക്ഷേ, അറബി ഭാഷയെ നെഞ്ചേറ്റിയിരുന്ന നേതാക്കൾ പിറകോട്ടു പോയില്ല. അവർ ഭാഷക്ക് അർഹമായ സ്ഥാനം നേടിക്കൊടുക്കാനുള്ള യുദ്ധത്തിൽ തന്നെയായിരുന്നു.

പിന്നീടുള്ള പോരാട്ടങ്ങളിൽ ഒരിക്കലും വിസ്മരിക്കാൻ സാധിക്കാത്ത വ്യക്തിത്വങ്ങളാണ് സി.എച്ച് മുഹമ്മദ്കോയ, മുൻ വിദ്യാഭ്യാസമന്ത്രി ചാക്കീരി അഹ്മദ് കുട്ടി, പി.കെ അഹ്മദ് അലി മദനി, കൊളത്തൂർ ടി. മുഹമ്മദ് മൗലവി എന്നിവർ. 1967ൽ സി.എച്ച് വിദ്യാഭ്യാസ മന്ത്രിയായി. അറബി അധ്യാപകർക്ക് ഭാഷാധ്യാപരുടെ പദവിയും ആനുകൂല്യവും നൽകി. 100 കുട്ടികൾ വേണമെന്ന നിബന്ധന അദ്ദേഹം എടുത്തുകളഞ്ഞു; 20 കുട്ടികൾ മതിയെന്ന് നിർദേശിച്ചു. 'കുട നന്നാക്കുന്നവരെയെല്ലാം സി. എച്ച്. അറബി അധ്യാപകരാക്കിയത് കൊണ്ട് കുട നന്നാക്കാൻ ആളെ കിട്ടാനില്ല' എന്ന പരിഹാസവുമായി വിമർശകർ രംഗത്തുവന്നു. വിമർശകരുടെ പരിഹാസങ്ങൾ ഗൗനിക്കാതെ സി.എച്ച് മുമ്പോട്ടു പോയി. 1962ൽ കരുവള്ളി മുസ്ലിം വിദ്യാഭ്യാസ ഇൻസ്പെക്റ്ററായി നിയമിതനാവുകയും പ്രൊഫ: മങ്കട അബ്ദുൽ അസീസ് മൗലവി കോളേജ് അധ്യാപകനായി പോകുകയും ചെയ്തതോടെ അറബി അധ്യാപകരുടെ നേതൃത്വത്തിലേക്ക് പി.കെ അഹ്മദ് അലി മദനി കടന്നുവന്നു. സർക്കാർ രൂപപ്പെടുത്തുന്ന ഭാഷ വിരുദ്ധ നിയമ

**1887ൽ മുസ്ലിം പ്രശ്നങ്ങൾ പഠിക്കുവാൻ ഗവർണർ ജനറൽ ആയിരുന്ന ലോർഡ് ഡുഫറിൻ ഒരു കമ്മീഷനെ നിശ്ചയിച്ചു. വിദ്യാഭ്യാസരംഗത്തേക്ക് മുസ്ലിംകളെ ആകർഷിക്കണമെങ്കിൽ അവരുടെ ജീവൽ ഭാഷയായ അറബി ഭാഷക്ക് അർഹമായ പ്രാധാന്യം നൽകണമെന്ന് സർ സയ്യിദ് അഹ്മദ് ഖാൻ അംഗമായിരുന്ന കമ്മീഷൻ വിലയിരുത്തി. അറബി ഭാഷ പഠിപ്പിക്കുന്നതിനായി പ്രത്യേകം ഓറിയന്റൽ സ്കൂളുകൾ സ്ഥാപിക്കാൻ അവർ നിർബന്ധിതരായി.**

നിങ്ങളെ ദീർഘവീക്ഷണങ്ങളോടെ തിരിച്ചറിയാനുള്ള പ്രത്യേക പാടവം അദ്ദേഹത്തിനുണ്ടായിരുന്നു. അറബി ഭാഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഒരു വിട്ടുവീഴ്ചക്കും അദ്ദേഹം തയ്യാറാകുമായിരുന്നില്ല. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ മനഃപാഠമായിരുന്ന അദ്ദേഹത്തിന്റെ മുമ്പിൽ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും അറബിഭാഷ വിരോധികളും പലതവണ മുട്ടുമടക്കിയിട്ടുണ്ട്. 1960ൽ സർവീസിൽ കയറിയതുമുതൽ 1990ൽ വിരമിക്കുന്നതുവരെയും ശേഷം 2013ൽ മരിക്കുന്നതുവരെയും അറബിഭാഷക്കും സമുദായത്തിന്റെ പുരോഗതിക്കും വേണ്ടിയായിരുന്നു അദ്ദേഹം ജീവിതം സമർപ്പിച്ചിരുന്നത്.

പ്രീഡിഗ്രി പോയി പ്ലസ്ടു സ്കൂളുകളിലേക്ക് മാറ്റിയ സാഹചര്യത്തിൽ പ്ലസ്ടു തലത്തിലെ അറബി പഠനം പ്രതിസന്ധി നേരിട്ടപ്പോൾ സർക്കാരിനെ കൊണ്ട് പത്തു കുട്ടികൾ ഉണ്ടെങ്കിൽ അവിടെ തസ്തിക അനുവദിക്കാമെന്ന് സമ്മതിപ്പിച്ചതിന്റെ പിന്നിലെ കരം അദ്ദേഹത്തിന്റേതായിരുന്നുവെന്നു മുൻ വിദ്യാഭ്യാസമന്ത്രി ഇ.ടി മുഹമ്മദ് ബഷീർ അനുസ്മരിക്കുന്നു. അറബിക്കോളേജുകളെ അതിന്റെ തനതായ രൂപത്തിൽ നിലനിർത്താൻ അദ്ദേഹം നിർവഹിച്ച പങ്ക് വളരെ വലുതാണ്. കെ.പി മുഹമ്മദ് മൗലവിയുടെ പത്രാധിപത്യത്തിൽ കേരളത്തിലാദ്യമായി പിറവി കൊണ്ട അറബി മാസികയായിരുന്ന 'അൽബുഷ്റ'യും അഹ്മദ് അലി മദനിയുടെയും സഹപ്രവർത്തകരായിരുന്ന കക്കാട് അബ്ദുല്ല മൗലവിയുടെയും പി.കെ.എം അബ്ദുൽമജീദ് മദനിയുടെയും കർമകുശലതയുടെ സന്തതിയായിരുന്നു.

മതനിരാസ പ്രസ്ഥാനങ്ങൾ എന്നും അറബി ഭാഷ പഠനത്തിനെതിരായിരുന്നു. പ്രൈമറി ക്ലാസ്സുകളിൽ മാതൃഭാഷ മാത്രമെ പഠിപ്പിക്കാവൂ എന്ന ആവശ്യവുമായി 1980ൽ അവരിൽ പെട്ട ചിലർ രംഗത്ത് വന്നു. അറബി പഠനത്തിലൂടെ വിദ്യാർഥികൾക്ക് ലഭിക്കുന്ന സാംസ്കാരിക പശ്ചാത്തലം ഇല്ലായ്മ ചെയ്യുക മാത്രമായിരുന്നു അവരുടെ ലക്ഷ്യം. 'ഭാഷാബോധന നയം' എന്ന പേരിൽ അവർ തട്ടിക്കൂട്ടിയ ചില തിയറികൾ സർക്കാരിന് സമർപിക്കുകയും സർക്കാർ അതിന്റെ അടിസ്ഥാനത്തിൽ ചില നിയമങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തു. അറബി ഭാഷ പഠിപ്പിക്കണമെങ്കിൽ പ്രത്യേകമായ 'സ്ഥല സൗകര്യങ്ങൾ' ഒരുക്കണമെന്ന് നിർദേശിക്കുന്ന 'അക്കമഡേഷൻ,' അറബി പഠിപ്പിക്കണമെങ്കിൽ രക്ഷിതാവ് നേരിട്ട് വന്നു പ്രത്യേകം എഴുതി ഒപ്പിട്ടുകൊടുക്കണമെന്ന 'ഡിക്ലറേഷൻ,' ഓറിയന്റൽ ടൈറ്റിൽ യോഗ്യതയുള്ളവരും എസ്.എസ്.എൽ.സി പരീക്ഷ പാസാവണമെന്ന 'ക്വാളിഫിക്കേഷൻ' എന്നിങ്ങനെ പ്രാസഭംഗിയുള്ള മൂന്നു 'കൂച്ചുവിലങ്ങുകൾ' കൊണ്ടുവന്നത് അറബി ഭാഷയെ തന്നെ കേരളത്തിലെ സ്കൂളുകളിൽ നിന്നും പിന്നീട് കോളേജുകളിൽ നിന്നും കെട്ടുകെട്ടിക്കുന്നതിനു വേണ്ടിയായിരുന്നു. സമുദായം ഉണർന്നു. സമരത്തിന് തയ്യാറായ അറബി അധ്യാപകരോട് സി.എച്ച് പറഞ്ഞു: 'നിങ്ങൾ ഞങ്ങളുടെ കുട്ടികളെ പഠിപ്പിക്കേണ്ടവരാണ്; നിങ്ങൾ സമരം ചെയ്യേണ്ടവരല്ല. ഈ സമരം സമുദായം ഏറ്റെടുത്തിരിക്കുന്നു.' മൂന്നു യുവാക്കൾ ആ സമരത്തിൽ വെടിയേറ്റു മരിച്ചുവെങ്കിലും സമുദായത്തിന്റെയും അറബിഭാഷ സ്നേഹികളുടെയും സമര വീര്യത്തിനു മുന്നിൽ സർക്കാരിന് നിയമങ്ങൾ പിൻവലിക്കേണ്ടി വന്നു.

അറബി ഭാഷ ഒരു സംസ്കാരത്തിന്റെ ഭാഷയാണ്. അരാജകത്വം നിറഞ്ഞാടിയിരുന്ന 'ജാഹിലിയ്യത്തിൽ' നിന്നും സംസ്കാരത്തിന്റെ ഉത്തുംഗ പദവികളിലേക്ക് കയറിപ്പോയ ഒരു സമൂഹത്തെ മുമ്പോട്ട് നയിച്ച വിശുദ്ധ ക്വുർആനിന്റെ ഭാഷയാണത്. വിശ്വാസത്തെയും സാഹിത്യത്തെയും സംസ്കാരത്തെയും ഇഷ്ടപ്പെടുന്ന ഏതൊരു മനുഷ്യനും നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ഭാഷയാണ് അറബി. ഉത്തമ സംസ്കാരത്തിന്റെ ജീവിക്കുന്ന പ്രതീകമായിരുന്ന മുഹമ്മദ് നബിﷺയുടെ ജീവിതവും സന്ദേശവുമറിയണമെങ്കിൽ അറബി ഭാഷ അനിവാര്യമാണ്. സാമൂഹികമാധ്യമങ്ങളിൽ അഭിരമിച്ച് സമയം നഷ്ടപ്പെടുത്തുന്ന യുവസമൂഹം ഭാഷയുടെ പഠനത്തിനായി ഓരോ ദിവസവും കൃത്യമായ സമയം കണ്ടെത്തി തങ്ങളുടെ നിത്യാനുഷ്ഠാനങ്ങളെ പഠനാർഹമാക്കാൻ ശ്രമിക്കേണ്ടതുണ്ട്. പല ഭാഷകളും കാലയവനികയ്ക്കുള്ളിൽ വിസ്മൃതിയിലാകുവാനുള്ള കാരണം ഭാഷ ജനകീയമാവാത്തതാണ്.

സംസ്കൃതം നല്ലൊരു ഭാഷയാണ്. കേവലം ഗ്രന്ഥങ്ങളിലും പണ്ഡിതരിലും മാത്രമായി ചുരുങ്ങിയപ്പോൾ അത് ജനഹൃദയങ്ങളിൽ നിന്നും വിസ്മരിക്കപ്പെട്ടു. ഭാഷാ സാഹിത്യങ്ങളുടെ എണ്ണത്തിലല്ല, ഭാഷ അറിയുന്ന മനുഷ്യരുടെ എണ്ണത്തിലാണ് ഒരു ഭാഷയുടെ പ്രസക്തി നിലനിൽക്കുന്നത്. മുകളിൽ പരാമർശിക്കപ്പെട്ട ചരിത്രം രചിച്ച മഹത്തുക്കൾ അവിശ്രമം ഭാഷയുടെ പ്രചാരകരായി, നിസ്വാർഥ സേവകരായി, കർമഭടന്മാരായി ജീവിച്ചതുകൊണ്ടാണ് പുതുതലമുറക്ക് അഭംഗുരമായി പഠനം തുടർന്ന് കൊണ്ടുപോകുവാൻ സാധിക്കുന്നതെന്ന തിരിച്ചറിവ് ഉണ്ടാവേണ്ടതുണ്ട്. വേങ്ങരയിലെ 'ജാമിഅത്തുൽ ഹിന്ദ് അൽഇസ്‌ലാമിയ്യ'യിൽ രണ്ടു ദിവസങ്ങളിലായി സമാപിച്ച അന്താരാഷ്ട്ര അറബിക് സെമിനാറിൽ കേരളത്തിലെ അറബി സാഹിത്യരംഗത്തും ഭാഷാപ്രചാരണ രംഗത്തും സേവനമർപ്പിച്ച ചരിത്ര പുരുഷന്മാരെ അനുസ്മരിക്കുകയും പ്രമുഖരെ ആദരിക്കുകയും ചെയ്തതിലൂടെ ഈ തിരിച്ചറിവിന് പ്രസക്തി വർധിച്ചിരിക്കുകയാണ്. ●

ശഹീറുദ്ദീൻ ചുഴലി
mail@nerpatham.com

ലേഖനം

# സുപ്രധാനമായ ചില വിശ്വാസ കാര്യങ്ങൾ

## ഭാഗം: 4

*(ഇമാം ഇബ്നുഅബീദാവൂദ്(റഹി)യുടെ 'അൽമൻളൂമതുൽ ഹാഇയ്യഃ' എന്ന ഗ്രന്ഥത്തിന്റെ ആദ്യ വരിയുടെ വിശദീകരണം).*

**അ**ബ്ബാസീ ഭരണാധികാരി മഅ്മൂനിബിനു ഹാറൂൺ അർറശീദിന്റെ ഭരണ കാലം വരെ അഹ്ലുസ്സുന്നയുടെ നിലപാട് ശക്തമായിരുന്നു. അദ്ദേഹത്തിന്റെ കാലമായപ്പോഴേക്ക് (ഹിജ്റ 198-218 വരെ) ബിദ്അത്തിന്റെ വാതായനങ്ങൾ മലക്കെ തുറക്കപ്പെട്ടു. ഫൽസഫക്കും (തത്ത്വശാസ്ത്രം) ഇൽമുൽകലാമിനും (വചനശാസ്ത്രം) നല്ല വേരോട്ടം ലഭിച്ചു.

റസൂൽ ﷺ പറഞ്ഞു: "യഹൂദികൾ എഴുപത്തി ഒന്ന് വിഭാഗവും നസ്വാറാക്കൾ എഴുപത്തി രണ്ട് വിഭാഗവും ആയി. ഈ ഉമ്മത്ത് പിന്നീട് എഴുത്തി മൂന്ന് വിഭാഗമാകും. എല്ലാവരും നരകത്തിലായിരിക്കും; ഒരു കൂട്ടരൊഴികെ." അവർ ചോദിച്ചു: "ആരാണ് പ്രവാചകരേ ആ ഒരു സംഘം?" പ്രവാചകൻ ﷺ പറഞ്ഞു: "ഞാനും എന്റെ സ്വഹാബത്തും ഇന്ന് ഏതൊരു നിലപാടിലാണോ അതിൽ നിലകൊള്ളുന്നവർ" (അബൂദാവൂദ്, തിർമിദി, അഹ്മദ്).

ഈ വിഭാഗങ്ങളെ സംബന്ധിച്ച് പഠിക്കലും അവരുടെ വികലാശയങ്ങൾ എന്തൊക്കെയെന്ന് മനസ്സിലാക്കലും അതിൽ നിന്ന് വിട്ട് നിൽക്കലും സത്യാന്വേഷികളുടെ ബാധ്യതയാണ്.

ഇവരെ സംബന്ധിച്ചുള്ള വിശദ ചർച്ചകളിലേക്ക് കടക്കുന്നതിന് മുമ്പ് ഇവർ ഈ വാദഗതികളിൽ ഏർപെടാനുള്ള കാരണങ്ങളെ സംബന്ധിച്ച് ഒരു ധാരണ ആവശ്യമാണ്. പ്രധാനമായും മൂന്ന് കാരണങ്ങളാലാണ് ഏതൊരു കക്ഷിയും വ്യക്തിയും പിഴച്ചുപോകുവാൻ ഇടയാകുന്നത്.

(A) വിശ്വാസ കാര്യങ്ങളുടെ വിവര ശേഖരണത്തിനും വിശദ പഠനത്തിനും ക്വുർആനിനും സുന്നത്തിനും ഉപരി മറ്റു പലതിനെയും പ്രമാണമാക്കി അല്ലെങ്കിൽ അവലംബമാക്കി. ഇതാണ് ഒന്നാമത്തെ കാരണം.

ക്വുർആനിനെയും സുന്നത്തിനെയും മാത്രം പ്രമാണമായി സ്വീകരിക്കുക എന്നതായിരുന്നു അഹ്ലുസ്സുന്നയുടെ നേതാക്കന്മാരായ സ്വഹാബത്തടക്കം സ്വീകരിച്ചു പോന്ന നിലപാട്. അതാണ് സത്യത്തിന്റെ പാത.

അല്ലാഹു പറഞ്ഞു: "ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (ക്വുർആൻ 6:153).

"അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ച് പോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കിക്കൊടുക്കുവാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നത്" (ക്വുർആൻ 16:64).

എന്നാൽ ക്വുർആനിനെയും സുന്നത്തിനെയും പ്രമാണമാക്കുന്നതിൽ നിന്നും അകന്ന് ഒരുപാട് വിഭാഗങ്ങൾ പിഴച്ചുപോയിട്ടുണ്ട്.

1. ഇൽമുൽ കലാമിന്റെ ആളുകളായ മുഅ്തസിലികളും അശ്അരികളും: ഇവർ ഫൽസഫയെയാണ് അവലംബിച്ചത്. ബുദ്ധിയാണിവർക്ക് വിധികർത്താവ്. അവർ പറയും: ക്വുർആനിന്റെയും മുതവാതിറായ സുന്നത്തിന്റെയും ആശയങ്ങൾ ബുദ്ധിക്ക് യോജിക്കുന്നുവെങ്കിൽ അതേപടി സ്വീകരിക്കും. ഇല്ലായെങ്കിൽ അതിന് ബുദ്ധി തേടുന്ന മറ്റൊരർഥം പരമാവധി ശ്രമിച്ച് നൽകും. അല്ലാഹുവും റസൂലും ഉദ്ദേശിക്കാത്തതാണെങ്കിലും ശരി. മുതവാതിറല്ലാത്ത ഹദീഥുകൾ അവർ അക്വീദക്ക് എടുക്കുക തന്നെയില്ല. അതെത്ര സ്വഹീഹായാ

**ദീൻ പൂർണമാണ്. എല്ലാം ഉൾക്കൊണ്ടതാണ്. ദീനിൽ വാഗ്ദാനങ്ങളും താക്കീതുകളും വിധികളും ആദാബുകളും എല്ലാം ഉണ്ട്. ചിലതിനെ ഉൾക്കൊള്ളുകയും ചിലതിനെ തള്ളുകയും ചെയ്യൽ പിഴവാണ്. അത് പരസ്പരം വിദ്വേഷത്തിനും വിഘടനത്തിനും കാരണമാകുകയും ചെയ്യും.**

ലും. അതുകൊണ്ട് തന്നെ ഇവർ ഇൽമുൽ കലാമിലേക്കും ഫൽസഫയിലേക്കും തിരിയുകയും അതിൽ വ്യാപൃതരാവാൻ താൽപര്യം കാണിക്കുകയും ചെയ്തു. അങ്ങനെ ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും അകന്നു.

2. സ്വൂഫികൾ: വെളിപാടാണ് അവരുടെ വിധികർത്താവ്! ദൗഖ്, വജ്ദ് എന്നൊക്കെ അവർ ഇതിനെ പേരിട്ട് വിളിക്കുന്നു. അവർ ദീനിനെ രണ്ടാക്കി തിരിച്ചു. ഒന്ന്, ശരീഅത്ത്. രണ്ട്, ഹക്വീക്വത്ത്. ശരീഅത്ത് എന്നാൽ ക്വുർആനിലും സുന്നത്തിലും വന്ന കാര്യങ്ങളും പൂർവികരുടെയും കർമ ശാസ്ത്ര പണ്ഡിതന്മാരുടെയും വാക്കുകളും. ഇതിനെയവർ പ്രകടമായ അറിവ് എന്നാണ് വിളിക്കുക. ഹക്വീഖത്ത് എന്നാൽ വെളിപാടിലൂടെയും സ്വപ്ന ദർശനത്തിലൂടെയും ലഭിക്കുന്ന റൂഹാനിയ്യായ കാര്യങ്ങൾ. ഇതിനെയവർ ഉൾസാര വിജ്ഞാനം എന്നാണ് വിളിക്കുക. ഒന്നാമത്തെത് പേപ്പറിലെ അറിവും രണ്ടാമത്തേത് അസാധാരണ അറിവുമാണ്. അത്കൊണ്ട് അവരുടെ ഇമാമുമാർ അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരോട് പറയാറുണ്ട്; നിങ്ങൾ മരിച്ചവരിൽ നിന്നുമാണ് അറിവ് സ്വീകരിക്കുന്നത്, ഞങ്ങൾ ജീവിക്കുന്നവരിൽ നിന്നുമാണ് അറിവ് തേടുന്നത് എന്ന്. അതായത്, എന്റെ റബ്ബിനെ തൊട്ട് എന്റെ ഹൃദയം എനിക്ക് പറഞ്ഞു തന്നു എന്ന്.

ഇക്കാരണത്താൽ തന്നെ സ്വൂഫികൾ അറിവ് തേടി പോകുകയില്ല. ഹദീഥിന്റെയും കർമശാസ്ത്രത്തിന്റെയും കിതാബുകളെ അവർ ആക്ഷേപിക്കുകയും ചെയ്യും. ഒറ്റക്ക് ഇരിക്കുവാനാണവർക്ക് താൽപര്യം. അവർ നസ്വാറാപുരോഹിതന്മാരെയും മറ്റും കണ്ട് അറിവിന്റെ അവസ്ഥകളെ സംബന്ധിച്ചും അതിന്റെ ആന്തരിക കാര്യങ്ങളെ സംബന്ധിച്ചും ആരായും. പാട്ടും സംഗീതവും കേട്ട് ഹൃദയത്തിന് ഇളക്കമുണ്ടാക്കുന്നതിലാണ് അവർ വ്യാപൃതരാവുക. ക്വുർആനിൽ നിന്നും അതിന്റെ പാരായണത്തിൽ നിന്നും അവർ അകന്നു.

3. ശീഈ ബാത്വിനികൾ: അവരുടെ പ്രമാണം അവരുടെ ഇമാമുമാരുടെ വാക്കുകളാണ്. അവരുടെ അടിസ്ഥാന തത്ത്വം തന്നെ അവരുടെ ഇമാമുമാർക്ക് അടിസ്ഥാന കാര്യങ്ങളിലോ ശാഖാപരമായ കാര്യങ്ങളിലോ പിഴവ് പറ്റുകയില്ല എന്നതാണ്. അവരുടെ പണ്ഡിതന്മാരും ഗവേഷകരും അവരുടെ ഇമാമാരുടെ പകരക്കാരാണ്. അവർ ഈ ഊഹ പ്രമാണത്തെ മുറുകെ പിടിക്കുകയും ക്വുർആനിൽ നിന്നും അകലുകയും ചെയ്തു.

(B) ബിദ്അത്ത് കടന്നുകൂടാനുള്ള രണ്ടാമത്തെ കാരണം ദീനിൽ ചിലത് സ്വീകരിക്കുകയും ചിലതിനെ തള്ളുകയും ചെയ്തു എന്നതാണ്.

ദീൻ പൂർണമാണ്. എല്ലാം ഉൾക്കൊണ്ടതാണ്. ദീനിൽ വാഗ്ദാനങ്ങളും താക്കീതുകളും വിധികളും ആദാബുകളും എല്ലാം ഉണ്ട്. ചിലതിനെ ഉൾക്കൊള്ളുകയും ചിലതിനെ തള്ളുകയും ചെയ്യൽ പിഴവാണ്. അത് പരസ്പരം വിദ്വേഷത്തിനും വിഘടനത്തിനും കാരണമാകുകയും ചെയ്യും. അങ്ങനെ പിഴച്ച് പോയ കക്ഷികളാണ് ഇവർ:

1. ഖവാരിജ്: അവർ താക്കീതിന്റെ ആയത്തുകൾ മാത്രം എടുത്തു. വാഗ്ദാനങ്ങളുടെ ആയത്തുകളെ പരിഗണിച്ചില്ല. ഇക്കാരണത്താൽ വൻ പാപം ചെയ്തവർ മുഅ്മിനല്ല എന്നവർ വാദിക്കുകയും അവർക്കുള്ള ശഫാഅത്തിനെ നിഷേധിക്കുകയും ചെയ്തു.

2. മുർജിയ: ഇവർ വാഗ്ദാനങ്ങളുടെ ആയത്തുകൾ മാത്രം സ്വീകരിച്ചു. താക്കീതുകളുടെ ആയത്തുകളെ പരിഗണിച്ചില്ല. ഒരു വ്യക്തി ശിർക്കല്ലാത്ത ഏത് പാപം ചെയ്താലും അവൻ പൂർണ വിശ്വാസിയാണെന്നവർ വാദിച്ചു.

3. ശീഈകൾ: ഇവർ അലി(റ)വിന്റെ ശ്രേഷ്ഠതകൾ മാത്രം സ്വീകരിച്ചു. മറ്റ് മൂന്ന് ഖലീഫമാരെയും അവഗണിച്ചു. എത്രത്തോളമെന്നാൽ അലി(റ) ഇലാഹാണെന്നും മറ്റ് മൂന്ന് പേരും കാഫിറുകളാണെന്നു പോലും അവർ വാദിച്ചു. എന്നാൽ ഖവാരിജുകൾ നേരെ തിരിച്ചും! അലി(റ) കാഫിറാണെന്നാണ് അവരുടെ പക്ഷം.

4. ഇൽമുൽ കലാമിന്റെ ആളുകൾ: അവർ പറഞ്ഞു: 'ഇസ്‌ലാം ബുദ്ധിയുടെയും ചിന്തയുടെയും മതമാണ്.' അവരുടെ ഈ വാദം ശരിയാണ്. പക്ഷേ, ഇവർ അതിൽ അതിര് കവിഞ്ഞു. ക്വുർആനും സുന്നത്തും സ്വീകരിക്കുന്നിടത്ത് അവർ ബുദ്ധിക്ക് സ്ഥാനം കൊടുത്തു. അങ്ങിനെ അവർ കറാമത്തുകളെയും സിഹ്ർ, ക്വബ്ർ ശിക്ഷ, മീസാൻ, സ്വിറാത്ത് പോലുള്ള കാര്യങ്ങളെ നിഷേധിച്ചു. കാരണം, അവരുടെ ഭാഷ പ്രകാരം ഇതെല്ലാം ബുദ്ധിക്ക് എതിരാണ്. ഈ വിഷയത്തിൽ അവർക്കിടയിൽ തന്നെ അഭിപ്രായ വ്യത്യാസമുള്ളവരും ഉണ്ട്. ഇവർക്ക് നേരെ എതിരുള്ളവരാണ് സ്വൂഫിയാക്കൾ അവർ ബുദ്ധിയെ പാടെ നിഷേധിച്ചു. ദീനിൽ ബുദ്ധിക്ക് യാതൊരു സ്ഥാനവുമില്ലെന്നവർ വാദിച്ചു. അങ്ങനെ ഭാവനകളെയും സ്വപ്നങ്ങളെയും അന്ധവിശ്വാസങ്ങളെയും അവർ പുൽകി. വെളിപാട്, അസാധാരണ കഴിവ്, യാഥാർഥ്യങ്ങൾ എന്നെല്ലാം ഇതിനവർ പേരിട്ടു വിളിച്ചു.

5. ഖദ്‌രിയ്യ: ഇവർ സൃഷ്ടികളുടെ ഉദ്ദേശവും ഉത്തരവാദിത്തവും സ്ഥിരീകരിക്കുന്നതിൽ അതിര് കവിഞ്ഞു. അല്ലാഹുവിന്റെ ഉദ്ദേശത്തെ നിഷേധിക്കുകയും ചെയ്തു. ഇവർക്ക് നേരെ വിപരീതമായവരാണ് ജബ്‌രിയ്യാക്കൾ. അല്ലാഹുവിന്റെ ഉദ്ദേശത്തെ സ്ഥിരീകരിക്കുന്നതിൽ അവർ അതിര് കവിഞ്ഞു. സൃഷ്ടികളുടെ ഉദ്ദേശത്തെ പൂർണമായും നിഷേധിച്ചു. അവർ പറഞ്ഞു: പ്രവർത്തനങ്ങൾ ഉണ്ടാകുന്നത് അല്ലാഹുവിന്റെ ഉദ്ദേശ പ്രകാരം മാത്രമാണ്. സൃഷ്ടികൾക്ക് അതിൽ യാതൊരു ഉദ്ദേശ്യവും ഇല്ല.

6. മുശബ്ബിഹാക്കളും മുഅത്തിലകളും: മുശബ്ബിഹാക്കൾ അല്ലാഹു അവന് സ്ഥിരപ്പെടുത്തിയ വിശേഷണങ്ങളുടെ വചനങ്ങൾ (ആയത്തുകൾ) സ്വീകരിച്ചു. പക്ഷേ, അത് സൃഷ്ടികളെപ്പോലെയല്ല; സൃഷ്ടികളുടേതുമായി സാദൃശ്യപ്പെടുത്താൻ പാടില്ല എന്ന ഭാഗം അവഗണിച്ചു. മുഅത്തിലകൾ അല്ലാഹു സൃഷ്ടികളോട് സാദൃശ്യമാവുകയില്ല എന്ന ഭാഗം എടുത്ത് അല്ലാഹു അവന് സ്ഥിരപ്പെടുത്തിയ വിശേഷണങ്ങൾ അംഗീകരിക്കൽ സാദൃശ്യപ്പെടുത്തലാണെന്നും വാദിച്ച് നിഷേധിച്ചു. അവരുടെ വാദപ്രകാരം അങ്ങനെ ചെയ്യലാണ് സൃഷ്ടികളുടെ ഗുണങ്ങളിൽ നിന്നും അല്ലാഹുവിനെ പരിശുദ്ധപ്പെടുത്തൽ.

7. അതുപോലെ തന്നെ പണ്ഡിതന്മാരിൽ ഒരു വിഭാഗം ആഡംബരത്തിലും ഭൗതിക സുഖങ്ങളിലും മുഴുകി. മറ്റു ചിലർ ഭൗതിക വിരക്തിയും ത്യാഗവുമായി കഴിഞ്ഞുകൂടി. ചിലർ വിധിവിലക്കുകളിൽ മാത്രം ശ്രദ്ധിച്ചു. ആദാബുകളും പ്രാർഥനകളും വിസ്മരിച്ചു. ചിലർ ഫിക്വ്ഹിൽ മാത്രം കഴിഞ്ഞു കൂടി. ഹദീഥുമായി യാതൊരു ബന്ധവുമില്ലാതായി. ചിലർ ദഅ്‌വത്തുമായി മാത്രം കഴിഞ്ഞു കൂടി. വിജ്ഞാനപരമായ കാര്യങ്ങളിൽ അശ്രദ്ധരായി. അങ്ങനെ പല കാര്യങ്ങളിലും ചിലതിനെ സ്വീകരിക്കുക, ചിലതിനെ തള്ളുക എന്ന ഒരു സ്വഭാവം അറിഞ്ഞോ അറിയാതേയോ വന്നുകൂടി. ഈ അവസാനം പറഞ്ഞ വിഭാഗം ബിദ്ഇകളിൽ പെടുകയില്ലയെങ്കിലും പണ്ഡിതന്മാർ ശ്രദ്ധിക്കേണ്ട മുഖ്യമായ കാര്യമാണിത്. അഹ്‌ലുസ്സുന്നഃ വൽ ജമാഅഃ ഇതെല്ലാം ശ്രദ്ധിച്ചിരുന്നു. അല്ലാഹുവാണ് ഏറെ അറിയുന്നവൻ.

**(C)** ഇസ്‌ലാമിൽ ബിദ്ഈ കക്ഷികൾ ഉടലെടുക്കാനുള്ള മൂന്നാമത്തെ കാരണം ശത്രുക്കളുടെ കുതന്ത്രമാണ്. ജൂത-നസ്വാറാക്കളെ സംബന്ധിച്ച് അല്ലാഹു പറഞ്ഞത് അതാണ്:

"യഹൂദർക്കോ നസ്വാറാക്കൾക്കോ ഒരിക്കലും നിന്നെപ്പറ്റി തൃപ്തിവരികയില്ല; നീ അവരുടെ മാർഗം പിൻപറ്റുന്നത് വരെ. പറയുക: അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. നിനക്ക് അറിവ് വന്നുകിട്ടിയതിനു ശേഷം അവരുടെ തന്നിഷ്ടങ്ങളെയെങ്ങാനും നീ പിൻപറ്റിപ്പോയാൽ അല്ലാഹുവിൽ നിന്ന് നിന്നെ രക്ഷിക്കുവാനോ സഹായിക്കുവാനോ ആരുമുണ്ടാവില്ല" (ക്വുർആൻ 2:1020)

"സത്യവിശ്വാസികളേ, സത്യനിഷേധികളെ നിങ്ങൾ അനുസരിച്ച് പോയാൽ അവർ നിങ്ങളെ പിറകോട്ട് തിരിച്ചുകൊണ്ടു പോകും. അങ്ങനെ നിങ്ങൾ നഷ്ടക്കാരായി മാറിപ്പോകും" (ക്വുർആൻ 3:149)

ഇസ്‌ലാമിന്റെ ശത്രുക്കൾ രാപകൽ വ്യത്യാമില്ലാതെ അല്ലാഹുവിന്റെ പ്രകാശം ഊതിക്കെടുത്തുവാൻ പരിശ്രമിച്ചുകൊണ്ടേയിരുന്നു. ഇസ്‌ലാമിനെ തകർക്കുക എന്ന വിഷയത്തിൽ എല്ലാവരും ഒറ്റക്കെട്ടായിരുന്ന. ഇസ്‌ലാം കലർപില്ലാത്ത വിശ്വാസത്തിന്റെയും തുല്യതയില്ലാത്ത സംസ്കാരത്തിന്റെയും നീതിയുക്ത വിധിതീർപുകളുടെയും സംസ്ഥാപനമാണ് ലക്ഷ്യം വെക്കുന്നത് എന്ന തിരിച്ചറിവാണ് ഈ വിദ്വേഷത്തിന്റെ കാരണം. ഈ വക കാര്യങ്ങളൊന്നും അവരുടെ മതങ്ങളിൽ കാണുന്നില്ല. അതുപോലെ തന്നെ ദേഹേഛക്കാരുടെയും തൽപര കക്ഷികളുടെയും സ്വപ്നങ്ങൾക്ക് ഇസ്‌ലാം എതിരാണു താനും. ഇസ്‌ലാമിന്റെ പുറത്തുനിന്ന് ഇസ്‌ലാമിനെ അക്രമിക്കുവാൻ സാധ്യമല്ല എന്നതിനാൽ ഇസ്‌ലാമിന്റെ അകത്ത് കടന്നുകൂടി ഛിദ്രതയുണ്ടാക്കി. ചില പിഴച്ച ചിന്താഗതിയുള്ളവരെ വളർത്തിയെടുത്തു. അങ്ങനെ ഇസ്‌ലാമിന്റെ ശത്രുക്കളിലൂടെ ഉണ്ടായ ചില കക്ഷികളാണ്:

1. ശീഈകൾ: അബ്ദുല്ലാഹിബ്നു സബഅ് എന്ന യഹൂദിയാണതിന്റെ സ്ഥാപകൻ.

2. അതിരു കവിഞ്ഞ ഇഅ്തിസാലീ ചിന്തകൾ: ഇബ്‌റാഹീം അന്നിളാമും അബുൽ ഹുദൈൽ അൽ അല്ലാഫുമാണ് അതിന്റെ സ്ഥാപകർ. ഇവർ ഈ ആശയം സ്വീകരിച്ചത് നിരീശ്വരവാദികളായ മജൂസികളിൽ നിന്നാണ്.

3. ബാതിനിയാക്കൾ: ഇതിന്റെ സ്ഥാപകൻ അബ്ദുല്ലാ ഹിബ്നു മൈമൂൻ അൽ ഖദാഹ് ആണ് അദ്ദേഹം ഫാരിസീ യഹൂദിയാണ്.

4. സ്വിഫാത്തുകളെ നിഷേധിക്കുന്നവർ: ഇതിന്റെ സ്ഥാപകന്മാരായ അൽജഅ്ദിബിനു ദിർഹമും അൽ ജഅ്മിബ്നു സ്വഫ്‌വാനും ഈ ആശയം സ്വീകരിച്ചത് യഹൂദി ഫൽസഫയിൽ നിന്നാണ്.

5. ക്വദ്ർ നിഷേധം: ഇതിന്റെ സ്ഥാപകന്മാരായ മഅ്ബദുൽ ജുഹ്നിയും ഗീലാൻ അദ്ദിമശ്ഖിയും ഈ ആശയം സ്വീകരിക്കുന്നത് നസ്വാറാ ഫൽസഫയിൽ നിന്നാണ്.

6. സൂഫിയാക്കൾ: ഇതിനെ ആദ്യമായി സ്ഥാപിച്ചതും അതിനെ ഇസ്‌ലാമിലേക്ക് ചേർത്തതും ഹൈന്ദവ-മജൂസികളിൽ നിന്നുമുള്ള നിരീശ്വരവാദികളാണ്. പിന്നീടത് വ്യാപിച്ചു. അതിൽ അതിര് കവിഞ്ഞവരും മധ്യമ നിലപാട് സ്വീകരിച്ചവരും പിന്നീടവരിൽ ഉണ്ടായി. **(തുടരും)**

ബാലപഥം

റാശിദ ബിൻത് ഉസ്മാൻ
AIWA കോളേജ്, മോങ്ങം



# ധീരനായ പുത്രൻ

ഇത് വളരെ പണ്ട് നടന്ന ഒരു കഥയാണ്. കൊള്ളക്കാർ തേർവാഴ്ച നടത്തുന്ന കാലം. അന്ന് മനുഷ്യരെ അടിമകളാക്കി വിൽപന നടത്തുന്ന സമ്പ്രദായം നിലനിന്നിരുന്നു. അത്കൊണ്ടു തന്നെ കൊള്ളക്കാർ കവർച്ച ചെയ്യുവാനും ആളുകളെ തട്ടിക്കൊണ്ട് പോകുവാനുമായി വഴിയോരങ്ങളിൽ പതുങ്ങിയിരിക്കാറുണ്ടായിരുന്നു.

ഒരു ദിവസം എന്തോ ആവശ്യത്തിന് പോകുകയായിരുന്ന പാവപ്പെട്ട ഒരു മനുഷ്യനെ കൊള്ളക്കാർ പിടിച്ചുവെച്ചു. കൊള്ളക്കാരുടെ തലവൻ പറഞ്ഞു: "നിങ്ങളെ അടിമച്ചന്തയിൽ വിൽക്കാതിരിക്കണമെങ്കിൽ നൂറ് സ്വർണ നാണയം തരണം."

"എന്റെ പക്കൽ യാതൊന്നുമില്ല. എന്നെ വിട്ടയക്കണം" വൃദ്ധൻ യാചനാ സ്വരത്തിൽ പറഞ്ഞു.

"എങ്കിൽ നിങ്ങളെ ഞാൻ തടവുകാരനാക്കുകയാണ്" തലവൻ പറഞ്ഞു.

"എങ്കിൽ എനിക്ക് ഈ വിവരം വീട്ടിൽ അറിയിക്കണം. അവർ എന്തെങ്കിലും വഴി കണ്ടെത്തുമോ എന്ന് നോക്കട്ടെ" വൃദ്ധൻ പറഞ്ഞു.

വൃദ്ധൻ കാര്യങ്ങളെല്ലാം വിശദമാക്കുന്ന ഒരു കത്ത് എഴുതി. "എനിക്കറിയാം എന്നെ സ്വതന്ത്രനാക്കുവാനുള്ള ധനം കണ്ടെത്തുവാൻ നിങ്ങൾക്ക് കഴിയില്ല എന്ന്. എനിക്ക് ഇങ്ങനെയൊരു വിപത്ത് സംഭവിച്ചിരിക്കുന്നു എന്ന് നിങ്ങളെ അറിയിക്കുവാൻ മാത്രമാണ് ഞാനിത് എഴുതുന്നത്" എന്നാണ് അയാൾ കത്തിന്റെ അവസാനത്തിൽ എഴുതിയത്.

ഈ വൃദ്ധന് ധീരനും ബുദ്ധിമാനുമായ ഒരു മകനുണ്ടായിരുന്നു. അവന്റെ കയ്യിലാണ് കത്ത് കിട്ടിയത്. ഉടനെ അവൻ കൊള്ളക്കാരുടെ സങ്കേതം തേടി യാത്രയായി. കൊള്ളക്കാരെ കണ്ടെത്തിയപ്പോൾ അവൻ പറഞ്ഞു:

"മോചന ദ്രവ്യം നൽകാതെ നിങ്ങൾ എന്റെ പിതാവിനെ വിട്ടയക്കില്ല എന്ന് എനിക്കറിയാം. ഞാൻ നിങ്ങളോട് അതിന് യാചിക്കുന്നുമില്ല. അദ്ദേഹം വൃദ്ധനും ദുർബലനുമാണ്. അദ്ദേഹത്തെ അടിമച്ചന്തയിൽ വിറ്റാൽ നിങ്ങൾക്ക് വലിയ തുകയൊന്നും കിട്ടാൻ പോകുന്നില്ല. പകരം നിങ്ങൾ എന്നെ എടുത്തോളൂ. അദ്ദേഹത്തെ വിട്ടയക്കൂ. എന്നെ വിറ്റാൽ നിങ്ങൾക്ക് നല്ല തുക ലഭിക്കാതിരിക്കില്ല. ഞാൻ നല്ല ആരോഗ്യവാനും യുവാവുമാണ്."

ഇതു കേട്ട കൊള്ളക്കാർ അമ്പരപ്പോടെ പരസ്പരം നോക്കി. ആ ഓഫർ അവർക്ക് നന്നായി ഇഷ്ടപ്പെടുകയും ചെയ്തു. നേതാവിനോട് വിവരം പറയട്ടെ എന്നായി കൊള്ളക്കാർ. കാര്യങ്ങൾ അറിഞ്ഞപ്പോൾ കൊള്ളത്തലവനും അത്ഭുതമായി. കേട്ടത് വിശ്വസിക്കുവാൻ അയാൾക്കായില്ല. അയാൾ യുവാവിനെ കാണുവാനെത്തി. യുവാവ് അയാളോട് നേരിട്ട് അക്കാര്യം പറഞ്ഞു.

കൊള്ളത്തലവൻ യുവാവിന്റെ ചുമലിൽ കൈവെച്ചുകൊണ്ട് പറഞ്ഞു: "ഭൂമിയിൽ ഇപ്പോഴും ഇതുപോലുള്ള ധീരന്മാരായ, പിതാവിനു വേണ്ടി ത്യാഗം സഹിക്കുവാൻ തയ്യാറുള്ള മക്കൾ ജീവിച്ചിരിപ്പുണ്ടല്ലേ? നിന്നെ ഞാൻ അഭിനന്ദിക്കുന്നു. നീ കാരണം നിന്റെ പിതാവിനെ ഞാൻ വിട്ടുതരുന്നു. നിങ്ങൾ രണ്ടുപേരും സ്വതന്ത്രരാണ്. നിങ്ങൾക്ക് പോകാം."

ആപത്തിൽനിന്നും രക്ഷപ്പെട്ട സന്തോഷത്തോടെ പിതാവും മകനും വീട്ടിലേക്ക് തിരിച്ചു.

മെഹറുന്നിസ പാടൂർ
mail@nerpatham.com

കവിത

# പ്രണാമം

അനന്ത വിഹായസ്സിൽ പരകോടി ഗോളങ്ങൾ
അഴിയാചരടിൽ കോർത്തവനേ
ഓരോരോ മാർഗം ഓരോന്നിനും തീർത്ത്
ഒന്നൊഴിയാതെ കറക്കുന്നോനേ
ലോകൈക നാഥാ നിനക്ക് പ്രണാമം!
മിഴികൾക്ക് വിസ്മയ കാഴ്ചയാം ഭൂമി
മികവോടെ തീർത്തവൻ നീയാണല്ലോ
പുൽക്കൊടിത്തുമ്പിലും പർവതനിരയിലും
നിൻ സൃഷ്ടിവൈഭവം കാണുന്നു ഞാൻ
സംരക്ഷകാ നിൻമുന്നിലെന്നും പ്രണാമം!
അർഥന കേൾക്കണേ, ആലംബമേകണേ
ആത്മചൈതന്യം നീ നൽകിടണേ
നിൻ മുന്നിൽ മാത്രം നമിക്കുവാനെന്നും
സന്മനസ്സേകണേ നീ രക്ഷകാ.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

ഇബ്റാഹീം നബി عليه السلام: 8



# മക്വാമു ഇബ്റാഹീം

'മക്വാം' എന്ന പദത്തിന്റെ അർഥം 'നിന്ന സ്ഥലം' എന്നാണ്. കഅ്ബയുടെ നിർമാണം നടക്കുമ്പോൾ ഇബ്റാഹീം നബി عليه السلام ഒരു കല്ലിൽ കയറി നിന്ന് പടവ് പൂർത്തിയാക്കിയത് കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കി. അങ്ങനെ പടവ് പൂർത്തിയായി കഴിഞ്ഞപ്പോൾ ആ കല്ല് ഇബ്റാഹീം عليه السلام കഅ്ബയുടെ വാതിലിനടുത്ത് ഉപേക്ഷിക്കുകയും ചെയ്തു. ആ കല്ലിൽ അദ്ദേഹത്തിന്റെ കാൽപാദത്തിന്റെ അടയാളം പതിഞ്ഞിരുന്നു. കാലക്രമേണ ആ പാടുകൾ ഇല്ലാതെയാവുകയാണ് ചെയ്തത്.

കഅ്ബയുടെ വാതിലിനടുത്തുണ്ടായിരുന്ന ആ കല്ല് ഉമർ رضي الله عنه വിന്റെ ഖിലാഫത്ത് കാലത്ത് അവിടെ നിന്നും അൽപം നീക്കി. ത്വവാഫ് ചെയ്യുന്നവരുടെ പ്രയാസം കാരണം അവിടെ നിന്ന് പിന്നീട് ഇന്ന് നാം കാണുന്ന ആ സ്ഥലത്തേക്ക് മാറ്റി ഒരു ക്വുബ്ബക്കകത്താക്കുകയാണ് ചെയ്തത്. പിന്നീട് ഫൈസ്വൽ രാജാവ് അത് ഒരു പളുങ്ക് കൂടാരത്തിലാക്കി, ഗ്രിൽസിലാക്കി അത് പൂട്ടിവെക്കുകയും ചെയ്തു. അതിൽ തൊടലോ മുത്തലോ ഒന്നും പുണ്യമുള്ളതാക്കിയിട്ടില്ലെന്ന് പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. എന്നാൽ അതിനെ ഇടയിലാക്കി കഅ്ബഃയുടെ നേരെ തിരിഞ്ഞ് രണ്ട് റക്അത്ത് നമസ്കരിക്കലാണ് ഇസ്ലാം പുണ്യ കർമമാക്കിയിട്ടുള്ളത്.

"ഇബ്റാഹീം നിന്ന് പ്രാർഥിച്ച സ്ഥാനത്തെ നിങ്ങളും നമസ്കാര (പ്രാർഥന) വേദിയായി സ്വീകരിക്കുക" (ക്വുർആൻ 2:125).

ഈ സ്ഥാനത്ത് നമസ്കാരം പുണ്യകർമമായി നിശ്ചയിച്ചതിൽ ഉമറുബ്നുൽ ഖത്വാബ് رضي الله عنه വിന് ഒരു പങ്കുണ്ട്. അദ്ദേഹം ഇടയ്ക്കിടെ ഇപ്രകാരം സ്മരിച്ച് പറയാറുണ്ടായിരുന്നു: 'എന്റെ ആഗ്രഹത്തിനനുസരിച്ച് രണ്ട് മൂന്ന് വഹ്യ് ഇറ

ങ്ങിയിട്ടുണ്ട്. അതിൽ ഒന്ന് ഇതായിരുന്നു.' അതിന്റെ പിന്നിൽ നിന്ന് നമസ്കരിക്കാൻ പറ്റിയിരുന്നെങ്കിൽ എന്ന് അദ്ദേഹം ഇടയ്ക്കിടെ ആഗ്രഹം പ്രകടിപ്പിക്കാറുണ്ടായിരുന്നു. അദ്ദേഹം നബിﷺയോട് ഈ ആഗ്രഹം പറഞ്ഞയുടനെ അദ്ദേഹത്തോട് അങ്ങനെ നമസ്കരിക്കാൻ നിർദേശം നൽകിയോ? ഇല്ല. കാരണം, ദീനിൽ സ്വന്തം ഇഷ്ടപ്രകാരം ഒന്നും കൂട്ടിച്ചേർക്കുവാനോ എന്തെങ്കിലും ഒഴിവാക്കുവാനോ അവിടുത്തേക്ക് അധികാരമില്ല. അല്ലാഹുവിന്റെ അടുക്കൽ നിന്നും ലഭിക്കുന്ന സന്ദേശത്തിനനുസരിച്ചേ അദ്ദേഹത്തിന് എന്തും നടപ്പിൽ വരുത്തുവാൻ അവകാശമുള്ളൂ. അവസാനം നാം തൊട്ടു മുകളിൽ പറഞ്ഞ ആയത്ത് അവതരിച്ചു. അങ്ങനെ അതിന്റെ പിന്നിൽ നിന്ന് നമസ്കരിക്കൽ പുണ്യകർമമാക്കി. അതിന്റെ തൊട്ടു പുറകിൽ തന്നെ നമസ്കരിക്കണമെന്നില്ല. അതിന്റെ പിന്നിൽ, കഅ്ബഃയുടെയും നമ്മുടെയും ഇടയിൽ അത് ഉണ്ടാകത്തക്ക വിധത്തിൽ കുറച്ച് പുറകിലും നമസ്കരിക്കാവുന്നതാണ്.

**ഇബ്റാഹീം നബി(അ)യുടെ അതിഥികൾ**

"ഇബ്റാഹീമിന്റെ മാന്യരായ അതിഥികളെ പറ്റിയുള്ള വാർത്ത നിനക്ക് വന്നുകിട്ടിയിട്ടുണ്ടോ? അവർ അദ്ദേഹത്തിന്റെ അടുത്തു കടന്നുവന്നിട്ട് സലാം പറഞ്ഞ സമയത്ത് അദ്ദേഹം പറഞ്ഞു: സലാം (നിങ്ങൾ) അപരിചിതരായ ആളുകളാണല്ലോ. അനന്തരം അദ്ദേഹം ധൃതിയിൽ തന്റെ ഭാര്യയുടെ അടുത്തേക്ക് ചെന്നു. എന്നിട്ട് ഒരു തടിച്ച കാളക്കുട്ടിയെ (വേവിച്ചു) കൊണ്ടുവന്നു. എന്നിട്ട് അത് അവരുടെ അടുത്തേക്ക് വെച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ തിന്നുന്നില്ലേ? അപ്പോൾ അവരെപ്പറ്റി അദ്ദേഹത്തിന്റെ മനസ്സിൽ ഭയം കടന്നുകൂടി. അവർ പറഞ്ഞു: താങ്കൾ ഭയപ്പെടേണ്ട. അദ്ദേഹത്തിന് ജ്ഞാനിയായ ഒരു ആൺകുട്ടിയെ പറ്റി അവർ സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഉച്ചത്തിൽ ഒരു ശബ്ദമുണ്ടാക്കിക്കൊണ്ട് മുന്നോട്ട് വന്നു. എന്നിട്ട് തന്റെ മുഖത്തടിച്ചുകൊണ്ട് പറഞ്ഞു: വന്ധ്യയായ ഒരു കിഴവിയാണോ? (പ്രസവിക്കാൻ പോകുന്നത്). അവർ (ദൂതൻമാർ) പറഞ്ഞു: അപ്രകാരം തന്നെയാകുന്നു നിന്റെ രക്ഷിതാവ് പറഞ്ഞിരിക്കുന്നത്. തീർച്ചയായും അവൻ തന്നെയാകുന്നു യുക്തിമാനും ജ്ഞാനിയും ആയിട്ടുള്ളവൻ" (ക്വുർആൻ 51:24-30).

മനുഷ്യരെ അല്ലാഹു മണ്ണിൽ നിന്നും, ജിന്നുകളെ തീ ജ്വാലയിൽ നിന്നും, മലക്കുകളെ പ്രകാശത്തിൽ നിന്നുമാണ് സൃഷ്ടിച്ചിട്ടുള്ളത്. ഓരോ സൃഷ്ടിക്കും അതിന്റെ പ്രകൃതം അല്ലാഹു നൽകിയിട്ടുണ്ട്. അഥവാ പ്രകൃതിപരമായ അതിന്റെ പ്രവർത്തനങ്ങൾ ചെയ്യാനുള്ള കഴിവ് അല്ലാഹു നൽകിയിട്ടുണ്ട്. ആ പ്രകൃതം ഓരോ സൃഷ്ടിയിലും വ്യത്യസ്തമാണ്. ആ വ്യത്യസ്തത എല്ലാവർക്കും ഒരു പോലെ ഉൾകൊള്ളുവാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. എങ്കിലും മൊത്തത്തിൽ ആ പ്രകൃതത്തെ നമുക്ക് അംഗീകരിച്ചു കൊടുക്കാതെ നിർവാഹവുമില്ല. പറവകൾ അന്തരീക്ഷത്തിൽ പറക്കുന്നു, നാം സംസാരിക്കുന്നത് പോലെ അവ സംസാരിക്കില്ല. എന്നാൽ നാം കൗതുകത്തോടെ കാണുന്ന പക്ഷിയാണല്ലോ തത്ത. വീട്ടിൽ വളർത്തുന്ന ചില തത്തകൾ ചില വാക്കുകളെങ്കിലും നാം ഉച്ചരിക്കുന്നത് പോലെ ഉച്ചരിക്കാറുണ്ട്. അത് നാം കാണുകയും കേൾക്കുകയും ചെയ്യുന്നത് കൊണ്ട് അക്കാര്യം അംഗീകരിക്കുവാൻ നമുക്ക് പ്രയാസവുമില്ല. മനുഷ്യരും മൃഗങ്ങളും മത്സ്യങ്ങളുമെല്ലാം തന്നെ വ്യത്യസ്ത പ്രകൃതിയുമുള്ള സൃഷ്ടിയാണ്. ജിന്നുകളും മലക്കുകളും അങ്ങനെത്തന്നെ.

അവയുടെ പ്രകൃതം എങ്ങനെയെന്നത് അല്ലാഹു നമുക്ക് അറിയിച്ച് തന്നതിൽ നിന്നേ നമുക്ക് മനസ്സിലാക്കാൻ സാധിക്കൂ. മലക്കുകൾ പ്രകാശത്താലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെങ്കിലും അവർക്ക് മനുഷ്യരെ പോലെയുള്ള രൂപം സ്വീകരിക്കുവാനുള്ള കഴിവ് അല്ലാഹു നൽകിയിട്ടുണ്ട്. മലക്കുകൾ മനുഷ്യ രൂപത്തിൽ വന്നതിന് ക്വുർആനിലും സുന്നത്തിലും ധാരാളം തെളിവുകൾ നമുക്ക് കാണുവാൻ കഴിയും. അതെല്ലാം അതാത് സന്ദർഭത്തിൽ വിവരിക്കുന്നതാണ്. ഇവിടെ അത് വിവരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ഇബ്റാഹീം നബി(അ)യുടെ അടുത്തേക്ക് മാന്യരായ കുറച്ച് അതിഥികൾ വന്നതായാണ് ഉപരിസൂചിത വചനത്തിൽ പറയുന്നത്. അവർ വീട്ടുകാരോട് അനുവാദം ചോദിച്ചതായി പറയുന്നില്ല. പണ്ഡിതന്മാർ പറയുന്നത് അവരുടെ വീടിന് അതിഥികൾക്ക് പ്രവേശിക്കുവാനായി ഒരു വാതിലുണ്ടായിരുന്നുവെന്നും അതിലൂടെ വിരുന്നുകാർക്ക് എപ്പോഴും കയറി വരാൻ പറ്റുന്ന തരത്തിൽ അത് എപ്പോഴും തുറന്ന് വെക്കലായിരുന്നു പതിവ് എന്നുമാണ്. അതിലൂടെയാണ് ഈ അതിഥികൾ വരുന്നത്. അവർ വന്ന് സലാം പറയുന്നു. അദ്ദേഹം അവരോടും സലാം മടക്കി. സലാം ചൊല്ലുക എന്നത് ആദം(അ) മുതലേ ഉണ്ട് എന്നത് നാം മുമ്പ് വിവരിച്ചിട്ടുണ്ട്. ആരാരും തന്നിൽ വിശ്വസിക്കാതെ ഒറ്റയാനായി തന്റെ ആദർശം കൈമുതലാക്കി ജീവിക്കുന്ന വേളയിലാണ് സലാം പറഞ്ഞ് ചിലർ വരുന്നത്. അതിരില്ലാത്ത സന്തോഷം സ്വാഭാവികം. അദ്ദേഹം അവരെ വളരെ സന്തോഷത്തോടെ സ്വീകരിക്കുന്നു. അപരിചിതരാണല്ലോ വന്നിട്ടുള്ളത്. ആ അപരിചിതത്വം അദ്ദേഹം മനസ്സിൽ പറയുകയും ചെയ്തു. എന്നിട്ട് നല്ല മാംസമുള്ള ഒരു കാളക്കുട്ടനെ അവർക്കായി വേവിച്ച് കൊണ്ടു വന്നു. മറ്റൊരു സ്ഥലത്ത് ക്വുർആൻ ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്.

"നമ്മുടെ ദൂതൻമാർ ഇബ്റാഹീമിന്റെ അടുത്ത് സന്തോഷവാർത്തയും കൊണ്ട് വരികയുണ്ടായി.

അവർ പറഞ്ഞു: സലാം. അദ്ദേഹം പ്രതിവചിച്ചു. സലാം. വൈകിയില്ല. അദ്ദേഹം ഒരു പൊരിച്ച മൂരിക്കുട്ടിയെ കൊണ്ട് വന്നു. എന്നിട്ട് അവരുടെ കൈകൾ അതിലേക്ക് നീളുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹത്തിന് അവരുടെ കാര്യത്തിൽ പന്തികേട് തോന്നുകയും അവരെ പറ്റി ഭയം അനുഭവപ്പെടുകയും ചെയ്തു. അവർ പറഞ്ഞു: ഭയപ്പെടേണ്ട. ഞങ്ങൾ ലൂത്വിന്റെ ജനതയിലേക്ക് നിയോഗിക്കപ്പെട്ടിരിക്കുകയാണ്'' (ക്വുർആൻ 11:69,70).

ഭക്ഷണമുള്ളേടത്തേക്ക് ക്ഷണിക്കാതെ അതിഥികളുടെ അടുത്തേക്ക് കൊണ്ടു അങ്ങോട്ട് കൊണ്ടുപോയിക്കൊടുത്തു. അതാണ് ആതിഥ്യ മര്യാദയുടെ ഏറ്റവും ഉചിതമായ രൂപം. ആളുകളെ വിളിച്ചു വരുത്തി വരി നിർത്തി വിളമ്പിക്കൊടുക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല. ഇബ്റാഹീം(عليه السلام) അവരിലേക്ക് ഭക്ഷണവുമായി ചെല്ലുന്നു, കഴിക്കാൻ ആവശ്യപ്പെടുന്നു. അവർ കഴിക്കുന്നില്ല. അദ്ദേഹത്തിന് ഒരു ആശങ്കയുണ്ടായി. എന്താണ് ഇവർ ഭക്ഷണം കഴിക്കാത്തത്? പേടിയായി അവരുടെ കാര്യത്തിൽ ഇബ്റാഹീം നബി(عليه السلام)ക്ക്. അദ്ദേഹത്തിന്റെ ഭയം മനസ്സിലാക്കിയ അവർ പറഞ്ഞു: പേടിക്കേണ്ടതില്ല, ഞങ്ങൾ ലൂത്(عليه السلام)ന്റെ ജനതയിലേക്ക് അയക്കപ്പെട്ട അല്ലാഹുവിന്റെ ദൂതന്മാരാണ്. അപ്പോഴാണ് ഇബ്റാഹീം നബി(عليه السلام)ക്ക് കാര്യം മനസ്സിലായത്. തന്റെ വീട്ടിൽ വന്ന അതിഥികൾ മനുഷ്യരല്ലെന്നും മലക്കുകളാണെന്നും അതിനാലാണ് മനുഷ്യർ കഴിക്കുന്നത് പോലെ അവർ ഭക്ഷണം കഴിക്കാത്തത് എന്നും അപ്പോൾ മാത്രമാണ് അദ്ദേഹം അറിയുന്നത്.

ഇബ്റാഹീം നബി(عليه السلام)ക്ക് പോലും അല്ലാഹു അറിയിച്ചു കൊടുത്താലല്ലാതെ മറഞ്ഞ കാര്യങ്ങൾ ഒന്നും അറിയാൻ കഴിയില്ല എന്ന കാര്യം ഇതിൽ നിന്നും നമുക്ക്മനസ്സിലാക്കാൻ സാധിക്കുന്നു. തന്റെ മുന്നിൽ വന്നവർ ആരാണെന്ന് പോലും അദ്ദേഹത്തിന് മനസ്സിലായില്ലല്ലോ. അവർ അവരെ പരിചയപ്പെടുത്തിയപ്പോൾ മാത്രമാണ് അവരെക്കുറിച്ച് അദ്ദേഹത്തിന് മനസ്സിലായത്. ചിലർ പറയാറുണ്ട് ഇബ്റാഹീം നബിക്ക് അറിയാമായിരുന്നു അവർ മലക്കുകളാണെന്ന്; മനുഷ്യ രൂപത്തിൽ വന്നതിനാലാണ് അദ്ദേഹം അവർക്ക് ഭക്ഷണം വിളമ്പിയത് എന്ന്. ഇത് തനിച്ച വിഡ്ഢിത്തമാണ്. അറിയാമായിരുന്നെങ്കിൽ അദ്ദേഹത്തിന് അവർ ഭക്ഷണം കഴിക്കാത്തതിൽ പേടിതോന്നുമായിരുന്നോ? മാത്രവുമല്ല, മലക്കുകളുടെ മറുപടിയിൽ നിന്ന് തന്നെ ഇബ്റാഹീം(عليه السلام)ന് അവരെ മനസ്സിലായിട്ടില്ല എന്നത് വളരെ വ്യക്തമാണ്.

**ഇബ്റാഹീംനബി(عليه السلام)യും
മരിച്ചവരെ ജീവിപ്പിക്കലും**

"എന്റെ നാഥാ! മരണപ്പെട്ടവരെ നീ എങ്ങനെ ജീവിപ്പിക്കുന്നുവെന്ന് എനിക്ക് നീ കാണിച്ചുതരേണമേ എന്ന് ഇബ്റാഹീം പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു). അല്ലാഹു ചോദിച്ചു: നീ വിശ്വസിച്ചിട്ടില്ലേ? ഇബ്റാഹീം പറഞ്ഞു: അതെ, പക്ഷേ, എന്റെ മനസ്സിന് സമാധാനം ലഭിക്കാൻ വേണ്ടിയാകുന്നു. അല്ലാഹു പറഞ്ഞു: എന്നാൽ നീ നാലു പക്ഷികളെ പിടിക്കുകയും അവയെ നിന്നിലേക്ക് അടുപ്പിക്കുകയും (അവയെ കഷ്ണിച്ചിട്ട്) അവയുടെ ഓരോ അംശം ഓരോ മലയിലും വെക്കുകയും ചെയ്യുക. എന്നിട്ടവയെ നീ വിളിക്കുക. അവ നിന്റെ അടുക്കൽ ഓടിവരുന്നതാണ്. അല്ലാഹു പ്രതാപവാനും യുക്തിമാനുമാണ് എന്ന് നീ മനസ്സിലാക്കുകയും ചെയ്യുക'' (ക്വുർആൻ 2:260).

മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിയുന്നവനാണ് അല്ലാഹുവെന്നതിൽ ഇബ്റാഹീം നബി(عليه السلام)ക്ക്വിശ്വാസക്കുറവൊന്നുമില്ലായിരുന്നു. എങ്ങനെ എന്ന ചോദ്യം രണ്ട് രൂപത്തിലുണ്ട്. ഒന്ന്, സംശയിക്കുന്നവന്റെ ചോദ്യം. രണ്ട്, ഉറപ്പുള്ളത് തന്നെയാണ്. എങ്കിലും ഒന്ന് കണ്ട് മനസ്സിന് ഒരു ഉറപ്പ് ലഭിക്കുന്നതിനും. ഇവിടെ ഇബ്റാഹീം(عليه السلام) ചോദിച്ചത് ഉറപ്പായ അറിവ് ഒന്നു കാണുന്നതിന് വേണ്ടി മാത്രമാണ്. അല്ലാഹു അദ്ദേഹത്തോട് നാല് പക്ഷികളെ പിടിക്കുവാൻ കൽപിച്ചു. ആ പക്ഷികൾ എങ്ങനെയുള്ളവയായിരുന്നുവെന്ന് ഒന്നും നാം പഠിപ്പിക്കപ്പെട്ടിട്ടില്ല. അവ ഏതായിരുന്നുവെന്നെല്ലാം പലരും ചർച്ച നടത്തിയിട്ടുണ്ട്. എന്നാൽ അവ ഏത് തരം പക്ഷിയാണെന്ന് നാം അറിയുന്നതിൽ വല്ല ഉപകാരവും നമുക്ക് ഉണ്ടായിരുന്നുവെങ്കിൽ അല്ലാഹുവും റസൂലും നമ്മെ അത് അറിയിക്കുമായിരുന്നു. ആയതിനാൽ അത്തരം ചർച്ചകളുടെ പിന്നിൽ നാം പോകുന്നില്ല.

ഇബ്റാഹീം(عليه السلام)നോട് അല്ലാഹു ആ നാല് പക്ഷികളെയും തന്നിലേക്ക് കൂട്ടിപ്പിടിക്കുവാൻ കൽപിച്ചു. അവയെ ഇണക്കി, അദ്ദേഹത്തിന് അവയിൽ നല്ല പരിചയം ലഭിക്കുന്നതിന് വേണ്ടിയായിരുന്നു അത്. കാരണം, ആ പക്ഷികളെ തുണ്ടം തുണ്ടമാക്കി മാറ്റാൻ പോവുകയാണ്. രണ്ടാമത് ജീവൻ നൽകിയ ശേഷം തന്നിലേക്ക് അവ തിരികെ വരുമ്പോൾ ഇവ ആ പക്ഷികൾ തന്നെയാണെന്ന് അദ്ദേഹത്തിന് യാതൊരു ശങ്കയുമില്ലാതെ അറിയുകയും വേണമല്ലോ. ഇബ്റാഹീം(عليه السلام) കൽപന പ്രകാരം അവയെ ഇണക്കി. അവയോട് നല്ല പരിചയം നേടി. എന്നിട്ട് അവയെ അറുത്ത് കഷ്ണങ്ങളാക്കിയതിന് ശേഷം പരിസരത്തുള്ള ഓരോ മലയിലും അവയുടെ ഓരോ ഭാഗവും കൊണ്ട് പോയി വെക്കാൻ കൽപനയുണ്ടായി, അദ്ദേഹം അപ്രകാരം ചെയ്തു. പിന്നീട് അവയെ അല്ലാഹുവിന്റെ കൽപന പ്രകാരം വിളിച്ചപ്പോൾ അവ അദ്ദേഹത്തിനടുത്തേക്ക് വേഗത്തിൽ വരുന്നതായി അദ്ദേഹം കണ്ടു.

അല്ലാഹുവിന്റെ കൂട്ടുകാരൻ എന്ന് വിശേഷിപ്പി

ക്കപ്പെട്ട പ്രവാചകൻ ഇബ്‌റാഹീം(അ)ന് പോലും മരണപ്പെട്ടവർക്ക് ജീവൻ നൽകാൻ സാധിച്ചില്ല. എന്നാൽ മുഹമ്മദ് നബി(സ)ക്ക് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് വന്ന ശൈഖ് ജീലാനി(റ)യെ കുറിച്ച് ആളുകൾ വിശ്വസിക്കുന്നത് 'ചത്ത ചകത്തിന് ജീവൻ ഇടീച്ചോവർ, ചാകും കിലേശത്തെ നന്നാക്കി വിട്ടോവർ' എന്നാണ്. ഇസ്‌ലാമിന്റെ പ്രമാണങ്ങളിലുള്ള അജ്ഞതയാണ് ഇത്തരം കാര്യങ്ങളിൽ വിശ്വാസിക്കുന്നതിന് കാരണം. അല്ലാഹു അല്ലാത്ത, ഒരു സൃഷ്ടിക്ക് ജീവൻ നൽകുവാനും മരിപ്പിക്കുവാനും കഴിയും എന്ന് വിശ്വസിക്കുന്നത് കുഫ്‌റാണ്. അപ്പോൾ ചിലർക്ക് സംശയം ഉണ്ടാകും; ഈസാ(അ) ജീവിപ്പിച്ചില്ലേ എന്ന്. ഇല്ല എന്നതാണ് അതിനുള്ള മറുപടി. കാരണം അതൊരു മുഅ്ജിസത്താണ്. മുഅ്ജിസത്ത് പ്രവാചകന്മാർ ചെയ്യുന്നതല്ല. അല്ലാഹു അവരിലൂടെ പ്രകടിപ്പിക്കുന്നതാണെന്നാണ് നാം തുടക്കത്തിൽ വിവരിച്ചിട്ടുണ്ട്. ഇൻശാ അല്ലാഹ്, നമുക്ക് ഈസാനബിയ(അ)ന്റെ ചരിത്രം വിവരിക്കുമ്പോൾ അവിടെ ഈ കാര്യങ്ങൾ വിവരിക്കാം.

ഇബ്രാഹീം(അ) അല്ലാഹുവിനോട് ആവശ്യപ്പെട്ടത് കാണിച്ച് കൊടുത്തു. മരണപ്പെട്ടവരെ രണ്ടാമത് ഉയർത്തെഴുന്നേൽപിക്കുക എന്നത് അല്ലാഹുവിന് നിഷ്പ്രയാസം സാധിക്കുമെന്ന് ഇബ്രാഹീം(അ)ന് അല്ലാഹു ഇതിലൂടെ കാണിച്ചുകൊടുത്തു.

### ഇബ്‌റാഹീം നബി(അ)യും കിതാബും

അല്ലാഹു നാല് പ്രവാചകന്മാർക്ക് നൽകിയ കിതാബുകളെ നമുക്ക് പരിചയപ്പെടുത്തി തന്നിട്ടുണ്ട്. മൂസാനബി(അ)ക്ക് നൽകിയ തൗറാത്ത്, ദാവൂദ് നബി(അ)ക്ക് നൽകിയ സബൂർ, ഈസാനബി(അ)ക്ക് നൽകിയ ഇഞ്ചീൽ, മുഹമ്മദ് നബി(സ)ക്ക് നൽകിയ ക്വുർആൻ; ഇവയാണ് ക്വുർആൻ പേരെടുത്ത് പരിചയപ്പെടുത്തിയ നാല് വേദഗ്രന്ഥങ്ങൾ. ഈ പറയപ്പെട്ടവരല്ലാത്ത പ്രവാചകന്മാർക്കും അല്ലാഹു ഗ്രന്ഥങ്ങൾ നൽകിയിട്ടുണ്ട്. അവയെക്കുറിച്ച് അല്ലാഹു 'സ്വുഹുഫ്' (ഏടുകൾ) എന്നാണ് പറഞ്ഞിരിക്കുന്നത്.ഇബ്‌റാഹീം നബി(അ)ക്ക് അല്ലാഹു നൽകിയ സ്വുഹ്ഫിനെ സംബന്ധിച്ച് ക്വുർആനിൽ പ്രതിപാദിക്കുന്നത് കാണുക:

"അതല്ല, മൂസായുടെ പത്രികകളിൽ ഉള്ളതിനെ പറ്റി അവന് വിവരം അറിയിക്കപ്പെട്ടിട്ടില്ലേ? (കടമകൾ) നിറവേറ്റിയ ഇബ്‌റാഹീമിന്റെയും (പത്രികകളിൽ). അതായത് പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും, മനുഷ്യന്ന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല എന്നും അവന്റെ പ്രയത്നഫലം വഴിയെ കാണിച്ചുകൊടുക്കപ്പെടും എന്നുമുള്ള കാര്യം" (ക്വുർആൻ 53:3640).

"തീർച്ചയായും പരിശുദ്ധി നേടിയവർ വിജയം പ്രാപിച്ചു. തന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും എന്നിട്ട് നമസ്കരിക്കുകയും (ചെയ്തവൻ). പക്ഷേ, നിങ്ങൾ ഐഹികജീവിതത്തിന്ന് കൂടുതൽ പ്രാധാന്യം നൽകുന്നു. പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും. തീർച്ചയായും ഇത് ആദ്യത്തെ ഏടുകളിൽ തന്നെയുണ്ട്. അതായത് ഇബ്‌റാഹീമിന്റെയും മൂസായുടെയും ഏടുകളിൽ" (ക്വുർആൻ 87:14-19).

ഇവിടെ മൂസാ നബി(അ)ക്കും ഇബ്‌റാഹീം നബി(അ)ക്കും സ്വുഹ്ഫ് നൽകപ്പെട്ടിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം. എല്ലാത്തിലും അല്ലാഹു നൽകിയിട്ടുള്ള അടിസ്ഥാന നിർദേശങ്ങൾ ഒന്ന് തന്നെയായിരുന്നുവെന്ന് ഈ വചനങ്ങളിൽ നിന്ന് നമുക്ക് ഗ്രഹിക്കാവുന്നതാണ്. ആ സ്വുഹ്ഫിന്റെ മറ്റു പ്രത്യേകതകളൊന്നും നമുക്ക് വിവരിക്കപ്പെട്ടിട്ടില്ല.

### ഇബ്‌റാഹീം നബി(അ)യും ചേലാകർമവും

ഒരു പുരുഷന് ലിംഗ ശുദ്ധിക്കും ലൈംഗിക ശുദ്ധിക്കും ചേലാ കർമം മഹത്തരമാണെന്ന് ഇന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്. അത് നജസിൽ നിന്ന് പൂർണമായും പുരുഷന് മോചനം നൽകുന്നതാണ്. മനുഷ്യ പ്രകൃതത്തെ നന്നായി അറിയുന്ന അല്ലാഹുവിന്റെ മതം ഇത് ഒരു പുണ്യകർമമായിട്ടാണ് പഠിപ്പിക്കുന്നത്. 80 വയസ്സുള്ളപ്പോൾ അദ്ദേഹം ചേലാകർമം ചെയ്യുവാനായി കൽപിക്കപ്പെട്ടു. യാതൊരു മടിയും വിഷമവും കൂടാതെ അദ്ദേഹം അത് പാലിക്കുകയും ചെയ്തു.

അബൂഹുറയ്‌റ(റ)വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ഇബ്‌റാഹീം നബി(അ) തന്റെ എൺപതാമത്തെ വയസ്സിൽ ചേലാകർമം ചെയ്തു" (മുസ്‌ലിം).

### ഇബ്‌റാഹീം നബി(അ)യുടെ രൂപം

നബി(സ) പറയുന്നു: "രണ്ടാളുകൾ ഒരു രാത്രിയിൽ ഒരാളെയുമായി എന്റെയടുത്ത് വന്നു. അദ്ദേഹം നല്ല ഉയരമുള്ളയാളായിരുന്നു. അദ്ദേഹത്തിന്റെ ഉയരം കാരണം എനിക്ക് അദ്ദേഹത്തിന്റെ തല കാണുവാൻ എനിക്ക് കഴിയുന്നില്ല. നിശ്ചയമായും അത് ഇബ്‌റാഹീം(അ) ആയിരുന്നു"(ബുഖാരി).

നബി(സ) ഇബ്‌റാഹീം(അ)നെ ഈ അവസരത്തിലും മിഅ്‌റാജിന്റെ അവസരത്തിൽ ബൈതുൽ മഅ്മൂറിനടുത്ത് വെച്ചും കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ആകൃതി ആരുടെ പോലെയാണെന്നും അവിടുന്ന് നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്:

"...ഞാൻ ഇബ്‌റാഹീം(അ)നെ കണ്ടു. അപ്പോൾ അദ്ദേഹം നിങ്ങളുടെ കൂട്ടുകാരനോട് (അവിടുന്ന് തന്നെത്തന്നെയാണ് ഉദ്ദേശിച്ചത്) ഏറ്റവും അടുത്ത് സാദൃശ്യമുള്ളവനായിരുന്നു" (മുസ്‌ലിം).

ഇബ്‌റാഹീം(അ) നല്ല ഉയരമുള്ളയാളും നബി(സ)യുടെ രൂപത്തോട് സാദൃശ്യമുള്ള ആളുമായിരുന്നു എന്ന് വ്യക്തം. **(തുടരും)**

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ലേഖനം



# ഇളകിയാടുന്ന നീലത്തിമിംഗലങ്ങൾ

**പു**തുതലമുറ പഴയതലമുറയ്ക്ക് അത്ഭുതവും ഭീതിയും വളര്‍ത്തുക സ്വാഭാവികമാണ്. ചക്രമെന്തെന്നറിയാതെ ജീവിച്ച ജനതക്ക് മുന്നിൽ ചക്രവും വാഹനങ്ങളും പ്രത്യക്ഷപ്പെട്ടപ്പോൾ അത്ഭുതത്തെക്കാളുപരി ഭീതിയായിരിക്കും സമ്മാനിച്ചിരിക്കുക. കാളകളെ ഉപയോഗിച്ച് നിലം ഉഴുതുമറിക്കുന്ന നെൽപാടങ്ങളിലേക്ക് യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ട്രാക്ടർ ഇറങ്ങിയപ്പോൾ കര്‍ഷക മനസ്സിൽ ആഹ്ലാദത്തോടൊപ്പം തൊഴിലാളി മനസ്സുകളിൽ അവ തൊഴിൽ നഷ്ടപ്പെടുത്തുമെന്ന ഭീതിയാണുണ്ടാക്കിയത്. ആധുനികവത്ക്കരണത്തിന്റെ കാഹളം മുഴക്കി കംപ്യൂട്ടർ വന്നപ്പോൾ നവോത്ഥാന പ്രസ്ഥാനങ്ങളെന്ന് സ്വയം വിലയിരുത്തുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പോലും ഭയന്നതിന്റെ ചരിത്ര സാക്ഷ്യം കേരളത്തിനു മുമ്പിലുണ്ട്. മാനവ ചരിത്രത്തിലുടനീളം ഈ ഭീതി നിലനിന്നതായി കാണുവാൻ സാധിക്കും.

ഇതേ പ്രതിസന്ധിയാണ് 21-ാം നൂറ്റാണ്ടിൽ ലോകത്തെ മുഴുവൻ മൊബൈൽ സ്‌ക്രീനിലേക്ക് ചുരുക്കിക്കെട്ടിയ സോഷ്യൽ മീഡിയയുടെ കടന്നുവരവോടെ ഉടലെടുക്കുകയും ഇന്ന് അതിന്റെ അതിപ്രസരത്തിൽ ഭീതിജനകമായ സാഹചര്യങ്ങൾ വിശിഷ്യാ കൗമാര പ്രായക്കാരുടെ രക്ഷിതാക്കളിൽ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുള്ളത്.

ആസ്വാദനങ്ങളുടെ അസാധ്യവും അപ്രാപ്യവുമായ മുഴുവൻ വഴികളും വീടിന്റെ സ്വീകരണ മുറിയിലേക്ക് കൊണ്ടുവരികയാണ് ടെലിവിഷൻ യുഗം ചെയ്തതെങ്കിൽ അവയുടെയും അവയ്ക്കപ്പുറമുള്ളതിനെയും ഉള്ളം കൈയിലേക്ക് ചുരുക്കിക്കൊടുക്കുകയാണ് സ്മാർട്ട് ഫോണുകളുടെ സഹായത്തോടെ മീഡിയ ചെയ്തു വെച്ചത്! സ്വകാര്യത, സദാചാരം, ബന്ധങ്ങൾക്കിടയിൽ പാലിക്കേണ്ടതായ മറകൾ, മര്യാദകൾ എന്നിങ്ങനെ മാനവരാശിയുടെ താളവും സുസ്ഥിരതയും സാധ്യമായിരുന്ന സകല അളവുകോലുകളെയും പറിച്ചെറിഞ്ഞിരിക്കുകയാണ് ന്യൂ മീഡിയ.

ഇവയുടെ തുറന്നുവെച്ച കരാള ഹസ്തങ്ങളിലേക്ക് പുതുതായി പിടിപ്പിച്ച ചില ഗെയ്മുകളാണ് തീവ്രവാദ ഭീഷണിയോളം ലോകത്തങ്ങോളമിങ്ങോളം ഇപ്പോൾ ചർച്ചചെയ്യപ്പെടുന്നത്. ബ്ലൂവെയിൽ എന്ന് പേരിട്ടിരിക്കുന്ന ഈ മരണക്കെണിയുടെ വല വിരിച്ച് വേടൻമാർ കാത്തിരിക്കുന്നത് സാമൂഹ്യ മാധ്യമങ്ങളിലാണെന്നതാണ് ഏറ്റവും വലിയ പ്രതിസന്ധി. കൗമാരക്കാരുടെ സ്വാഭാവിക ആകാംക്ഷകളെയും ആത്മവിശ്വാസ പരീക്ഷണങ്ങളെയും സ്വയം മരണം വരിക്കാനുള്ള ഉപാധിയാക്കി മാറ്റുന്നു എന്നതാണ് ഏറ്റവും വലിയ ദുര്യോഗം. ബ്ലൂവെയിൽ ലോകത്തങ്ങോളമുള്ള കോടിക്കണക്കിന് ചെറുപ്പക്കാരെയും മധ്യവയസ്കരെയും കുട്ടികളെയും സ്ത്രീകളെയും ബുദ്ധിപരവും സാമൂഹികവുമായി അടിമകളാക്കി മാറ്റിയിരിക്കുകയാണ് എന്ന തിരിച്ചറിവ് എത്രപേർക്കുണ്ട്?

ജീവിതത്തെ യഥാർഥ ലക്ഷ്യങ്ങളിൽ നിന്ന് മാറ്റി നിർത്തുന്നതിനുവേണ്ടി ഉണ്ടാക്കിയ ഏറ്റവും വലിയ മുദ്രാവാക്യമാണ് ജീവിതം ആവേശമാണ് എന്നത്. സത്യത്തിൽ ജീവിതത്തിൽ ആനന്ദത്തിന്റെയും ആഘോഷത്തിന്റെയും അസുലഭ മുഹൂർത്തങ്ങളുണ്ടാകണമെന്നതിൽ ആർക്കും തർക്കമില്ല. പക്ഷേ, ജീവിതം മുഴുവൻ ഒരു തരം ആഘോഷമായി കാണണമെന്നും ആ ആഘോഷങ്ങൾ പകിട്ടുള്ളതായി മാറണമെന്നും അതിന് നിറംകൂട്ടുന്നതിന് മദ്യത്തന്റെയും പെണ്ണിന്റെയും അകമ്പടി വേണമെന്നും അവ നേടിയെടുക്കുന്നതിന് കൂടുതൽ പണമുണ്ടാക്കുവാനുള്ള എളുപ്പ വഴികൾ തേടണമെന്നും പറയാതെ പറയുകയാണ് ഇത്തരം പതു മാധ്യമങ്ങൾ.

അങ്ങനെ വരച്ചുവെച്ച കളത്തിനകത്ത് നിൽക്കുന്നവർ മാത്രമെ ആധുനിക കാലത്തിനനുസരിച്ച് ജീവിക്കാൻ യോഗ്യത നേടിയിട്ടുള്ളൂ എന്ന് പറഞ്ഞ് ഈ കളത്തിൽ നിന്ന് പുറത്താകാതിരിക്കുവാൻ സകല ധാർമിക സീമകളെയും ലംഘിക്കുവാൻ പറ്റിയ പുതിയ തലമുറയുടെ വാർത്തെടുക്കലാണിവിടെ നടന്നുകൊണ്ടിരിക്കുന്നത്

**കാളകളെ ഉപയോഗിച്ച് നിലം ഉഴുതുമറിക്കുന്ന നെൽപാടങ്ങളിലേക്ക് യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ട്രാക്ടർ ഇറങ്ങിയപ്പോൾ കർഷക മനസ്സിൽ ആഹ്ലാദത്തോടൊപ്പം തൊഴിലാളി മനസ്സുകളിൽ അവ തൊഴിൽ നഷ്ടപ്പെടുത്തുമെന്ന ഭീതിയാണുണ്ടാക്കിയത്.**

ഈ നിറക്കൂട്ടുകൾക്കിടിയിൽ വാർധക്യത്തിനും വൃദ്ധന്മാർക്കും സ്ഥാനമില്ലാതെ പോകുന്നു. രോഗികളും ശയ്യാവലംബികളും അധികപ്പറ്റായി മാറുന്നു. കറുത്തവരും ചുരുണ്ട മുടിക്കാരും അകറ്റി നിർത്തപ്പെടുന്നു. പണമില്ലാത്തവർ ജീവിക്കാൻ യോഗ്യതയില്ലാത്തവരാകുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം ഭീതിതമായി വർധിച്ചുകൊണ്ടിരിക്കുന്നു.

സാമൂഹ്യ അന്തരീക്ഷത്തെ ഗുരുതരമായി ത്രസിച്ചുകഴിഞ്ഞ ഈ ദുരന്തത്തെ നമുക്കൊന്നായി അതിജീവിക്കണം. അതിന് താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പു വരുത്തുവാൻ നാം ശ്രമിക്കുന്നത് നന്നായിരിക്കും:

1. പണക്കൊഴുപ്പിന്റെ മേളകൾ മാത്രമല്ല ജീവിതമെന്ന് മക്കളെ നിരന്തരം ബോധ്യപ്പെടുത്തുക. ഇതിനായി ഹോസ്പിറ്റലുകൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, അഗതി മന്ദിരങ്ങൾ സന്ദർശിക്കുവാൻ പ്രേരിപ്പിക്കുക.

2. സമ്പാദിക്കുന്നതിനോടൊപ്പം നല്ല കാര്യങ്ങളിൽ ചെലവഴിക്കുവാൻ കൂടിയുള്ള പ്രേരണ ചെറുപ്പത്തിലേ നൽകുക

3. പുതിയ സാങ്കേതിക ഉപകരണങ്ങൾ (സ്മാർട്ട് ഫോൺ അടക്കം) പ്രായവും പക്വതയും വിലയിരുത്തിയ ശേഷം മാത്രം നൽകുക.

4. മക്കളുടെ നല്ല സഹചാരിയും സുഹൃത്തുക്കളുമായി മാറുവാൻ രക്ഷിതാക്കൾ ശ്രദ്ധിക്കുക.

5. മതം ജീവിതത്തിൽ നിലനിർത്തലാണ് ഏത് പ്രശ്നത്തിനുമുള്ള പരിഹാരമെന്ന തിരിച്ചറിവ് പകർന്നു നൽകുക.

6. മത-ധാർമിക ശിക്ഷണങ്ങൾ ജീവിത വഴിയിൽ മക്കൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുക.

7. സ്വകാര്യമായ ഇന്റർനെറ്റ് ഉപയോഗം (വീട്ടിലായാലും) തടയുക.

8. ബാധ്യതകളെയും കഴിവുകളെയും പരസ്പരം ബന്ധപ്പെടുത്തി ഗുണപരമായി വിനിയോഗിക്കുവാൻ ശീലിപ്പിക്കുക ●

ഹാഷിം കാക്കയങ്ങാട്
mail@nerpatham.com

ലേഖനം




# ഭീകരതയും സലഫിയ്യതും
## അസത്യ പ്രചാരണങ്ങളുടെ വസ്തുതയെന്ത്?

**നാ**ൽപതോളം മുസ്‌ലിം രാഷ്ട്രങ്ങളെ അണിനിരത്തി സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ റിയാദിൽ നടത്തിയ ഭീകരവിരുദ്ധ സമ്മേളനം വലിയ ചർച്ചകൾക്ക് വഴിവച്ചിരിക്കുകയാണ്. ഇസ്‌ലാമിന്റെ പേര് ദുരുപയോഗം ചെയ്ത് ലോകത്ത് പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഐ.എസ് ഉൾപ്പെടെയുള്ള വിവിധ തീവ്രവാദ ഗ്രൂപ്പുകൾക്കെതിരെ ഇസ്‌ലാമിക് മിലിട്ടറി കൗണ്ടർ ടെററിസം കോയിലേഷൻ എന്ന പേരിൽ സഖ്യം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഹൂഥികൾ എന്നറിയപ്പെടുന്ന ഇറാൻ പിന്തുണയുള്ള ശിയാ റാഫിദിയാക്കൾ യമനിലെ അഹ്‌ലുസ്സുന്ന വിഭാഗത്തിനെതിരെ നടത്തിയ കൂട്ടക്കുരുതികൾക്കെതിരെ യമൻ സൗദിയോട് സഹായാഭ്യർഥന നടത്തി. തുടർന്ന് 2015 മാർച്ച് 25ന് പുലർച്ചെ സൗദി നേതൃത്വത്തിൽ 'ആസ്വിഫതുൽ ഹസം' എന്ന് പേരിട്ട സൈനിക നടപടി ആരംഭിച്ചു. മുപ്പത്തിനാലോളം രാഷ്ട്രങ്ങളുടെ ഒരു കൂട്ടായ്മ അന്ന് തന്നെ സൗദി ഉണ്ടാക്കിയിരുന്നു. അതിന്റെ തുടർച്ചയാണ് പുതിയ സഖ്യവും.

കാലങ്ങളായി ഇറാന് മേൽ അമേരിക്ക ഏർപ്പെടുത്തിയിരുന്ന ഉപരോധം ഈ സമയത്താണ് പിൻവലിച്ചത്. പക്ഷേ, അത് വേണ്ടത്ര വാർത്തയായില്ല.

ഇസ്‌ലാമിൽ എക്കാലത്തും ഓർമിക്കപ്പെടുന്ന സൈന്യാധിപനായ ഖാലിദ് ബിൻ വലീദ്ﷺ പേർഷ്യക്കെതിരെ തന്റെ സൈന്യത്തെ കേന്ദ്രീകരിച്ച ഹഫറുൽ ബാതിൻ എന്ന സ്ഥലത്ത് വച്ച് ഈ സഖ്യസേനയിലെ 20 രാഷ്ട്രങ്ങൾ ഇതിന് മുമ്പ് ഒരു സൈനിക പരിശീലനം നടത്തിയിരുന്നു. യമൻ വഴി സൗദിയിലേക്കും വിശുദ്ധ ഹറമിലേക്കും കടന്നുകയറി ആക്രമിക്കാൻ പദ്ധതിയൊരുക്കുന്ന ഹൂഥികൾക്കും പുതിയ ഭീഷണിയായ ഐ.എസിനുമെതിരെയുള്ള ശക്തമായ തയ്യാറെടുപ്പ് കൂടിയായിരുന്നു ആ പരിശീലനം. അതിന്റെ തുടർച്ച തന്നെയാണ് ഇപ്പോഴത്തെ ഈ സൈനിക പ്രഖ്യാപനവും. ഇസ്‌ലാമിക ലോകത്തെ ഒട്ടേറെ രാഷ്ട്രങ്ങൾ പങ്കെടുത്ത യോഗത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ടത് ശിയാ രാജ്യമായ ഇറാന്റെ അസാന്നിധ്യം തന്നെയാണ്. സൗദി അറേബ്യ സലഫീ ചിന്താധാരയിൽ നിന്നും വ്യതിചലിക്കുകയാണെന്ന പ്രചാരണങ്ങളെ തകിടം മറിക്കുന്നത് കൂടിയായി വാസ്തവത്തിൽ ഈ ഒത്തുകൂടൽ.

**സലഫിയ്യത്ത്, ശിയാഇസം, ഖവാരിജുകൾ: ഒരു പ്രാഥമിക വിവരം**

ഇസ്‌ലാമികലോകം വിശ്വാസപരമായി പ്രധാനമായും രണ്ട് ചേരിയിലാണുള്ളത്. പ്രവാചകനുംﷺ സ്വഹാബികളും എങ്ങനെയാണോ പ്രമാണങ്ങൾ വ്യാഖ്യാനിച്ചത് അതേ രൂപത്തിൽ തന്നെ അതിനെ മനസ്സിലാക്കി ആചരിക്കണമെന്ന് പറയുന്ന സലഫീ വീക്ഷണമാണ് ഒന്നാമത്തേത്. അവരാണ് അഹ്‌ലുസ്സുന്നവൽ ജമാഅ അഥവാ സലഫികൾ എന്നറിയപ്പെടുന്നത്. ക്വുർആനും സ്വഹീഹായ ഹദീഥുകളും പ്രമാണമായി അംഗീകരിക്കുന്നവരാണവർ. ഇസ്‌ലാമിന്റെ മധ്യമനിലപാടാണ് അഹ്‌ലുസ്സുന്ന അഥവാ സലഫിയ്യത്തിന്റെ മുഖമുദ്ര.

ഇതിന് നേരെ വിരുദ്ധമാണ് രണ്ടാമത്തെ വിഭാഗമായ ശിയാക്കൾ. ജൂതനായ അബ്ദുല്ലാഹ് ബിൻ സബഅ് ആണ് ശിയാഇസത്തിന്റെ സ്ഥാപകൻ. ഇസ്‌ലാമിനെ ആദർശം കൊണ്ട് ചെറുത്ത് തോൽപിക്കാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയ അന്നത്തെ ജൂതന്മാർ തന്ത്രപൂർവം ഇദ്ദേഹത്തെ ഇസ്‌ലാമിലേക്ക് കടത്തിവിട്ടു. പുറമേക്ക് മുസ്‌ലിമായി അഭിനയിക്കുകയും രഹസ്യമായി ആഭ്യന്തര സംഘർഷങ്ങൾക്ക് നേതൃത്വം കൊടുക്കുകയുമായിരുന്നു അദ്ദേഹം ചെയ്തത്.

അലിയ്യ്ﷺവിൽ ദിവ്യത്വം ആരോപിച്ച് കൊണ്ടും ഉഥ്മാൻﷺനെതിരിൽ ജനങ്ങളെ ഇളക്കിവിട്ടു കൊണ്ടും അദ്ദേഹം കലാപങ്ങൾക്ക് നേതൃത്വം കൊടുത്തു. ഒടുവിൽ ഉഥ്മാൻﷺ കൊല്ലപ്പെടുന്നതിലേക്ക് കാര്യങ്ങൾ വളർന്നു.

സൽമാനുൽ ഫാരിസിﷺ, അബൂദർറ്ﷺ, മിഖ്ദാദ്ﷺ എന്നീ മൂന്ന് പേരൊഴിച്ച് ബാക്കിയുള്ള എല്ലാ സ്വഹാബികളും മതത്തിൽ നിന്നും പുറത്ത് പോയവരാണെന്ന് ശിയാക്കൾ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. അങ്ങേയറ്റം മോശമായ പദപ്രയോഗങ്ങളിലൂടെ പ്രവാചകാനുചരന്മാരെ ഭത്സിക്കുന്ന ശിയാക്കളും ഇസ്‌ലാമും തമ്മിൽ യോജിച്ച് പോകുന്ന ഒരു മേഖലയുമില്ല. അലിﷺവിന്ന് കിട്ടേണ്ടിയിരുന്ന ഖിലാഫത്ത് സ്ഥാനം അബൂബക്റുംﷺ ഉമറുംﷺ ഉസ്മാനുംﷺ കൂടി തട്ടിയെടുക്കുകയാണ് ചെയ്തത് എന്നാണ് അവർ പ്രചരിപ്പിക്കുന്നത്. വിശുദ്ധ ക്വുർആനിൽ പതിനേഴായിരത്തോളം വചനങ്ങൾ ഉണ്ടെന്ന് അവരുടെ ആധികാരിക ഗ്രന്ഥമായ അൽകാഫീയിൽ കാണാം. തുടർന്നിങ്ങോട്ട് അഹ്‌ലുസ്സുന്നക്കെതിരെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ആക്രമണങ്ങൾ നാളിത് വരെയും ഇവർ തുടർന്ന് വരികയാണ്.

**അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം സ്ഥാപിച്ചാൽ മാത്രമെ മതം പൂർണമാകൂ എന്നാണ് ഇവരുയർത്തുന്ന പ്രധാന വാദം. ഭൂമിയിൽ നിലനിൽക്കുന്ന ഭരണവ്യവസ്ഥകൾക്കെതിരെ പരസ്യ യുദ്ധത്തിനാഹ്വാനം ചെയ്ത് കൊണ്ടും ദൗലതുൽ ഇസ്‌ലാമിന്റെ (ഇസ്‌ലാമിക രാഷ്ട്രം) സംസ്ഥാപനത്തിന് മുസ്‌ലിംകളെ ക്ഷണിച്ചു കൊണ്ടുമാണ് ലോകത്തെല്ലാ സ്ഥലത്തും ഖവാരിജുകൾ വേരുറപ്പിക്കാൻ ശ്രമിച്ചത്. തങ്ങളുടെ പിഴച്ച വാദം അംഗീകരിക്കാത്തവർ മുഴുവൻ കാഫിറുകൾ (മതനിഷേധികൾ) ആണെന്നാണ് ഖവാരിജുകളുടെ വിശ്വാസം. ISIS കൊന്നൊടുക്കിയ 92 ശതമാനവും മുസ്‌ലിംകൾ തന്നെയാണ് എന്നത് ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്.**




**അങ്ങേയറ്റം മോശമായ പദപ്രയോഗങ്ങളിലൂടെ പ്രവാചകാനുചരന്മാരെ ഭത്സിക്കുന്ന ശിയാക്കളും ഇസ്‌ലാമും തമ്മിൽ യോജിച്ച് പോകുന്ന ഒരു മേഖലയുമില്ല. അലി﵁വിന്ന് കിട്ടേണ്ടിയിരുന്ന ഖിലാഫത്ത് സ്ഥാനം അബൂബക്റും﵁ ഉമറും﵁ ഉസ്മാനും﵁ കൂടി തട്ടിയെടുക്കുകയാണ് ചെയ്തത് എന്നാണ് അവർ പ്രചരിപ്പിക്കുന്നത്. വിശുദ്ധ ക്വുർആനിൽ പതിനേഴായിരത്തോളം വചനങ്ങൾ ഉണ്ടെന്ന് അവരുടെ ആധികാരിക ഗ്രന്ഥമായ അൽകാഫീയിൽ കാണാം.**

### ഖവാരിജുകൾ

പ്രവാചകന്റെﷺ കാലം മുതലേ ഇസ്‌ലാമിക ലോകത്ത് കുഴപ്പങ്ങളുടെ വിത്ത് പാകിയവരാണ് ഖവാരിജുകൾ. പ്രവാചകനിൽﷺ അനീതി ആരോപിച്ച് രംഗത്ത് വന്ന ദുൽഖുവൈസറിന്റെ പിൻഗാമികളാണിവർ. ക്വുർആനിക വചനങ്ങൾ സന്ദർഭങ്ങളിൽ നിന്നും അടർത്തിയെടുത്ത് ദുർവ്യാഖ്യാനിക്കുന്നതാണ് ഖവാരിജുകളുടെ പൊതുവായ ശൈലി. മാത്രമല്ല, നാലാം ഖലീഫയും പ്രവാചകന്റെ പുത്രീ ഭർത്താവും കൂടിയായ അലി﵁, മുആവിയ﵁, അബൂമൂസൽ അശ്അരി﵁ തുടങ്ങിയ പ്രമുഖരായ പല സ്വഹാബികളും ഇസ്‌ലാമിൽ നിന്ന് പുറത്ത് പോയവരാണെന്ന അത്യന്തം അപകടകരമായ വിശ്വാസം പേറുന്നവരാണിവർ.

തങ്ങൾക്കിഷ്ടമുള്ള രീതിയിൽ ക്വുർആൻ വചനങ്ങൾ ദുർവ്യാഖ്യാനിച്ച് മുസ്‌ലിം സമൂഹത്തിൽ തീവ്രവാദം വളർത്താൻ നിരന്തരം ശ്രമിക്കുന്നവരാണ് ഖവാരിജുകൾ. “വിധി പറയാനുള്ള അധികാരം അല്ലാഹുവിന് മാത്രമാണ്” (സൂറഃ യൂസുഫ്: 40) എന്ന ക്വുർആൻ സൂക്തം സന്ദർഭത്തിൽ നിന്നും അടർത്തിമാറ്റിയാണ് മുകളിൽ പറഞ്ഞ സ്വഹാബികളെ അവർ മതത്തിൽ നിന്നും പുറത്താക്കിയത്. തുടർന്നിങ്ങോട്ട് കുഴപ്പങ്ങളുടെ പരമ്പര തന്നെ അവർ ഇസ്‌ലാമിക ലോകത്ത് സൃഷ്ടിച്ചു.

അബ്ദുർറഹ്മാൻ ബിൻ മുൽജിം, ബർക് ബിൻ അബ്ദുല്ല, അംറുബിൻ ബകർ എന്നിവർ ഗൂഢാലോചന നടത്തി അലി﵁, മുആവിയ﵁, അംറുബ്ൻ ആസ്﵁ എന്നീ സ്വഹാബികളെ വകവരുത്തുവാൻ തീരുമാനിച്ചു. അതും ഒരു റമദാനിലെ സുബ്ഹി നമസ്കാരത്തിന്റെ സമയത്ത്! അതിൽ അലി﵁ കൊല്ലപ്പെടുകയും മറ്റ് രണ്ട് പേർ രക്ഷപ്പെടുകുയും ചെയ്തു. വിഷം പുരട്ടിയ വാൾകൊണ്ടുള്ള വെട്ടേറ്റ് വീണ അലി﵁യോട് അബ്ദുർറഹ്മാൻ ബിൻ മുൽജിം പറഞ്ഞ വാക്കുകൾ പ്രസക്തമാണ്: “ഓ അലീ, വിധിക്കുവാനുള്ള അധികാരം നിനക്കോ നിന്റെ കൂട്ടുകാർക്കോ ഇല്ല, അത് അല്ലാഹുവിന്ന് മാത്രമാണ്.”

ഇന്ന് ലോകം മുഴുവൻ ചർച്ച ചെയ്യപ്പെടുന്ന കടകടനെ കുറിച്ച് പറയുമ്പോൾ നാം മനസ്സിലാക്കേണ്ട പ്രാഥമിക വിവരങ്ങളാണിത്.

നാലാം ഖലീഫയെ കൊല്ലാൻ അന്നത്തെ ഖവാരിജുകൾ ഉപയോഗിച്ച അതേ ക്വുർആൻ വചനം തന്നെയാണ് ഇന്നത്തെ ഖവാരിജുകളായ ഈ വിഭാഗവും നിരപരാധികളെ കൊല്ലുവാനും അറബ് ഭരണാധികാരികൾ മതത്തിൽ നിന്ന് പുറത്ത് പോയവരാണെന്ന ആരോപണം ഉന്നയിക്കുവാനും ഉയർത്തുന്നത് എന്നത് ഇവർക്കിടയിലെ ഇഴയടുപ്പം വ്യക്തമാക്കുന്നതാണ്.

അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം സ്ഥാപിച്ചാൽ മാത്രമെ മതം പൂർണമാകൂ എന്നാണ് ഇവരുയർത്തുന്ന പ്രധാന വാദം. ഭൂമിയിൽ നിലനിൽക്കുന്ന ഭരണവ്യവസ്ഥകൾക്കെതിരെ പരസ്യ യുദ്ധത്തിനാഹ്വാനം ചെയ്ത് കൊണ്ടും ദൗലതുൽ ഇസ്‌ലാമിന്റെ (ഇസ്‌ലാമിക രാഷ്ട്രം) സംസ്ഥാപനത്തിന് മുസ്‌ലിംകളെ ക്ഷണിച്ചു കൊണ്ടുമാണ് ലോകത്തെല്ലാ സ്ഥലത്തും ഖവാരിജുകൾ വേരുറപ്പിക്കാൻ ശ്രമിച്ചത്. തങ്ങളുടെ പിഴച്ച വാദം അംഗീകരിക്കാത്തവർ മുഴുവൻ കാഫിറുകൾ (മതനിഷേധികൾ) ആണെന്നാണ് ഖവാരിജുകളുടെ വിശ്വാസം. ISIS കൊന്നൊടുക്കിയ 92 ശതമാനവും മുസ്‌ലിംകൾ തന്നെയാണ് എന്നത് ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. എന്നാൽ ലോക ഇസ്‌ലാമിക പണ്ഡിതർ ഒന്നടങ്കം, പ്രത്യേകിച്ചും സലഫീ പണ്ഡിതർ ഇവർക്കെതിരെ തിരിഞ്ഞു എന്നതാണ് അവർ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി. അത് കൊണ്ട് തന്നെ അത്തരം പണ്ഡിതരെ കൊട്ടാര വിദൂഷകരെന്ന് വിളിച്ചാക്ഷേപിക്കുകയാണ് അവർ ചെയ്യുന്നത്. **(തുടരും)**

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com



# ലഹരിയിലേക്കെത്തുന്ന വഴികൾ

*ചോദ്യം: എന്റെ പതിനേഴ് വയസ്സുള്ള മകൻ ലഹരിയ്ക്കടിമയാണ്. നേരത്തെ മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഇനിയെന്ത് ചെയ്യും?*

ഉത്തരം: ഇനി എന്ത് ചെയ്യും എന്ന ചോദ്യത്തെക്കാളും നേരത്തെ മനസ്സിലാക്കുവാൻ കഴിഞ്ഞില്ല എന്നതാണ് ഗൗരവപരമായി കാണേണ്ടത്. ഇസ്ലാമിക ശരീഅത്തിന്റെ തന്നെ അടിസ്ഥാനങ്ങളിലൊന്നാണ് തെറ്റിലേക്കുള്ള വഴി അടയ്ക്കൽ (സദ്ദുദരീഅത്ത്). അന്യ സ്ത്രീ പുരുഷന്മാർ തമ്മിലുള്ള നോട്ടത്തെ വിരോധിച്ചത് വ്യഭിചാരത്തിലേക്ക് എത്താതിരിക്കുവാനാണ്. കാരണം എത്തിക്കഴിഞ്ഞ ശേഷം പിൻവാങ്ങൽ പ്രയാസകരമാണ്. പാപരഹിതമായി ജീവിക്കുവാനും അത് സഹായിക്കും. സ്ത്രീയും പുരുഷനും ഒറ്റയ്ക്കാവാൻ പാടില്ലെന്ന നിയമവും സ്ത്രീകളുടെ ഹിജാബുമെല്ലാം ഇതിൽ ഉൾപെടും. ലഹരിയിലേക്കെത്തുന്ന സാഹചര്യങ്ങളെ ഇതിലേറെ ഗൗരവമായി നാം കാണണം.

മൂന്ന് സുഖങ്ങളാണ് ഏതൊരു മനുഷ്യനെയും പെട്ടെന്ന് സ്വാധീനിക്കുന്നത്. ഒന്ന് വിനോദങ്ങളാണ്. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ഗെയിമുകൾ. ആളുകളെ ആത്മഹത്യയിലേക്ക് വരെ എത്തിക്കുന്ന ഭീകരാവസ്ഥയിലേക്ക് ചില ഗെയിമുകൾ എത്തിക്കഴിഞ്ഞു. രണ്ടാമത്തേത് ലൈംഗികതയാണ്. ഏതെങ്കിലും തരത്തിൽ ഇത് ആസ്വദിക്കുന്നവരാണ് വലിയൊരു വിഭാഗം. മൂന്നാമത്തേതാണ് ലഹരിയുടെ സുഖം. പുകവലിയും മുറുക്കും പാൻപരാഗും ഇഞ്ചക്ഷനും ഗുളികകളും പാമ്പിനെക്കൊണ്ട് നാവിൽ കൊത്തിക്കുന്നതുമടക്കം ലഹരിയുടെ എന്തെല്ലാം വഴികൾ! അവസാനം ഉരുകിത്തീരുന്നു. വൈറ്റ്നർ അടക്കം പല സ്റ്റേഷണറി സാധനങ്ങളും ചില മരുന്നുകളും മക്കൾ ലഹരിക്കായി ഉപയോഗിക്കുന്നു എന്ന കാര്യം അധികം രക്ഷിതാക്കൾക്കുമറിയില്ല. ലഹരി വസ്തുക്കൾ സുലഭമായ ഇക്കാലത്ത് രക്ഷിതാക്കൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ലഹരിയിലേക്കെത്തുന്ന ചില കാരണങ്ങൾ കുറിക്കട്ടെ:

1. വളരെ ചെറുപ്രായത്തിൽ ശ്രദ്ധിക്കേണ്ട കാര്യം ആദ്യം പറയാം: കൃത്രിമ രുചിയുള്ള ആഹാരങ്ങൾ കഴിവതും കുട്ടികളെ ശീലിപ്പിക്കാതിരിക്കുക. എന്തും രുചിച്ച് നോക്കുവാനും ഏത് രുചിയുമായും ഇണങ്ങുവാനും അത് മൂലം കുട്ടികൾക്ക് സാധിക്കുന്നു. ഇത് ലഹരിയുണ്ടാക്കുന്ന വസ്തുക്കളുടെ ഉപയോഗത്തിലേക്ക് എത്തിച്ചേക്കാം.

2. പുകവലി പലരെയും ലഹരിയിലേക്ക് എത്തിച്ചിട്ടുണ്ട്. പ്രത്യേകിച്ച് കഞ്ചാവിന്റെ ഉപയോഗത്തിലേക്ക് എത്താൻ അത് എളുപ്പവഴിയാണ്. പുകവലിക്കുന്ന സ്വഭാവം കണ്ടുകഴിഞ്ഞാൽ അത് മാറ്റിയെടുക്കുവാനുള്ള ബുദ്ധിപൂർവമായ ഇടപെടൽ വലിയ ദുരന്തങ്ങളെ ഒഴിവാക്കും.

3. ലഹരി ഉപയോഗിക്കുന്ന കൂട്ടുകാരോടൊപ്പമുള്ള സഹവാസമാണ് പലരെയും ലഹരിയിലേക്കെത്തിക്കുന്നത്. 'ഞാൻ ഉപയോഗിക്കാതിരുന്നാൽ പോരേ' എന്ന് ചോദിച്ച പലരും പിന്നീട് ലഹരിയിലേക്ക്എത്തിയിട്ടുണ്ട്.

4. ലഹരി ഉപയോഗിക്കുന്ന മാതാപിതാക്കളാണ് മറ്റൊരു കാരണം. മക്കൾ ലഹരിയെക്കുറിച്ച് മനസ്സിലാക്കുവാനും അത് തെറ്റായി കാണാതിരിക്കുവാനും അത് വഴിവെക്കുന്നു.

5. ആവശ്യത്തിലധികം പണം കയ്യിൽ വരുന്നതും ലഹരി വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്നതിലേക്കും ചീത്ത കൂട്ടുകാർ കൂടെ കൂടുന്നതിനും കാരണമാകുന്നു.

6. സിനിമകളും സീരിയലുകളും ലഹരിയിലേക്കെത്തിക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്.

7. ഏത് തരത്തിലുള്ള ആഘോഷവേളകളിലും പരീക്ഷിക്കുന്ന തിന്മകളുടെ കൂട്ടത്തിൽ മദ്യം പ്രധാനമാണ്.

8. കുട്ടികളെ ദുരുപയോഗം ചെയ്യുന്നവരുടെ ആയുധവും ലഹരിവസ്തുക്കളാണ്.

ലഹരി ഉപയോഗിക്കുന്നവരെ മാറ്റിയടുക്കുവാൻ പ്രഥമവും പ്രധാനവുമായി വേണ്ടത് സ്നേഹോപദേശമാണ്. അല്ലാഹുവിനെപ്പറ്റിയും പരലോകത്തെപ്പറ്റിയും ഓർമിപ്പിക്കുന്ന ജീവിതത്തിന്റെ യഥാർഥ ലക്ഷ്യത്തെപ്പറ്റി ബോധവൽക്കരിക്കുന്ന ഹൃദ്യമായ ക്ലാസുകളിൽ പങ്കെടുപ്പിക്കുക എന്നതും ഒരു പരിഹാരമാണ്. മാതൃകാപരമായി നടക്കുന്ന ഡി അഡിക്ഷൻ സെന്ററുകളും പ്രയോജനപ്പെടുത്താം. ●

# കേരളം അറബി പഠന രംഗത്ത് ലോകത്തിന് മാതൃക

## സഊദി അറേബ്യ കൾച്ചറൽ അറ്റാഷെ ഹിസ് എക്സലൻസി ഡോ: അബ്ദുല്ല അൽ ശത്വി

മലപ്പുറം: അറബി ഭാഷാ പഠനം പ്രാഥമികതലം മുതൽ വ്യവസ്ഥാപിതമായി നടപ്പിലാക്കുന്ന വിഷയത്തിൽ കേരളം ലോകത്തുള്ള അറബ് ഇതര രാജ്യങ്ങൾക്ക് മാതൃകയാണെന്ന് ജാമിഅ അൽഹിന്ദ് കാമ്പസിൽ ആരംഭിച്ച ദ്വിദിന അന്താരാഷ്ട്ര സെമിനാർ ഉദ്ഘാടനം ചെയ്ത് സുഊദി അറേബ്യ കൾച്ചറൽ അറ്റാഷെ ഹിസ് എക്സലൻസി ഡോ: അബ്ദുല്ല അൽശത്വി അഭിപ്രായപ്പെട്ടു.

ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ, ന്യൂഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയുമായി ചേർന്ന് 'അറബി ഭാഷാ സാഹിത്യം കേരളത്തിൽ: ചരിത്രവും വർത്തമാനവും' എന്ന തലക്കെട്ടിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര അറബിക് സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നൂറ്റാണ്ടുകളായി കേരളത്തിൽ സജീവമായി നടക്കുന്ന അറബി ഭാഷാ സാഹിത്യ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര തലത്തിൽ പരിചയപ്പെടുത്തുക, പഴയകാല ഭാഷ പണ്ഡിതരുടെ സേവനങ്ങൾ പുതുതലമുറക്ക് കൈമാറുക, വിദ്യാർഥികളിൽ ഗവേഷണ അഭിരുചി വളർത്തിയെടുക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ എം.എസ്.എം സംസ്ഥാന സമിതിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ദ്വിദിന സെമിനാർ സുഊദി അറേബ്യ എംബസി കൾച്ചറൽ അറ്റാഷെ ഡോ. അബ്ദുല്ല ശത്വി ഉദ്ഘാടനം ചെയ്തു. ന്യൂഡൽഹി ജവഹർലാൽ യൂണിവേഴ്സിറ്റി അറബ് ആൻഡ് ആഫ്രിക്കൻ സ്റ്റഡിസ് ചെയർ പേഴ്സൺ ഡോ. രിദ്‌വാനുർറഹ്മാൻ അധ്യക്ഷത വഹിച്ചു.

ദീർഘ കാലമായി അറബി ഭാഷ സാഹിത്യരംഗത്ത് സ്തുത്യർഹമായ സേവനങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന കൊളത്തൂർ ടി.മുഹമ്മദ് മൗലവി, ജാബിർ മുഹമ്മദ് ഫലക്കി, മുഹമ്മദ് അഹമദ് ഫാറൂഖി, പ്രൊഫ എം.എ ഫരീദ്, കക്കാട് അബ്ദുല്ല മൗലവി, പ്രൊഫ വീരാൻ മൊയ്തീൻ, ടി.പി മുഹമ്മദ് മൗലവി, എ.അബ്ദു നദ്‌വി, മൗലവി അബ്ദുബ്നു മസ്ഊദ്, അഹ്മദ് ഫൈസി കൊളപ്പുറം, അബ്ദുൽ ജബ്ബാർ മൗലവി തുറക്കൽ, അലവിക്കുട്ടി മൗലവി കുന്നുംപുറം, മൊയ്ദു മാസ്റ്റർ വാണിമേൽ, വി.എസ് അബ്ദുല്ലക്കോയ തങ്ങൾ, സൈനുദ്ദീൻ കരുവമ്പലം, സി.എച്ച് ഹംസ മാസ്റ്റർ തുടങ്ങിയ സാഹിത്യകാരന്മാരെയും ഭാഷാ പണ്ഡിതന്മാരെയും ആദരിച്ചു.

രാജ്യത്തിനകത്തും പുറത്തു നിന്നുമുള്ള അക്കാദമിക വിചക്ഷണർ, അറബി ഭാഷാ പണ്ഡിതർ, പത്രപ്രവർത്തകർ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു. ജവഹർലാൽ നെഹ്റു സർവകലാശാല ന്യൂഡൽഹി, ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ ന്യൂഡൽഹി, ദില്ലി സർവകലാശാല, ഇഫ്‌ലു ഹൈദരാബാദ്, മൗലാനാ ആസാദ് നാഷണൽ ഉറുദു യൂണിവേഴ്സിറ്റി, ഹൈദരാബാദ്, ആലിയ സർവകലാശാല കൽക്കത്ത, ജമാൽ മുഹമ്മദ് കോളേജ് ട്രിച്ചി, മദ്രാസ് യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി തുടങ്ങിയ സർവകലാശാലകളിലെ പ്രൊഫസർമാരും ഗവേഷക വിദ്യാർഥികളും വ്യത്യസ്ഥ വിഷയങ്ങൾ അവതരിപ്പിച്ചു.

'നവോത്ഥാന കാലഘട്ടത്തിലെ അറബി ഭാഷ ചരിത്രം' എന്ന സെഷനിൽ ഡോ രിദ്‌വാനുർറഹ്മാൻ, സുഫിയാൻ അബ്ദുസ്സലാം, അൻവർ കൊയമ്പറവൻ, മുഹമ്മദ് ഫയാസ് സ്വലാഹി, ഇർഫാൻ എം.കെ, മൊയ്തീൻകുട്ടി കല്ലറ എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.

'കേരളത്തിലെ പ്രമുഖരായ അറബി കവികൾ, നിരൂപണം' എന്ന സെഷനിൽ ശിയാസ് കെ.പി, ഡോ പി.അബ്ദു, സുൽഫീക്കർ.എം, സി.പി ശഫീഖ്, പ്രൊഫ എം.എ ഫരീദ്, റാശിദ് പി.എ, മുഹമ്മദ് ശഫീഖ് കെ.ടി, അഫ്സൽ അഹ്മദ് എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.

### അന്താരാഷ്ട്ര അറബിക് സെമിനാർ സമാപിച്ചു

**അറബി ഭാഷ രംഗത്ത് കേരളത്തിന്റെ സാധ്യതകൾ അന്താരാഷ്ട്ര തലത്തിൽ പ്രയോജനപ്പെടുത്തണം: പി.കെ കുഞ്ഞാലിക്കുട്ടി എം.പി**

മലപ്പുറം: നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ കേരളത്തിൽ വിരചിതമായ അറബിഭാഷ സാഹിത്യസൃഷ്ടികൾ അന്താരാഷ്ട്ര തലത്തിൽ പ്രയോജനപ്പെടുത്തണമെന്ന് പി.കെ കുഞ്ഞാലിക്കുട്ടി എം.പി അഭിപ്രായപ്പെട്ടു. ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ, ന്യൂഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയുമായി ചേർന്ന് 'അറബി ഭാഷാ സാഹിത്യം കേരളത്തിൽ: ചരിത്രവും വർത്തമാനവും' എന്ന തലക്കെട്ടിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര അറബിക് സെമിനാറിന്റെ സമാപന സെഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

‘ബാല സാഹിത്യം, സ്ത്രീ രചനകൾ’ എന്ന സെഷനിൽ ഡോ സി.മുഹമ്മദ് റാഫി, ടി.എൻ ശമീർ നദ്‌വി. മുഹമ്മദ് ഫാരിസ്.എം, അലീഫ് ഷാൻ സി.എം എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.

‘ഇന്തോ അറബ് സാംസ്കാരിക സാഹിത്യ വിനിമയങ്ങൾ’ എന്ന സെഷനിൽ ശൈഖ് അബ്ദുൽ വഹാബ് അൽ കാതിബ്, ശുറൈഹ് സലഫി, നിഷാദ് അലി.വി, അബ്ദുർറഹ്മാൻ.സി, ഫൈസൽ പുതുപ്പറമ്പ്, ശൈഖ് ശുഐബ് ഹസൻ മുബാറക് ഫൂരി, അബ്ദുൽ വഹാബ്.കെ എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.

‘പരിഭാഷ രംഗത്തെ പ്രധാന നാഴികക്കല്ലുകൾ’ എന്ന സെഷനിൽ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഡോ സി.എം ഷാനവാസ്, അശ്ഹം സലീൽ, മുഹമ്മദ് ഫവാസ്.കെ, ഡോ കെ.ജലാലുൽ ഹഖ് ഉമരി, അബ്ദുൽ അഹദ് എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.

‘സമകാലിക അറബി രചനകൾ, പത്രപ്രവർത്തനം, നിരൂപണം’ എന്ന സെഷനിൽ പ്രൊഫ എം.അബ്ദുൽ ഖാദിർ, അബ്ദുൽ ഹകീം, ഡോ സി.എം സാബിർ നവാസ്, ജസീൽ സി.കെ, ഡോ കെ.എം ഹിലാൽ, ഫാരിസ് ബംഗാളത്ത്, കാശിഫ് ജമാൽ, വി.കെ ഉനൈസ് സ്വലാഹി, ഡോ സഈദുർറഹ്മാൻ, ഉസാമ സി.എ, ജാഫർ.കെ എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.

സമാപന സമ്മേളനം കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.കെ മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു. പി.കെ കുഞ്ഞാലിക്കുട്ടി എം.പി മുഖ്യാതിഥിയായിരുന്നു. പ്രൊഫസർ സയ്യിദ് മുഹമ്മദ് ശാക്കിർ അധ്യക്ഷത വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ടി.എ അബ്ദുൽ മജീദ്, ജാമിഅ അൽഹിന്ദ് ശരീഅ കോളേജ് പ്രിൻസിപ്പാൾ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ തുടങ്ങിയവർ സംസാരിച്ചു.

# വിദേശ ഭാഷാ പഠനത്തിന് സാധ്യതകൾ വർധിച്ചു: ഡോ. റിദ്‌വാനുർറഹ്മാൻ

മുക്കം: ആഗോളവൽക്കരണത്തിന്റെ ഭാഗമായി ലോകം മുഴുവനും ജോലി സാധ്യതകൾ തുറന്നിട്ട പുതിയ സാഹചര്യത്തിൽ വിദേശ ഭാഷാ പഠനത്തിന് സാധ്യതകൾ വർധിച്ചതായി ന്യൂഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാല സെന്റർ ഫോർ അറബ് ആന്റ് ആഫ്രിക്കൻ സ്റ്റഡീസ് ചെയർപേഴ്സൺ ഡോ.റിദ്‌വാനുർറഹ്മാൻ അഭിപ്രായപ്പെട്ടു. ലോക അറബി ഭാഷാ ദിനത്തോടനുബന്ധിച്ച് നെല്ലിക്കാപറമ്പ് ഗ്രീൻവാലി പബ്ലിക് സ്കൂളിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സ്റ്റേറ്റ് ഇന്റർ സ്കൂൾ അറബിക് ആർട്സ് ഫെസ്റ്റ് ‘അദബ് ഫൻ 2017’ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അറബിക്, ഫ്രഞ്ച്, സ്പാനിഷ്, ചൈനീസ് തുടങ്ങിയ ഭാഷകളിൽ നൈപുണ്യമുള്ളവർക്ക് വലിയ ഉപരിപഠന ജോലി സാധ്യതകളാണ് ലോകത്ത് നിലവിലുള്ളത്. മാറിയ സാഹചര്യങ്ങൾ മനസ്സിലാക്കി ഭാഷാ പഠന രംഗത്ത് കൂടുതൽ കാര്യക്ഷമതയോടെ പാഠ്യ പദ്ധതികൾ തയ്യാറാക്കാൻ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും തയ്യാറാവണം. ലോകത്ത് ഏറ്റവുമധികം വ്യാവസായിക, വാണിജ്യ, സാമ്പത്തിക, സാംസ്കാരിക, സാമൂഹിക വിനിമയങ്ങൾ നടക്കുന്ന അറബി ഭാഷ കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ വിദ്യാർഥി തലമുറ മുന്നോട്ട് വരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗ്രീൻവാലി ചെയർമാൻ പ്രൊഫ: സയ്യിദ് മുഹമ്മദ് ശാക്കിർ അധ്യക്ഷത വഹിച്ചു. ജവഹർലാൽ നെഹ്റു സർവകലാശാലയിലെ സീനിയർ റിസർച്ച് ഫെലോ കാശിഫ് ജമാൽ മുഖ്യ പ്രഭാഷണം നിർവഹിച്ചു. സ്കൂൾ പ്രിൻസിപ്പാൾ കെ.പി ഹിദായത്ത്, വൈസ് പ്രിൻസിപ്പാൾ പ്രൊഫ: അബ്ദുൽ കരീം, അറബിക് ഫെസ്റ്റ് കോ ഓഡിനേറ്റർ പി.റസീൽ എന്നിവർ സംസാരിച്ചു.

ദിനാചരണത്തിന്റെ ഭാഗമായി കേരളത്തിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള 300 ൽ പരം കുട്ടികൾ മാറ്റുരക്കുന്ന അറബിക്ക് ആർട്സ് ഫെസ്റ്റ് ഡിസംബർ 18ന് ഗ്രീൻവാലി ക്യാമ്പസിൽ വെച്ച് നടക്കും. അറബി ഭാഷയുടെ സാഹിത്യ വൈവിധ്യങ്ങൾ വിളിച്ചോതുന്ന 25ൽ പരം ഇനങ്ങൾ 7 വേദികളിലായി സംഘടിപ്പിക്കും. മെമ്മറി ടെസ്റ്റ്, കയ്യെഴുത്ത്, സ്റ്റോറി ടെല്ലിംങ്ങ്, കാലിഗ്രഫി, കഥാരചന, ക്യാപ്ഷൻ റൈറ്റിങ്ങ് വിവർത്തനം, പദപ്പയറ്റ്, അറബി കവിതാ രചന, ഉപന്യാസം, ഖുർആൻ പാരായണം, സംഭാഷണം , സബ് ഷരാഡ്സ്, ഡിബേറ്റ്, സ്പെല്ലിങ്ങ് ബീ, മെഗാ ക്വിസ് തുടങ്ങി 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് 4 കാറ്റഗറികളിലായി മത്സരം. രജിസ്ട്രേഷൻ അവസാന തീയതി ഡിസംബർ 12. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക: 9497555035, 9895648255.

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ആരാണ് ശിയാക്കൾ? ഭാഗം: 4



# ഗദീർഖുമ്മ് മഹോത്സവം

**ശി**യാക്കൾക്ക് ധാരാളം ആഘോഷങ്ങളുണ്ട്. അവയിൽ പലതും അനുശോചിച്ചും ആർത്തുവിളിച്ചും വിലപിച്ചും മാറത്തടിച്ചും പല നിഷിദ്ധങ്ങൾ അനുഷ്ഠിച്ചുമാണ് നടത്തപ്പെടാറ്. ശിയാക്കളുടെ വിശുദ്ധ സ്ഥലങ്ങളായ കർബല, നജ്ഫ്, ക്വുമ്മ് തുടങ്ങിയ മശ്ഹദുകളിൽ എത്തുന്നവർക്ക് അതു നോക്കിക്കാണാവുന്നതുമാണ്.

ബലിപെരുന്നാളിനെക്കാളും ഫിത്വ്ർപെരുന്നാളിനെക്കാളും ശിയാക്കൾ ശ്രേഷ്ഠതയെണ്ണുന്ന പെരുന്നാളാണ് ഗദീർഖുമ്മ്. ദുൽഹജ്ജ് പതിനെട്ടിനാണ് പ്രസ്തുത ആഘോഷം. ഈ ദിവസം നോമ്പെടുക്കുന്നത് അവർക്ക് പ്രബലമായ സുന്നത്താണ്. നബിﷺ ഈ ദിവസത്തിലാണ് അലിയ്യി(റ)ന് ഖിലാഫത്തു കൊണ്ട് വസ്വിയ്യത് ചെയ്തതെന്നും തന്റെ ശേഷം പന്ത്രണ്ടു ഇമാമുമാരെ ക്രമാനുഗതമായി അവരുടെ പേരു സഹിതം അറിയിച്ചുവെന്നും ശിയാക്കൾ ജൽപിക്കുന്നു.[26]

മക്കയുടെയും മദീനയുടെയും ഇടയിൽ ജുഹ്ഫക്കടുത്ത ഒരു സ്ഥലമാണ് ഖുമ്മ്. അവിടം ഒരു തടാകം ഉണ്ട്. ഗദീർ എന്നാണ് തടാകത്തിനുള്ള അറബി പദം. ഗദീർ ഖുമ്മ് എന്നാൽ ഖുമ്മിലെ തടാകം.

ഹജ്ജത്തുൽ വദാഇൽനിന്ന് മടങ്ങുമ്പോൾ ദുൽഹജ്ജ് പതിനെട്ടിന് ഗദീർ ഖുമ്മിൽ ഇറങ്ങുകയും തിരുനബിﷺ പ്രസംഗിക്കുകയും ചെയതിട്ടുണ്ട്. ഗദീർ ഖുമ്മിൽ വെച്ച് നബിﷺ നടത്തിയ പ്രസംഗം സെയ്ദ് ഇബ്നുഅർക്വമി(റ)ൽ നിന്ന് യസീദ് ഇബ്നു ഹയ്യാൻ(റ) ഉദ്ധരിച്ചത് ഇമാം മുസ്‌ലിം സ്വഹീഹിൽ(2408) ഇ പ്രകാരം നിവേദനം ചെയ്യുന്നു:

"മക്കയുടെയും മദീനയുടെയും ഇടയിലുള്ള ഖുമ്മ് എന്ന് വിളിക്കപ്പെടുന്ന ഒരു തടാകത്തിനടുത്ത് ഒരു ദിനം അല്ലാഹുവിന്റെ ദൂതർﷺ ഞങ്ങളിൽ ഒരു പ്രാസംഗികനായി നിന്നു. അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ട് നബിﷺ സാരോപദേശം നടത്തുകയും ഉൽബോധനമേകുകയും ചെയ്തു.

തുടർന്ന് തിരുമേനിﷺ പറഞ്ഞു: 'ജനങ്ങളേ, അറിയുക. നിശ്ചയം ഞാൻ ഒരു മനുഷ്യൻ മാത്രമാണ്. എന്റെ റബ്ബിന്റെ (മരണ)ദൂതൻ വന്നടുക്കാറായി. അപ്പോൾ ഞാൻ ഉത്തരമേകും (മരണം വരിക്കും). ഞാൻ നിങ്ങളിൽ (ഭാരിച്ച ഉത്തരവാദിത്തമുള്ള) രണ്ടു കാര്യങ്ങൾ വിടുന്നു. അതിൽ ആദ്യത്തേത് അല്ലാഹുവിന്റെ കിതാബ് ആകുന്നു. അതിൽ സന്മാർഗവും പ്രകാശവുമുണ്ട്. നിങ്ങൾ അല്ലാഹുവിന്റെ കിതാബിനെ സ്വീകരിക്കുകയും മുറുകെപ്പിടിക്കുകയും ചെയ്യുക.' അങ്ങനെ നബിﷺ അല്ലാഹു

വിന്റെ കിതാബ് (പഠിക്കുവാനും പഠിപ്പിക്കുവാനും) പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ശേഷം നബിﷺ പറഞ്ഞു: 'എന്റെ കുടുംബത്തെയും (അഹ്‌ലുൽബയ്ത്). എന്റെ കുടുംബത്തിന്റെ വിഷയത്തിൽ നിങ്ങൾ അല്ലാഹുവിനു വഴിപ്പെടണമെന്ന് ഞാൻ നിങ്ങളെ ഉണർത്തുന്നു. എന്റെ കുടുംബത്തിന്റെ വിഷയത്തിൽ അല്ലാഹുവിനു നിങ്ങൾ വഴിപ്പെടണമെന്ന് ഞാൻ നിങ്ങളെ ഉണർത്തുന്നു. എന്റെ കുടുംബത്തിന്റെ വിഷയത്തിൽ അല്ലാഹുവിനു നിങ്ങൾ വഴിപ്പെടണമെന്ന് ഞാൻ നിങ്ങളെ ഉണർത്തുന്നു" (മുസ്‌ലിം).

ഗദീർ ഖുമ്മിൽ വെച്ച് വിശുദ്ധ ക്വുർആനെ അനുധാവനം ചെയ്യുവാനും നബികുടുംബത്തിന്റെ വിഷയത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുവാനുമുള്ള വസ്വിയ്യത്താണ് തിരുമേനിﷺയിൽ നിന്നുണ്ടായത്. അതാണ് ശരിയായ നിവേദനത്തിൽ വന്നതുമാണ്. എന്നാൽ അവിടെവെച്ച് അലിയ്യിؓന് ഖിലാഫത്തു കൊണ്ട് വസ്വിയ്യത് ചെയ്തെന്നും തന്റെ ശേഷം പന്ത്രണ്ടു ഇമാമുമാരെ ക്രമാനുഗതമായി അവരുടെ പേരു സഹിതം അറിയിച്ചുവെന്നും മറ്റും ശിയാക്കൾ ജൽപിക്കുന്നത് സ്ഥിരപ്പെട്ട നിവേദനങ്ങൾ അടിസ്ഥാനമാക്കിയല്ല.

വിശുദ്ധ ക്വുർആൻ മുറുകെ പിടിക്കുവാനും നബികുടുംബത്തെ ആദരിക്കുവാനും അവരോട് അന്യായം കാണിക്കാതിരിക്കുവാനും ഇതിനു മുമ്പും തിരുമേനിﷺയുടെ വസ്വിയ്യത്തുകളുണ്ടായിട്ടുണ്ട്. മാത്രവുമല്ല നബികുടുംബത്തിൽ അലിയ്യും ഇമാമുമാരും മാത്രമല്ല ഉള്ളത്. പ്രവാചക പത്നിമാരും അബ്ബാസ്ؓ, ജഅ്ഫർؓ, അക്വീൽؓ തുടങ്ങിയവരുടെ കുടുംബങ്ങളും നബികുടുംബമാണ്. അവരെയെല്ലാം ആദരിക്കുവാനും അവരോട് അന്യായം കാണിക്കാതിരിക്കുവാനുമാണ് അവിടെ നടന്ന വസ്വിയ്യത്ത്.

**ഇമാം ജഅ്ഫർ സ്വാദിക്വ്**

അലിയ്യ്ؓവിന്റെ പൗത്രന്മാരിൽ പെട്ട മുഹമ്മദുൽ ബാക്വിറിന്റെയും അബൂബകർ അസ്സ്വിദ്ദീക്വിؓന്റെ പൗത്രിമാരിൽ പെട്ട ഉമ്മുഫർവയുടെയും മകനാണ് ഇമാം ജഅ്ഫർസ്വാദിക്വ്. ഹിജ്‌റാബ്ദം എൺപതിലാണ് അദ്ദേഹം ഭൂജാതനായത്.

തങ്ങളുടെ ആറാമത്തെ ഇമാമായാണ് ശിയാക്കൾ ജഅ്ഫർസ്വാദിക്വിനെ എണ്ണുന്നതും അവരോധിക്കുന്നതും. അദ്ദേഹത്തിലേക്കു ചേർത്തുകൊണ്ടാണ് അവർ ജഅ്ഫരിയ്യഃ എന്നു വിളിക്കപ്പെടുന്നതും. യഥാർഥത്തിൽ അലിയ്യ്, ഹസൻ, ഹുസയ്ൻ, സെയ്നുൽ ആബിദീൻ, മുഹമ്മദുൽബാക്വിർ തുടങ്ങിയവർക്ക് ശിയാ ആശയങ്ങളുമായും ആദർശങ്ങളുമായും ബന്ധമില്ലെന്നതു പോലെ ഇമാം ജഅ്ഫർ സ്വാദിക്വിനും അതുമായി യാതൊരു ബന്ധവുമില്ല. എല്ലാം വ്യാജമായി അവരിലേക്ക് ശിയാക്കൾ ചേർക്കുക മാത്രമാണ് ചെയ്യുന്നത്.

തങ്ങളുടെ കണ്ണിലെ കരടും ശാപവിധേയനുമായി ശിയാക്കൾ ഗണിക്കുന്ന അബൂബകർസ്വിദ്ദീക്വിؓന്റെ പൗത്രിയാണ് ജഅ്ഫർ സ്വാദിക്വിന്റെ മാതാവ് എന്ന ചരിത്രം പഠിക്കുന്നവർ, തന്റെ പ്രപിതാവായ അബൂബക്‌റിؓന്റെ വിഷയത്തിൽ അഭിമാനം കൊള്ളുന്ന ജഅ്ഫർ സ്വാദിക്വിന്റെ ചരിത്രം വായിക്കുന്നവർ വൈരുധ്യാധിഷ്ഠിതമായ ശിയാജൽപനമാണ് മനസ്സിലാക്കുക. ഇമാം ദഹബി പറയുന്നു: 'തന്റെ പ്രപിതാവായ അബൂക്‌റിؓനെ റാഫിദികൾ പ്രത്യക്ഷമായോ പരോക്ഷമായോ മോശമായി പരാമർശിക്കുന്നത് ഇമാം ജഅ്ഫർ സ്വാദിക്വ് അറിഞ്ഞാൽ അദ്ദേഹം അവരോട് ദേഷ്യപ്പെടുകയും അവരെ ശപിക്കുകയും ചെയ്യുമായിരുന്നു. അതിൽ സംശയമൊന്നമില്ല.'(27)

സ്വഹാബികളിൽ ചിലരെ നേരിൽ കണ്ട, അഹ്‌ലുസ്സുന്നക്ക് അനിഷേധ്യനും സ്വീകാര്യനുമായ നേതാവായിരുന്നു ഇമാം ജഅ്ഫർ സ്വാദിക്വ്. അദ്ദേഹത്തെ കുറിച്ചുള്ള അഹ്‌ലുസ്സുന്നയുടെ വിലയിരുത്തൽ നോക്കൂ:(28)

ഇമാം ഇബ്നുതയ്മിയ്യഃ പറഞ്ഞു: "ദീനീനിഷ്ഠയും അറിവുമുള്ളവരിൽ ശ്രേഷ്ഠരായിരുന്നു ജഅ്ഫർ സ്വാദിക്വ്.... അംറ് ഇബ്നു അബിൽമിക്വ്ദാം പറഞ്ഞു: ജഅ്ഫർ സ്വാദിക്വിലേക്കു ഞാൻ നോക്കിയാൽ അദ്ദേഹം നബിമാരുടെ സന്താനപരമ്പരയിൽ പെട്ടവനാണെന്ന് എനിക്കു ബോധ്യപ്പെടുമായിരുന്നു."(29)

അഹ്‌ലുൽബയ്തിന്റെ മഹത്ത്വങ്ങളും അവകാശങ്ങളും എന്ന വിഷയത്തിൽ തയ്യാറാക്കിയ പ്രബന്ധത്തിൽ ജഅ്ഫർ സ്വാദിക്വിനെ ഇബ്നുതയ്മിയ്യഃ ഇപ്രകാരം വർണിച്ചു: "ഈ ഉമ്മത്തിലെ പണ്ഡിതന്മാരുടെ ശയ്ഖായിരുന്നു ജഅ്ഫർ സ്വാദിക്വ്." (30)

ഇമാം ദഹബി പറഞ്ഞു: "...ജഅ്ഫർസ്വാദിക്വും പിതാവ് മുഹമ്മദുൽ ബാക്വിറും മദീനയിലെ പണ്ഡിതരിൽ അതിശ്രേഷ്ഠരായിരുന്നു."(31)

ഇമാം ദഹബി വീണ്ടും പറഞ്ഞു: "ഇമാം ശാഫിഈയും യഹ്‌യാ ഇബ്നു മഈനും അദ്ദേഹത്തെ വിശ്വസ്തനെന്നു വിശേഷിപ്പിച്ചു. അബൂഹനീഫഃ പറഞ്ഞു: ജഅ്ഫർ ഇബ്നു മുഹമ്മദിനെക്കാൾ വലിയ പണ്ഡിതനെ ഞാൻ കണ്ടിട്ടില്ല. അബൂ ഹാതിം പറഞ്ഞു: ജഅ്ഫർ ഇബ്നു മുഹമ്മദ് വിശ്വസ്തനാണ്. അദ്ദേഹത്തെ പോലുള്ളവരുടെ(വിശ്വാസ്യതയെ) കുറിച്ചു ചോദിക്കപ്പെടാവതല്ല."(32) **(തുടരും)**

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# മദം പൊട്ടുന്നവരും മതം പൊളിക്കുന്നവരും

ഏതാനും പെൺകുട്ടികൾ തെരുവിൽ താളത്തിനൊത്ത് തട്ടമിട്ട് തുള്ളിയാൽ തെറിച്ച് പോകുന്നതല്ല ഇസ്‌ലാമിന്റെ അനുശാസനകളെന്ന് തിരിയാത്തവർ അധികം ഉണ്ടാകാനിടയില്ല. ഉറക്കം നടിക്കുന്നവർ ഉറക്കെ പറയുന്ന കാര്യങ്ങൾക്ക് ചെവിയോർത്ത് സമയം കളയാൻ തൽക്കാലം മാന്യന്മാർ മിനക്കെടുകയില്ല. മലപ്പുറത്തിന്റെ മലമുകളിൽ ജിമിക്കി കമ്മലും ബ്രാൻഡി കുപ്പിയും പാടിയ പെൺകുട്ടികളും അവരെ താങ്ങാനും തല്ലാനും വന്ന ആങ്ങളമാരുമാണ് പോയ വാരം മാധ്യമങ്ങളിൽ നിറഞ്ഞുനിന്നത്.

വ്യക്തി സ്വാതന്ത്ര്യവും അതിന്റെ വിശാല വ്യാഖ്യാനങ്ങളും നമ്മുടെ നാട്ടിൽ പലകുറി ചർച്ചക്ക് വിധേയമായിട്ടുള്ളതാണ്. സ്വാതന്ത്ര്യമെന്നത് സ്വന്തം കാര്യം വരുമ്പോൾ മാത്രം പുറത്തെടുക്കുവാനുള്ളതാണെന്ന് ഇക്കണ്ട ഇങ്കുലാബുകാർ തന്നെ പലവട്ടം പ്രയോഗിച്ച് തെളിയിച്ചിട്ടുമുണ്ട്.

ഒരു പെൺകുട്ടി വൈക്കത്ത് മാസങ്ങളോളം വീട്ടുതടങ്കലിൽ കഴിഞ്ഞ സമയത്ത് ഈ മുദ്രാവാക്യത്തൊഴിലാളികളൊക്കെ ഏത് മടയിലാണാവോ മൗനം ജപിച്ചിരുന്നത്? ഇഷ്ടപ്പെട്ട മതത്തിൽ വിശ്വസിക്കുവാനും വിവാഹം ചെയ്ത പുരുഷന്റെ കൂടെ ജീവിക്കുവാനും അതിയായി അഭിലഷിച്ച ആ ഡോക്ടർ പെൺകുട്ടിക്കു വേണ്ടി കണ്ണീരൊഴുക്കുവാനും ഫ്ളാഷ് മോബ് നടത്തുവാനുമൊന്നും സ്വാതന്ത്ര്യവാദികളെ കണ്ടിരുന്നില്ലല്ലോ!

മലപ്പുറത്തേക്ക് മടങ്ങിവരാം. തട്ടം മാത്രമല്ല തുണിതന്നെ ഉരിഞ്ഞും പല പല പൊറാട്ടുനാടകങ്ങൾ ഇവിടത്തുകാർ ഇന്നും ഇന്നലെയും കാണാൻ തുടങ്ങിയതല്ല. ആരെങ്കിലും അങ്ങാടിയിൽ വന്ന് നിരന്നുനിന്ന് നൃത്തം ചവിട്ടിയാൽ ഇക്കിളിപ്പെട്ട് ഇളകിപ്പോകാനുള്ള ഈമാനല്ല മാപ്പിളമാർക്കുള്ളതെന്ന് മലപ്പുറത്തിന്റെ മനസ്സ് വായിച്ചവർക്കറിയാം. ഈ പെൺകുട്ടികൾ നടത്തിയതിനെക്കാൾ വലിയ പേക്കൂത്തുകൾ കല്യാണ വീടുകളിലും മറ്റു പല വേദികളിലും ഗംഭീരമായി അരങ്ങേറുന്നുണ്ട് എന്നതും പുതിയ കാര്യമല്ല.

വ്യക്തിസ്വാതന്ത്ര്യം മൊത്തമായും ചില്ലറയായും വിതരണം ചെയ്യുന്നവരോട് ഒരുവാക്ക്; ഈ പെൺകുട്ടികൾക്ക് മാത്രമല്ല അവരുടെ പിന്നാലെ കൂടുന്ന ഓൺലൈൻ ആങ്ങളമാർക്കും ഇപ്പറയുന്ന സ്വാതന്ത്ര്യം നിങ്ങൾ ദയവായി വകവെച്ചു കൊടുക്കണം. തട്ടമിട്ട കുട്ടികൾ 'തോന്ന്യാസം' കാണിച്ചതിനാൽ ആകാശം അടർന്നുവീഴുമെന്നു കണ്ട് ഓടിവന്ന തട്ടമിട്ട ചിലർ ഉപദേശികളും സാരോപദേശവുമായി ഗോദയിൽ സജീവമായിരുന്നു.

വീണ്ടും വീണ്ടും വികാരം വ്യണപ്പെടാനും വിവേകരഹിതമായി വിഷം വമിക്കാനും ഉപയോഗിക്കാനുള്ള ഒന്നാണോ വിശ്വാസമെന്ന വിലപ്പെട്ട സത്യം? വിവരമില്ലാത്തവർ വേലിചാടുന്നത് കാണുമ്പോൾ വിവേകപൂർണമായി ഉപദേശിക്കുന്നിന് പകരം വിലകുറഞ്ഞ വിമർശനങ്ങൾ നടത്തി, വിപരീത ഫലം ഉണ്ടാക്കുന്ന വർത്തമാനങ്ങളുമായി കടന്നുവരാൻ ആരാണ് നിങ്ങൾക്ക് ഇസ്‌ലാമിനെ തീറെഴുതിത്തന്നത് എന്നാണ് മുഴുവൻ വികാരജീവികളോടും ചോദിക്കുവാനുള്ളത്.

പുരപ്പുറത്തു കയറി ഇസ്‌ലാമിനെതിരെ ഓരിയിടുന്നത് കാണുമ്പോൾ കാടടക്കി വെടിവെക്കാതെ പക്വതയോടെ പെരുമാറുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. കാത് പൊട്ടിപ്പോകുന്ന ആക്രോശങ്ങളും സഭ്യത തെല്ലുമില്ലാത്ത ആരോപണങ്ങളുമായി പ്രവാചകന്റെ മുന്നിൽ നിറഞ്ഞാടിയ ശത്രുക്കളുടെ മുന്നിലൂടെ സുസ്മേരവദനനായി അവിടുന്ന് കടന്നുപോയ ചരിത്രമാണ് വിശ്വാസികൾക്ക് വെളിച്ചമാകേണ്ടത്.

വാക്കിലും നോക്കിലും മാത്രമല്ല വിചാര വികാരങ്ങളിലും വ്യവഹാരങ്ങളിലും കൃത്യമായ അധ്യാപനങ്ങൾ അനുധാവനം ചെയ്യേണ്ടവരാണ് നമ്മൾ. പരിശുദ്ധ ക്വുർആനിലെ 41:34 വചനം പ്രസക്തമാകുന്നത് ഇവിടെയാണ്:

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു" (ക്വുർആൻ 41:34).




## സച്ചരിത സമൂഹം; ആദർശവും പ്രയോഗവും

WISDOM
GLOBAL ISLAMIC MISSION

# ISM ഹദീഥ്
# സെമിനാർ

**ഒക്ടോബർ–ഡിസംബർ** (ജില്ലാ കേന്ദ്രങ്ങളിൽ)

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 16 Dec 2017

Reg NO: KL/CT/225/2016-18
Price: ₹10/-

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840